2014
സെപ്റ്റംബർ 25
വാല്യം 07
ലക്കം 18

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL
RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA 225/2012 - 14 Annual Subscription Rs.150/- Pages:12

## പെന്തെക്കോസ്ത് ബിനാമി മുതലാളിത്തത്തിന്റെ പാതയിൽ

**കോട്ടയം:** ഭാരതത്തിലെ പെന്തെക്കോസ്ത് ഇപ്പോൾ ബിനാമി മുതലാളിത്തത്തിന്റെ പിടിയിൽ അമർന്നിരിക്കുകയാണ്. ഒരുകാലത്ത് ലാളിത്യത്തിന്റെ മുഖമുദ്രയായിരുന്ന പെന്തെക്കോസ്ത് ഇന്ന് കോർപ്പറേറ്റ്വത്ക്കരണത്തിന്റെ പാതയിലാണ്. സുവിശേഷത്തിന്റെ പണം ഉപയോഗിച്ച് കെട്ടിപ്പൊക്കിയ സ്ഥാപനങ്ങൾ പലതും ട്രസ്റ്റുകളും കമ്പനികളും സ്വകാര്യസ്വത്തുകളുമായപ്പോൾ ഓരോരുത്തരുടെയും മൊത്തം ആസ്തി കോടിയിൽ കവിഞ്ഞതിൽ അത്ഭുതപ്പെടാനില്ല. സുവിശേഷത്തിന്റെ ഔദ്യോഗിക വക്താക്കളായി ചമയുന്ന പലരുടെയും കൈവശമിരിക്കുന്ന ഭൂമിയും കെട്ടിടങ്ങളും മാത്രം കണക്കാക്കിയാൽ മൊത്തം ആസ്തി പതിന്മടങ്ങുവരും. സഭയുടെ ആസ്തിയുടെ ഇരട്ടിയാണ് നേതാക്കന്മാരുടെയും മറ്റും ആസ്തി. ഇന്ന് കേരളത്തിലെ പെന്തെക്കോസ്തിന് ഒരു കോർപ്പറേറ്റ് സാമ്രാജ്യത്തിന്റെ മുഖമാണുള്ളത്.

മാറ്റിയുടുക്കാൻ വസ്ത്രമില്ലാതിരുന്ന പൂർവ്വസൂരികളുടെ പ്രസ്ഥാനം അധികാരത്തിലൂടെ പണം സമ്പാദിച്ചാണ് ഇന്നൊരു മുതലാളിത്ത സംവിധാനമായി വികസിച്ചിരിക്കുന്നത്. ഭാരതത്തിലെ സഭയുടെ സമ്പത്തിന്റെ ബഹുഭൂരിപക്ഷവും ലീഡർഷിപ്പിന്റെ സ്വകാര്യ സ്വത്താണ്. ഭക്തിവ്യവസായത്തിന്റെ മറവിൽ പലരും കോടീശ്വരന്മാരായി വളരുകയാണ്. അതൊരു ബിനാമി മുതലാളിത്തത്തിന്റെ രൂപപ്പെടലാണ്. സഭകളുടെ പൊതുഫണ്ട് വ്യക്തികളുടെ പേരിലും ട്രസ്റ്റുകളിലും നിക്ഷേപിക്കുമ്പോൾ അത് സഭകളുടെ കൈയിൽ നിന്നും നഷ്ടപ്പെടുവാനുള്ള സാധ്യത വളരെ കൂടുതലാണ്. ഒരിക്കലും ഒരു ഉത്പാദനവും നടത്താത്തവർ എങ്ങനെ സമ്പന്നനായി? ആരെ ചൂഷണം ചെയ്തതാണ് ഇവരുടെ സമ്പത്ത്?



കേരളത്തിൽ പലർക്കും ബിനാമി ബിസിനസ്സ് സംരംഭങ്ങളാണുള്ളത്. പെട്രോൾ പമ്പ്, സൂപ്പർ മാർക്കറ്റ്, ഫ്ളാറ്റ്, പാറമട, പ്ലാന്റേഷൻ, ഏലത്തോട്ടം, ടൂറിസ്റ്റ് വാഹനങ്ങൾ, റിസോർട്ടുകൾ, അന്യസംസ്ഥാനങ്ങളിലെ ഭൂമി തുടങ്ങിയ സംരംഭങ്ങൾ ബിനാമികളെ വെച്ച് ചെയ്യുന്നവരുണ്ട്. മണിചെയിൻ, ബ്ലേയ്ഡ്, റിയൽ എസ്റ്റേറ്റ്, ഇൻഷുറൻസ് തുടങ്ങിയവയെല്ലാം നടത്തുന്നവരുമുണ്ട്. കേരളത്തിലെ പല രാഷ്ട്രീയ നേ

09

## ഭരണഘടനാ ഭേദഗതി സമഗ്രമാകണം




സഭ ചരിത്രത്തോടൊപ്പം വികസിക്കുകയും മാറിവരുന്ന കാലത്തോട് സസൂക്ഷ്മം സംവദിക്കുകയും ചെയ്യുന്ന സമൂഹമാണ്. പുതിയ കാലത്തെ ചിന്തകൾ, മാറ്റങ്ങൾ, വെല്ലുവിളികൾ, വ്യവഹാരങ്ങൾ ഇവയോട് സക്രീയമായി പ്രതികരിക്കണം. ഇതിനാവശ്യം സുശക്തമായ ഭരണഘടനയാണ്. ആധുനിക സഭയെ നയിക്കാൻ കാലോചിതമായ പരിഷ്കരണവും സഭയുടെ ആഭ്യന്തര നവീകരണവും സംഘടനാപരവും അഴിച്ചുപണിയും ആഴത്തിലുള്ള തെറ്റുതിരുത്തലും സ്വയം വിമർശനവും ആവശ്യമാണ്.

ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയിൽ ഭരണഘടനാ ഭേദഗതിക്കുള്ള കരട് പ്രസിദ്ധീകരിച്ച് കഴിഞ്ഞു. ഇതിനെ അധീകരിച്ചുകൊണ്ടുള്ള ചർച്ചകളും സംവാദങ്ങളും തുടങ്ങിക്കഴിഞ്ഞു. വളരെ ഉചിതമായ തീരുമാനങ്ങൾ സഭ എടുത്തിരിക്കുന്നത്. ഒരു മഹാപ്രസ്ഥാനത്തിന്റെ സംഘടനാപരവും ദൈവശാസ്ത്രപരവുമായ ചട്ടക്കൂടിനെ ഉറപ്പിക്കാൻ ഇത് ആവശ്യമാണ്. പോളിസി പരിഷ്കരണത്തിന് നേതൃത്വം തയ്യാറെടുക്കുമ്പോൾ മനസ്സിൽ സൂക്ഷിക്കേണ്ട ചില ഗൗരവപരമായ കാര്യങ്ങളുണ്ട്. ബൈബിളിന്റെ വേദശാസ്ത്രപരവും നൈതീകവുമായ നിയമങ്ങൾ, നീതിബോധത്തെക്കുറിച്ചുള്ള സമൂഹത്തിന്റെ പൊതുസങ്കല്പങ്ങൾ, സൊസൈറ്റി നിയമങ്ങൾ, രാജ്യത്തിന്റെ സിവിൽ നിയമങ്ങൾ ഇവയൊക്കെ കണക്കിലെടുത്തുകൊണ്ടുവേണം നിയമനിർമ്മാണം നടത്താൻ. രഹസ്യമായ അജണ്ടകളും സങ്കുചിതമായ താല്പര്യങ്ങളും നടപ്പിലാക്കുന്നതിനുവേണ്ടി ലാഘവത്തോടെ ധൃതിപിടിച്ച് നയരൂപീകരണം നടത്തരുത്.

04

## ഐ.പി.സി. ഫാമിലി കോൺഫറൻസിന് പുതിയ നേതൃത്വം


അലക്സ് വെട്ടിക്കൽ


ജോയി തുമ്പമൺ


ശമുവേൽ യോഹന്നാൻ


വെസ്ലി ആലുംമൂട്ടിൽ


സോഫി വർഗീസ്

രാജു തരകൻ, മീഡിയാ കോർഡിനേറ്റർ

**ഡാളസ്:** അമേരിക്കയിലെ ഐ.പി.സി. സഭകളുടെ ദേശീയ സംഗമമായ 13-ാം മത് ഫാമിലി കോൺഫറൻസിന്റെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പാസ്റ്റർ അലക്സ് വെട്ടിക്കൽ (നാഷണൽ കൺവീനർ), ബ്രദർ ജോയി തുമ്പമൺ (നാഷണൽ സെക്രട്ടറി), ബ്രദർ ശാമുവേൽ യോഹന്നാൻ (നാഷണൽ ട്രഷറാർ), ബ്രദർ വെസ്ലി ആലുംമൂട്ടിൽ (നാഷണൽ യൂത്ത് കോ-ഓർഡിനേറ്റർ), സിസ്റ്റർ സോഫി വർഗീസ് (നാഷണൽ ലേഡീസ് കോ-ഓർഡിനേറ്റർ) എന്നിവരടങ്ങുന്ന 24 അംഗ കമ്മറ്റിയാണ് 2015 ജൂലൈ 23 മുതൽ 26 വരെ ഒക്കലഹോമയിൽ നടക്കുന്ന ഫാമിലി കോൺഫറൻസിന് നേതൃത്വം വഹിക്കുന്നത്. ഹൂസ്റ്റൺ പട്ടണത്തിൽ നടന്ന പന്ത്രണ്ടാമത് കോൺഫറൻസിന്റെ ജനറൽ ബോഡിയാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. തുടർന്നു നടന്ന പുതിയ ഭാരവാഹികളുടെ പ്രഥമ മീറ്റിംഗിൽ കോൺഫറൻസിന്റെ അനുഗ്രഹത്തിനും വിജയത്തിനും പ്രതിദിന പ്രാർത്ഥനയ്ക്കും നേതൃത്വം കൊടുക്കുന്നതിന് പാസ്റ്റർ ജോയി വർഗീസ് (ഒഹായോ), മീഡിയാ കോ-ഓർഡിനേറ്ററായി ബ്രദർ രാജു തരകനെയും തെരഞ്ഞെടുത്തു.

കൺവീനറായി പ്രവർത്തിക്കുന്ന പാസ്റ്റർ അലക്സ് വെട്ടിക്കൽ വിവിധ കോൺഫറൻസുകളുടെ നേതൃത്വനിരകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സഭാപ്രവർത്തനങ്ങൾക്കൊപ്പം പശ്ചിമബംഗാളിൽ പ്രേഷിത പ്രവർത്തനങ്ങളുടെ ചുമതലയും നിർവ്വഹിക്കുന്നു. സെക്രട്ടറിയായി തെരഞ്ഞെടുത്ത ജോയി തുമ്പമൺ മികച്ച സംഘാടകനും എഴുത്തുകാരനും മിഡ്വെസ്റ്റ് റീജിയൻ ട്രഷറായും പ്രവർത്തിക്കുന്നു. ട്രഷറർ ശാമുവേൽ യോഹന്നാൻ വിവിധ ആത്മീയ സംഗമങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുണ്ട്. യൂത്ത് കോ-ഓർഡിനേറ്റർ ഫിന്നി ആലുംമൂട്ടിൽ യുവജന

05

## ഏ. ജി. ഫാമിലി കോൺഫറൻസ് ചിക്കാഗോയിൽ

സാബു മത്തായി



**ചിക്കാഗോ:** അമേരിക്കയിലെ അസംബ്ലീസ് ഓഫ് ഗോഡ് സഭകളുടെ ദേശീയ സംഗമമായ എ.ജി.ഐ.എഫ്.എൻ.എ യുടെ 19 ാമത് ഫാമിലി കോൺഫറൻസ് അടുത്ത വർഷം ചിക്കാഗോയിൽ ജൂലൈ 16 മുതൽ 19 വരെ നടക്കും. കോൺഫറൻസിന്റെ വിപുലമായ പ്രവർത്തനങ്ങൾക്ക് 26 അംഗങ്ങളുള്ള നാഷണൽ കമ്മറ്റി തുടക്കം കുറിച്ചു. ഒക്കലഹോമയിൽ നടന്ന 18-ാമത് നാഷണൽ കോൺഫറൻസിൽ വച്ചാണ് പുതിയ നാഷണൽ കമ്മറ്റി ഭാരവാഹിത്വം ഏറ്റെടുത്തത്.

കമ്മറ്റിയുടെ പ്രാഥമിക മീറ്റിംഗ് നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺന്റെ അദ്ധ്യക്ഷതയിൽ കൂടി. പാസ്റ്റർ കുര്യൻ സാമുവേൽ (ജോ. കൺവീനർ), ഫിലിപ്പ് ദാനിയേൽ (സെക്രട്ടറി), ജോർജ് മത്തായി (ജോ. സെക്രട്ടറി), സാബു യോഹന്നാൻ (ട്രഷറാർ), ആശിഷ് ജേക്കബ് (യൂത്ത് കോർഡിനേറ്റർ) എന്നിവരടങ്ങുന്ന പരിചയസമ്പന്നായ

04

## സാക്ഷി



ഐ.പി.സി ഭരണഘടന പരിഷ്കരിക്കുന്നു.

*മറ്റുള്ളവർക്ക് ഭരണഘടന ഉണ്ടോ എന്തോ?*

## റവ. കെൻ ആൻഡേഴ്സൺ ഏഷ്യൻ സൂപ്രണ്ട്



**ഒർലാൻഡോ:** ചർച്ച് ഓഫ് ഗോഡിന്റെ ഏഷ്യൻ സൂപ്രണ്ടായി റവ. ബിഷപ്പ് കെൻ ആന്റേഴ്സനെ നിയമിച്ചു. ഒർലാൻഡോയിൽ നടന്ന ചർച്ച് ഓഫ് ഗോഡ് ജനറൽ അസംബ്ലിയിലായിരുന്നു ഈ തീരുമാനം. കഴിഞ്ഞ ആറുവർഷമായി ഏഷ്യാ-പസഫിക് ഫീൽഡ് ഡയറക്ടറായി പ്രവർത്തിച്ചുവരികയായിരുന്നു അദ്ദേഹം. തോമസ് സ്വാൻ, എൽ. ആർ. കാരി, റോബർട്ട് സെയ്ദ എന്നിവർക്കു ശേഷം ഏഷ്യൻ സൂപ്രണ്ട് പദവി നിലവില്ലായിരുന്നു. ഇതിനുപകരം ഫീൽഡ് ഡയറക്ടർ എന്ന തസ്തികയായിരുന്നു ഉണ്ടായിരുന്നത്. ഇടവേളയ്ക്ക് ശേഷം ഏഷ്യൻ സൂപ്രണ്ട് പദവി വീണ്ടും തിരിച്ചുവന്നിരിക്കുകയാണ്. ഭാരതസഭകൾക്ക് പുതിയ ദിശാബോധം നൽകുന്ന മിഷൻ പ്രൊജക്ടുകളും പോളിസി പരിഷ്കരണവും സംഘടനാ സംവിധാനത്തിന്റെ അഴിച്ചുപണിയും നമുക്ക് പ്രതീക്ഷിക്കാം.

## റവ. പി. ജെ. ജെയിംസ് ഓവർസിയറായി തുടരും



**ക്ലീവ്ലാന്റ്:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ കേരളാ സ്റ്റേറ്റ് ഓവർസിയറായി റവ. പി. ജെ. ജെയിംസ് തുടരും. അമേരിക്കയിലെ ഒർലാന്റോയിൽ നടന്ന ദൈവസഭയുടെ 75-ാമത് രാജ്യാന്തര ജനറൽ അസംബ്ലിയിലാണ് 2014 - 2016 വർഷങ്ങളിലേക്ക് കാലാവധി നീട്ടിക്കൊടുത്തത്.

ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയൻ ഓവർസിയർ റവ. ജോസഫ് മാത്യു, ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ ഓവർസിയർ റവ. ജോസഫ് റ്റി. സാം എന്നിവർക്കും ഒരു ടേം കൂടി (2014-2016) കാലാവധി നീട്ടി.

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in


**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# എഡിറ്റോറിയൽ

# ഐ.പി.സിയും ഭരണഘടനാ പരിഷ്കരണവും

ഇൻഡ്യയിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് പ്രസ്ഥാനമാണല്ലോ ഐ.പി.സി. 9 പതിറ്റാണ്ടുകളുടെ ചരിത്രമാണ് ഐ.പി.സിയുടേത്. മലങ്കരയിൽ മാറ്റത്തിനു തിരികൊളുത്തിയ പ്രസ്ഥാനമാണ് ഐ.പി.സി. ഇൻഡ്യൻ സ്വാതന്ത്ര്യ സമരം ജ്വലിച്ചു നിൽക്കുന്ന ഘട്ടത്തിൽ വിദേശ മേൽക്കോയ്മയെ ഉപേക്ഷിക്കുകയും തദ്ദേശിയരിലൂടെ സഭക്കു വളരുവാൻ കഴിയുമെന്ന് ഉറച്ചു വിശ്വസിക്കുകയും ചെയ്തവരാണ് ഐ.പി.സിയുടെ ക്രാന്തദർശികളായ പിതാക്കന്മാർ. പ്രാദേശിക സഭയുടെ സ്വാതന്ത്ര്യത്തിന് പ്രാധാന്യം നൽകിയത് പ്രസ്ഥാനത്തിന്റെ വളർച്ചക്ക് ആക്കം കൂട്ടി. അന്നത്തെ സാഹചര്യത്തിനു മാത്രമല്ല ഭാവികാലം കണ്ടു കൂടി എഴുതി തയ്യാറാക്കിയതാണ് ഐ.പി.സിയുടെ ഭരണഘടന. കാലഘട്ടത്തിനനുസൃതമായി പഴുതുകൾ അടച്ചും ആവശ്യമായവ കൂട്ടിച്ചേർത്തും ഭരണഘടന പുതുക്കേണ്ടതാവശ്യം തന്നെയാണ്. അതിനുള്ള ശ്രമങ്ങൾ ശ്ലാഘനീയം തന്നെ. നിർഭാഗ്യകരം എന്നു പറയട്ടെ പതിവു പോലെ വിവാദവും തലപൊക്കിയിരിക്കുന്നു. ഭരണഘടന പുതുക്കേണ്ടതിനു പകരം ആദ്യം മുതൽ അവസാനം വരെയും മാറ്റി മറിക്കുന്ന തരത്തിലാണ് പുതിയ നിർദ്ദേശ പത്രികയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഒട്ടനവധി സംശയങ്ങളും ആശങ്കകളും ഉയർന്നിരിക്കുന്നു. നിയമാനുസൃതമായ മാർഗ്ഗങ്ങൾ എല്ലാം ഇതിനായി സ്വീകരിക്കേണ്ടതിനു പകരം ധൃതി പിടിച്ച് ഭരണഘടനാ മാറ്റം നടപ്പിലാക്കാൻ ശ്രമിക്കുന്നത് നിയമ നടപടികളിലേക്കും മറ്റ് നൂലാമാലകളിലേക്കും നയിക്കും എന്നത് മറക്കാതിരിക്കുക. എല്ലാ റീജിയണുകളുടെയും അഭിപ്രായം ആരാഞ്ഞ് നിർദ്ദേശങ്ങൾ സ്വീകരിക്കണം. ധൃതി പിടിച്ച് മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുന്നത് ചില വ്യക്തികളെയും വിദേശമലയാളികളെയും ഒഴിവാക്കാനാണെന്ന ചിന്ത ശക്തമായിരിക്കുന്നു. സംശയ നിവാരണം വരുത്തേണ്ട ചുമതല ഉത്തരവാദിത്വപ്പെട്ടവർക്കുണ്ട്. പ്രസ്ഥാനത്തെയും ദൈവീക വേലയെയും സ്നേഹിക്കുന്നവരാണ് വിദേശ മലയാളികൾ. ചോര നീരാക്കി അധ്വാനിക്കുന്നതിൽ നിന്നുമാണവർ പ്രസ്ഥാനത്തിന്റെ വളർച്ചക്കായി പണം നൽകുന്നത്. വെറും കറവമാടുകളായി മാത്രം വിദേശ മലയാളിവിശ്വാസികളെ കാണരുത്. ഭരണതലത്തിൽ അവരെ ഉൾപ്പെടുത്തുകയാണ് പ്രസ്ഥാനത്തിന് നല്ലത്. ഭരണഘടനാ മാറ്റം പ്രസ്ഥാനത്തിന്റെ നന്മയ്ക്കായി ലക്ഷ്യമിട്ടുള്ളതാകണം. ചിലരെ ഒഴിവാക്കുവാനും ചിലർക്കു ഭരണം കൈക്കലാക്കാനുമുള്ളതാകരുത്.

ട്രസ്റ്റുകളുടെയും കമ്പനികളുടെയും ചുമതലക്കാരെ എക്സിക്യൂട്ടീവിൽ നിന്നൊഴിവാക്കാനുള്ള നിർദ്ദേശം നല്ലതാണ്. എന്നാൽ ജനത്തെ വിഡ്ഢികളാക്കുന്ന തന്ത്രം മാത്രമാണത്. ആടിനെ പട്ടിയാക്കുന്ന തന്ത്രം. ട്രസ്റ്റും കമ്പനിയും നടത്തുന്നവർ രാജിവെച്ചിട്ട് അത് ഏൽപ്പിക്കുന്നതാരെയാണ് എന്നതും പ്രസക്തം. പകരം ഭാര്യയെയോ മക്കളെയോ മരുമക്കളെയോ ചുമതലയേൽപ്പിക്കുന്നതു കൊണ്ട് പ്രസ്ഥാനത്തിനു എന്തു ഗുണമാണുണ്ടാവുക. 'ശങ്കരൻ പിന്നെയും തെങ്ങിൽ' എന്നു പറഞ്ഞതു പോലെ മാത്രമേ അതു ഫലം ചെയ്കയുള്ളു.

ഇവിടെ വേണ്ടത് ദീർഘദർശനത്തോടെയൊരു മാറ്റമാണ്. തലമുറകളെ ഓർത്തുള്ള മാറ്റമാണാവശ്യം. തെരഞ്ഞെടുപ്പിലും മറ്റും വ്യാപിക്കുന്ന രാഷ്ട്രീയവും വോട്ടുപിടുത്തവും കാലുവാരലും ഒക്കെ ഒഴിവാക്കുവാൻ കഴിയുന്നതരത്തിലുള്ള ഭരണഘടനാ മാറ്റം ആവശ്യമായിരിക്കുന്നു. പരസ്പരം പഴിചാരുകയല്ല സമന്വയത്തിന്റെ പാതയാണ് നമുക്കാവശ്യം. ഒത്തൊരുമയോടെ പ്രസ്ഥാനത്തിന്റെ ശുഭ ഭാവിക്കായുള്ള മാറ്റം. ഭരണഘടനാ മാറ്റവുമായി ബന്ധപ്പെട്ടുണ്ടായ വിവാദങ്ങൾ അവസാനിപ്പിച്ച് സുതാര്യതയോടെയും നിയമാനുസൃതമായും പ്രവർത്തിക്കുക അതാണ് ഇന്നിന്റെ ആവശ്യം.



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

യാത്രാവിവരണം

# ഒബാമയുടെ നാട്ടിലൂടെ...

**പാസ്റ്റർ സാംകുട്ടി മാത്യു**

അറ്റ്ലാന്റയിലെ താമസകാലത്ത് അനേക സ്ഥലങ്ങൾ കാണുവാനുള്ള അവസരം ലഭിച്ചു ഒപ്പം ഇവിടെയുള്ള സഭകളിൽ ശുശ്രൂഷിക്കുവാനും അവസരം ലഭിച്ചു. അറ്റ്ലാന്റ ക്രിസ്ത്യൻ അസംബ്ലി അറ്റ്ലാന്റ ഐ.പി.സി, അറ്റ്ലാന്റയിലെ ഏ.ജി ചർച്ച്, പാസ്റ്റർ തോമസ് മാത്യു ശുശ്രൂഷകനായിരിക്കുന്ന ചർച്ച് ഓഫ് ഗോഡ് സഭ, കാൽവറി ചർച്ച്, അറ്റ്ലാന്റ ചർച്ച് ഓഫ് ഗോഡ് എന്നിവിടങ്ങളിലെല്ലാം ശുശ്രൂഷിക്കുവാൻ അവസരം ലഭിച്ചു. പാസ്റ്റർ വിജി ചാക്കോയുമായി ലഭിച്ച കൂട്ടായ്മ വളരെ ഹൃദ്യമായ അനുഭവം ആയിരുന്നു.

ബിലീവേഴ്സ് ജേണൽ ചെയർമാൻ രാജൻ ആര്യപ്പള്ളിലും (രാജുച്ചായൻ) ഒത്ത് ഡിട്രോയിറ്റിലേക്കും ഹൂസ്റ്റണിലേക്കും കോൺഫറൻസുകൾക്കായി പോയത് മറക്കാനാവാത്ത അനുഭവമായി. റോഡ് മാർഗ്ഗമുള്ള ദീർഘദൂരയാത്ര! മനോഹരമായ റോഡുകൾ! ചീറിപ്പായുന്ന വാഹനങ്ങൾ! പ്രകൃതി രമണീയമായ സ്ഥലങ്ങൾ! ഡിട്രോയിറ്റിലേക്കുള്ള യാത്രയിൽ ചിക്കാഗോയിൽ ഡോണച്ചയാന്റെ (പാസ്റ്റർ ഡോൺ കുരുവിള) ഭവനത്തിൽ എത്തി വിശ്രമിച്ചനന്തരം പിറ്റേ ദിവസമാണ് പിസിനാക്ക് കോൺഫറൻസിനായി പോയത്. പിസിനാക്ക് കോൺഫറൻസിൽ നാട്ടിൽ നിന്നെത്തിയ മാധ്യമ സുഹൃത്തുക്കളെയും പാസ്റ്റർമാരെയും കണ്ടു. റവ: എം. കുഞ്ഞപ്പി, റവ: പി.ജെ ജയിംസ് തുടങ്ങിയവരെയും കണ്ടു. പെന്തെക്കോസ്തുകാരുടെ പൊതുകൂട്ടായ്മയായ പിസിനാക്കിൽ സംബന്ധിക്കാൻ കഴിഞ്ഞത് സന്തോഷകരമായ അനുഭവമായിരുന്നു. എന്നാൽ ഹൂസ്റ്റണിലെ ഐ.പി.സി കോൺഫറൻസ് പിസിനാക്കിനേക്കാൾ കുറച്ചുകൂടി മെച്ചമായിരുന്നുവെന്ന് പറയാതെ വയ്യ. വ്യത്യസ്തമായിരുന്നുവെന്ന് പറയാതെ വയ്യ. ജനപങ്കാളിത്വം കൊണ്ടും പ്രോഗ്രാമുകൾ കൊണ്ടും മികച്ചതായിരുന്നു ഐ.പി.സി കോൺഫറൻസ്. പാസ്റ്റർ റ്റി.ഡി ബാബുവിന്റെ പ്രസംഗം മികച്ചതായിരുന്നു. മിക്കവാറും സംഘാടകരും ലീഡേഴ്സും പ്രസംഗകരും പങ്കാളികളുമെല്ലാം പരിചിതർ. അതിനാൽ തന്നെ അന്യസ്ഥലത്താണെന്ന തോന്നൽ ഉണ്ടായില്ല. ക്രൈസ്തവ ചിന്തയുടെ എഡിറ്റർ ശ്രീ കെ.എൻ റസ്സലിനോടൊപ്പം ഒരു മുറിയിൽ ആയിരുന്നു ഹോട്ടലിൽ താമസിച്ചത്. അതു കൊണ്ടു തന്നെ ഒട്ടും ബോറടിക്കാതെ സമയം കളയാനായി. സംഭാഷണ പ്രീയനായ ശ്രീ റസ്സലിന്റെ സംസാരം കേട്ടിരിക്കാൻ രസമാണ്.



ലേഖകൻ അറ്റ്ലാന്റയിലെ ഒളിപിംക്സ് പാർക്കിൽ

അറ്റ്ലാന്റയിൽ നിന്നും ഡാളസിലേക്കു യാത്ര തിരിക്കുമ്പോൾ ശരിക്കും സങ്കടം തന്നെയായിരുന്നു. എന്റെ ഭാര്യാ സഹോദരൻ ബെഞ്ചിച്ചായനോടും സഹധർമ്മിണി ലിസിമാമ്മയോടും മക്കളായ റ്റോജിയോടും ബോജിയോടും ഒത്ത് 2 മാസത്തോളം ചെലവഴിക്കുവാൻ കഴിഞ്ഞത് വളരെ സന്തോഷമായിരുന്നു. അറ്റ്ലാന്റയിൽ ദൈവം ധാരാളം സ്നേഹിതരെയും തന്നു എന്നു പറയാതെ വയ്യ. ബിലീവേഴ്സ് ജേണലിനെ പിന്തുണയ്ക്കുന്ന ധാരാളം ആളുകൾ അറ്റ്ലാന്റയിലുണ്ട്. എല്ലാവരും നൽകിയ പിന്തുണയ്ക്കായി നന്ദി.

ഡാളസിലേക്കുള്ള യാത്ര ബസിലായിരുന്നു. 20 മണിക്കൂർ നീണ്ട യാത്ര. ബസിൽ യാത്ര ചെയ്ത ചില സ്നേഹിതരുടെ ഉപദേശമാണ് ബസ് യാത്രയ്ക്കായി എനിക്ക് പ്രേരണയായത്, ഒപ്പം കുറഞ്ഞയാത്രക്കൂലിയും രാത്രി 11 ന് തിരിച്ച് രാവിലെ മെംഫിസ് എന്ന സ്ഥലത്ത് ആ ബസ്സ് യാത്ര അവസാനിപ്പിച്ചു. റോഡരികിൽ യാത്രക്കാരെ ഇറക്കി വിട്ടിട്ട് അവർ പോയി. പിന്നെ 10 മണി വരെ നീണ്ട കാത്തിരുപ്പ്. അവിടെ നിന്നും യാത്രതിരിച്ച് 4 മണിയോടെ ഡാളസിലെത്തി സുഖകരമായ യാത്രയെന്നു പറയാം. മെംഫിസിൽ നിന്നും ബസ് ഓടിച്ചത് ഒരു സ്ത്രീയായിരുന്നു. മികച്ച ഡ്രൈവിംഗ് എന്നതിന് സംശയമില്ല. ഡാളസ് ഡൗൺ ടൗണിൽ എന്നെ സ്വീകരിപ്പാൻ ബന്ധുവും ബാല്യകാല സുഹൃത്തുമൊക്കെയായ ബിനു എത്തിയിരുന്നു. ഇനി ഡാളസിലെ കാഴ്ച്ചകളിലേക്ക്.

തുടരും...

# ഭാരവാഹികൾ

**റാന്നി:** ഐ. പി. സി. റാന്നി ഈസ്റ്റ് സെന്റർ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർ റ്റി. സി. ഈശോ (പ്രസിഡന്റ്), പാസ്റ്റർ പി. വി. വർഗീസ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ പി. കെ. തോമസ് (സെക്രട്ടറി), ബ്രദർ രാജു തോമസ് (ജോ. സെക്രട്ടറി), ബ്രദർ എൽ. ഒ. ജോർജ്ജുകുട്ടി (ട്രഷറർ), പാസ്റ്റർ ബെൻസൺ തോമസ് (പബ്ലിസിറ്റി കൺവീനർ) എന്നിവരാണ് ഭാരവാഹികൾ.

Website: www.beljourn.com www.beljourn.in

വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

1. അഗപ്പെ (Agape): നിസ്തുല്യമായ ദൈവസ്നേഹത്തെ കുറിക്കുന്നതാണ് ഈ പദം. സ്നേഹത്തിന് കൊടുത്തിരിക്കുന്ന പദങ്ങളിൽ ഏറ്റവും മൂല്യമുള്ളതും അർത്ഥ വ്യാപ്തിയുള്ളതുമായ പദമാണ് അഗപ്പെ. യിസ്രായേൽ ജനത്തോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ പ്രത്യക്ഷവും പ്രകടവും ആയ നിസ്വാർത്ഥവും അതുല്യവും ആയ സ്നേഹത്തെയാണ് ഈ വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്.

2. ഫിലിയോ (Phileo): സ്നേഹിതന്മാർ തമ്മിലുള്ള സ്നേഹത്തെയാണ് ഫിലിയോ എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. സ്നേഹിതന്മാർ തമ്മിലുള്ള ബന്ധത്തെകുറിക്കുന്നതിനും ഉന്നത നിലവാരം പുലർത്തുന്നതിനും ഈ വാക്കു അർത്ഥമാക്കുന്നു.

3. ഇറോസ് (Eros): ഇന്ദ്രിയ വിഷയമായതും ലൈംഗീകപരമായതും ആവേശജ്വലവും ആയ സ്നേഹപ്രകടനമാണ് ഇറോസ് എന്ന വാക്കു കൊണ്ട് അർത്ഥമാക്കുന്നത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ആഗ്രഹത്തോടെയും അഭിലാഷത്തോടെയും ഉള്ള ആവേശഭരിതമായ സ്നേഹമാണ് ഇറോസ്.

4. സ്റ്റോർഗേ (Storge): സഹോദരസ്നേഹം, മാതാപിതാക്കളും കുട്ടികളും അടങ്ങുന്ന കുടുംബ ബന്ധത്തിലെ സ്നേഹത്തെയാണ് ഈ വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. അപ്പോൾ കർത്താവിന്റെ കൃപയാൽ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തോടും സ്നേഹത്തോടും കൂടെ അത്യന്തം വർദ്ധിച്ചിരിക്കുന്നു. ദൈവമക്കളുടെ ജീവിതത്തിൽ വിശ്വാസവും സ്നേഹവും അനുദിനം വർദ്ധിച്ചു വരണം.

യേശുക്രിസ്തു ഈ ലോകത്തിൽ വന്നതിന്റെ ഉദ്ദേശ്യം എന്താണ്?

യേശുക്രിസ്തു മനുഷ്യാവതാരം എടുത്തതിനു പ്രധാനമായും നാലു ഉദ്ദേശ്യങ്ങൾ ഇവിടെ ചിന്തിക്കാം.

1. യേശുക്രിസ്തു പാപികളെ രക്ഷിപ്പാൻ വന്നു.

1 തിമോ. 1:15 "ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ". എല്ലാവരും അംഗീകരിക്കണമെന്ന സ്വർഗ്ഗീയ വിളംബരത്തിൽ നിന്നും ആർക്കും ഒഴിഞ്ഞുമാറാൻ കഴിയുകയില്ല. എത്ര വലിയ വ്യക്തിയായാലും ബുദ്ധിജീവിയായാലും ലോകത്തിലുള്ള സകല മനുഷ്യരും, വലിയവരും ചെറിയവരും, ധനവാനും ദരിദ്രനും, വിദ്യാസമ്പന്നരും അല്ലാത്തവരും, പാപിയായ എന്നേയും രക്ഷിപ്പാനാണ് യേശുക്രിസ്തു ഈ ലോകത്തിലേക്ക് വന്നത് എന്ന മാറ്റമില്ലാത്ത തിരുവചന സത്യമാണ്. അത് അംഗീകരിച്ചേ മതിയാകു.

### പാപം എന്നാൽ എന്ത്?

പലരും പാപത്തെ തികച്ചും ലളിതമായി വീക്ഷിക്കാറുണ്ട്. പാപത്തിന്റെ നിലനിൽപ്പിനെ എതിർത്തു കൊണ്ട് അതിൽ നിന്ന് ഒഴിഞ്ഞുമാറാൻ പലരും ശ്രമിക്കുന്നുവെങ്കിലും അത് പകൽ പോലുള്ള യാഥാർത്ഥ്യമാണെന്നു വിശുദ്ധ തിരുവെഴുത്ത് അസന്നിഗ്ദ്ധമായി പ്രസ്താവിച്ചിരിക്കുന്നു. യാഥാർത്ഥ്യം ഇവ്വണ്ണമിരിക്കെ പാപത്തിന്റെ നിലനിൽപ്പിനെ എതിർക്കുന്നത് പർവ്വതത്തെ തകർക്കുവാൻ സ്വന്തം തലകൊണ്ട് മുട്ടുന്ന സാഹസത്തിനു സമാനമാണ്.

### പാപം എന്താണ്?

പാപം എന്ന വാക്കിനു മൂലഭാഷയിൽ കൊടുത്തിട്ടുള്ള വാക്ക് ഹമാർട്ടിയാ (Hamartia) എന്നാണ്. അതിന് ലക്ഷ്യം തെറ്റുക (Miss the mark) എന്നർത്ഥം, കുടാതെ തോൽവി എന്നും അർത്ഥമുണ്ട്. വില്ലിൽ നിന്നും ചീറിപ്പായുന്ന അമ്പ് ഉദ്ദിഷ്ട സ്ഥാനത്തെത്താതെ ലക്ഷ്യം തെറ്റുന്നതിനോടു അതിനെ തുലനം ചെയ്യാവുന്നതാണ്. ലക്ഷ്യം തെറ്റി പരാജയത്തിൽ കലാശിക്കുന്നതൊക്കെ പാപം തന്നെ.

A. പാപം ദൈവീക ഉടമ്പടിയുടെ ലംഘനമാണ്, 1യോഹ: 3:4, യാക്കോ: 4:17.

ദൈവീക ഉടമ്പടിയെ ആരു തന്നെ ലംഘിച്ചാലും, ദൈവം അരുതെന്നു പറഞ്ഞ ഒന്നിനെ ആരു തന്നെ ചെയ്താലും ദൈവം ചെയ്യുവാൻ ആജ്ഞാപിച്ച ഒരു കൃത്യം നിർവ്വഹിക്കുന്നതിൽ നിന്നും ആരും തന്നെ വ്യതിചലിച്ചാലും അവൻ പാപം ചെയ്യുകയാണ്.

B. പാപം, ദൈവത്തിൽ നിന്നുള്ള അകൽച്ചയാണ്, യോഹ: 3:19 –20, റോമ:8:7

പാപം ചെയ്തുകഴിഞ്ഞപ്പോൾ ആദാം ഹവ്വമാർ ദൈവത്തിൽ നിന്നും അകലുവാൻ ശ്രമിച്ചു. അന്നു മുതൽ അവർ തങ്ങളുടെ സ്രഷ്ടാവിനെ ഭയപ്പെടുകയും അകലുകയും ചെയ്യുകയാണ്.

C. പാപം, സർവ്വവ്യാപകമാണ്, റോമ: 5 : 12.

പാപം ആദ്യമാതാപിതാക്കളായ ആദാംഹവ്വ എന്നിവരുടെ കല്പനാലംഘനം മുഖാന്തരം സകല മനുഷ്യജാതികളിലേക്കും വ്യാപിച്ചു. ചെളിയിൽ നിന്നും പുറപ്പെടുന്ന ഉറവയിലെ ജലത്തിൽ ചെളിയുടെ അംശവും ഗന്ധവും ഉള്ള തുപോലെ എല്ലാ മനുഷ്യരിലും പാപ സ്വഭാവം അടങ്ങിയിരിക്കുന്നു. ജന്മപാപം എന്നും കർമ്മപാപം എന്നും പാപത്തെ രണ്ടായി തിരിച്ചിരിക്കുന്നു. ജന്മപാപം എന്നാൽ ശരിയായ നീതിയുടെ അഭാവം എന്നും കർമ്മപാപം എന്നാൽ അനുദിനജീവിതത്തിൽ ചെയ്യുന്ന എല്ലാ പ്രവർത്തികളും തന്നെ. സങ്കീ: 51:5, മത്താ:15:19.

രക്ഷ - പഴയനിയമത്തിലും പുതിയനിയമത്തിലും വളരെ പ്രാധാന്യം കൊടുക്കുന്ന ഒരു വിഷയമാണ് രക്ഷ, ഗ്രീക്കിൽ സൊട്രറീയ (Soteria) എന്നും എബ്രായ ഭാഷയിൽ യെശോശുവ (Yeshua) എന്നും അതിന്റെ അർത്ഥം വിടുതൽ എന്നാണ്. അനുദിന ജീവിതത്തിലുണ്ടാക്കുന്ന പ്രശ്നങ്ങളിൽ നിന്നുള്ള വിടുതൽ എന്നതിനെക്കാൾ വളരെ വിശാലവും ആഴവുമായ അർത്ഥം ഈ വാക്കിനുണ്ട്. പാപത്തിൽ നിന്നും മനുഷ്യന് ദൈവം നൽകുന്ന വിടുതൽ. അല്പം വിശദമായി ചിന്തി

04

– തുടർച്ച–

യും ചെയ്യുകയാണ്.

---

നോവൽ

# കാൽവറിയുടെ ഉയരങ്ങൾ



സുനിൽ വർഗീസ്,
ബാംഗ്ലൂർ

മരണം തൊട്ടുമുൻപിൽ വന്നു നിൽക്കുകയാണെന്ന് ആൽബർട്ട് ഉറപ്പിച്ചു. എഴുന്നേറ്റ് നേരെ നില്ക്കാൻ പോലും തന്നിൽ ശക്തിയില്ലെന്നോ... കണ്ണിലേക്ക് ഇരുട്ടിന്റെ മലവെള്ളപ്പാച്ചിൽ!

കറമ്പൻ അകത്തേക്ക് കയറി വരുന്നു. ആൽബർട്ട് കണ്ണടച്ചപ്പോൾ പതിവില്ലാത്തതു പോലെ അയാളുടെ മനസ്സിലാകെ ഒരു താലോലം വന്നു നിറഞ്ഞു. ഒരു കുഞ്ഞിനോട് തോന്നുന്ന അലിവ് തന്നിൽ പൊട്ടിപ്പുറപ്പെടുന്നതായി അയാൾക്ക് തോന്നി.

തൊട്ടരികിൽ എത്തിയപ്പോഴാണ് കറമ്പൻ കരയുന്നത് ആൽബർട്ട് കണ്ടത്. കറമ്പന്റെ കണ്ണുകൾ തുളുമ്പിനില്ക്കുകയാണോ...... അവൻ ഏങ്ങലടിക്കുകയാണോ?

മനസിലുയരുന്ന താലോലത്തിന് ആക്കം കൂടുന്നു. അത് ദൈവീക സാന്നിദ്ധ്യത്തിന്റെ കവിഞ്ഞൊഴുക്കാണെന്ന് ആൽബർട്ടിന് മനസ്സിലായി.

പൊടുന്നനെ അവൻ ആൽബർട്ടിന്റെ കാലിലേക്ക് വീണു.

ദൈവംകുട്ടീ ക്ഷമിക്കണേ... ഞാനാ രാത്തിരി തലേൽ അടിച്ചത്... ഞാനാ ദൈവപ്പിര കത്തിച്ചത്... ഞാനാ തൊഴിച്ചത്...!

സാരല്യാ... കറമ്പാ... സാരല്യ. ആൽബർട്ടിന് തന്നിൽ തിങ്ങി നിറഞ്ഞ കരുണയുടെ ചാൽ തുറക്കുന്നതറിഞ്ഞു. കുനിഞ്ഞ് അയാൾ കറമ്പനെ പിടിച്ചെഴുന്നേല്പിച്ചു. കറമ്പൻ മുഖം കുനിച്ച് വിങ്ങികൊണ്ടിരുന്നു.

എന്തായിപ്പോ പറ്റിയെ...കറമ്പാ...എന്ത് പറ്റി...?

ആൽബർട്ട് തന്റെ ഉള്ളിൽ ഉരുവായ വിസ്മയം അവതരിപ്പിച്ചു. കറമ്പൻ വീണ്ടും ഏങ്ങലടിക്കുന്നു. കറമ്പൻ മെല്ലെ മുഖമുയർത്തുന്നു.

ഞാ; ഇന്ന് ദൈവംകുട്ട്യേ കൊന്നേനെ. അയാൾ പറയുന്നത് കേട്ട് ആൽബർട്ട് തരിച്ചു!

കറമ്പൻ തുടർന്നു: പക്ഷേ ഉച്ച കഴിഞ്ഞപ്പോ മുതൽ ദൈവംകുട്ടി..ന്റെ ചോര്യാന്ന് തോന്നവാ എത്ര ശ്രമിച്ചിട്ടും നിക്ക് ദൈവം കുട്ട്യോട് തേക്ഷ്യം വരണേയില്ല. ന്റെ ചത്തുപോയ കാരനെപ്പോലെ നിക്ക്...നിക്ക്....

കറമ്പൻ കരച്ചിൽ തുടർന്നു: ദൈവം കുട്ടീടെ കുടമ്പിലേക്ക് വരുമ്പോ ..നിക്ക് ഞാനറിയാതെ കരച്ചിൽ വന്നു...

ആൽബർട്ടിന് എന്ത് പറയണം എന്നറിയില്ലായിരുന്നു.

സാരല്യാ, കറമ്പാ...സാരല്യാ.. വാത്സല്യത്തിന്റെ നുരകൾ അയാളിൽ പൊങ്ങികൊണ്ടിരുന്നു. കാപ്പിയിടാനായി തീയൊരുക്കുമ്പോൾ കറമ്പനോട് യേശുവിനെക്കുറിച്ച് പറയാൻ ഒരു നിയോഗം ആൽബർട്ടിൽ മിന്നി.

ഞാ, ശരിക്കും അഴുക്കനാ അല്ലേ ദൈവംകുട്ടീ..?

ആരാ അങ്ങനെ പറഞ്ഞേ? ശരിക്കും കറമ്പൻ അഴുക്കല്ലാത്തതു കൊണ്ടല്ലേ ഇപ്പോൾ എന്റെ അരികിൽ ഇരിയ്ക്കുന്നത്. ഇപ്പോ കറമ്പൻ, യേശൂനെപ്പോലെ നല്ല മനസ്സുള്ളയാളാ. നമ്മുടെ യേശു, കറമ്പനെ നോക്കി ഇപ്പോ ചിരിക്കുന്നുണ്ടാവും.... കാപ്പി ഇടുമ്പോൾ കറമ്പനെ നോക്കി ആൽബർട്ട് പുഞ്ചിരിച്ചു. ..നിക്ക് കാപ്പിയിടേണ്ട..

അല്ലല്ല, കറമ്പൻ എന്റെ കുടീ ആദ്യമായി വന്നതല്ലേ...?

ആൽബർട്ട് കാപ്പിയും കുറേ ബിസ്ക്കറ്റും അല്പം മിക്ചറും കറമ്പന്റെ മുൻപിൽ വെച്ചു.

കറമ്പൻ കഴിക്കൂ...

..നിക്ക് വേണ്ടാ, ദൈവം കുട്ടി തിന്നോ..

കറമ്പനെന്റെ ചോരയല്ലേ.. കറമ്പൻ എന്റെ കുടീല് വന്നതല്ലേ... ഞാനും കഴിക്കാം, കറമ്പനും കഴിച്ചോളൂ; ആൽബർട്ട് പിന്നേയും ചിരിച്ചു.

പിന്നീട് കറമ്പന്റെ കൂടെ നടന്ന് ആൽബർട്ട് അരുവിക്കരെ വരെ ചെന്നു.

ദേ, ഇന്ന് വൈകിട്ടത്തെ കൂട്ടം ചെറുമന്റെ കുടീലാ, കറമ്പൻ വരുമോ... ആൽബർട്ട്, കറമ്പനെ നോക്കി. കറമ്പൻ വല്ലാതെയാവുന്നു. ചെറുമനൊക്കെ എന്നോട് തേക്ഷ്യായിരിക്കില്ലേ ദൈവംകുട്ടീ...?.

അത് കുഴപ്പമില്ല, എന്തായാലും കറമ്പൻ വരണം. കറമ്പൻ വന്നിട്ടേ ഞങ്ങൾ കൂട്ടം തുടങ്ങു.

കറമ്പൻ തലയാട്ടുന്നു. ഞാൻ പോട്ടേ.

പെട്ടന്നു ഉതിർന്നു പോയ ആർദ്രതയോടെ ആൽബർട്ട് കറമ്പനെ ചേർത്തു പിടിച്ചു... കറമ്പന്റെ ഏങ്ങലടിയും ഹൃദയമിടിപ്പും ആൽബർട്ടിലേക്ക് പകരപ്പെട്ടു. ആൽബർട്ടിനും അപ്പോൾ കരച്ചിൽ വരുന്നുണ്ടയിരുന്നു.

കറമ്പൻ പോയിക്കഴിഞ്ഞും കുറേനേരം ആൽബർട്ട് അവിടെ നിന്നു. വാസ്തവത്തിൽ കറമ്പന് എന്താണ് സംഭവിച്ചത്. മതേവനോടാണ്, ആൽബർട്ട് ആദ്യം അത് പറഞ്ഞത്.

ദൈവംകുട്ട്യേ കുന്മാശന്റെ കെണിയാ, ചതിയാ ഇത്; അങ്ങനെയായിരുന്നു അയാളുടെ പ്രതികരണം. എന്തായാലും വൈകിട്ടു നടക്കുന്ന കൂട്ടത്തിൽ കറമ്പൻ കാണുമെന്ന് എല്ലാരേം അറീച്ചോളൂ....

ആൽബർട്ട് പ്രതീക്ഷിച്ചതു തന്നെയാണ് വൈകിട്ട് സംഭവിച്ചത്. കറമ്പൻ നേരത്തെ വന്നു. തൂക്കം പിടിച്ച കോഴിയെപ്പോലെ ആൽബർട്ട് ഇരുത്തിയ ഇടത്ത് അയാൾ ഇരുന്നു. എന്നാൽ മാതേവനും എല്ലാവരും സംശയത്തോടെയായിരുന്നു കറമ്പനെ വീക്ഷിച്ചുകൊണ്ടിരുന്നത്.

കറമ്പനും, പാട്ടുകൾ മറ്റുള്ളവർ പാടുന്നത് കേൾക്കുന്നതും പ്രാർത്ഥനകൾ ശ്രവിക്കുന്നതും സങ്കോചത്തോടെയായിരുന്നു. ഇടയ്ക്കയാൾ ആൽബർട്ടിന് അരികിലേക്ക് ചാടിയെഴുന്നേറ്റ് ചെന്നു. മാതേവൻ പിറകെ കുതിയ്ക്കാൻ തുടങ്ങിയതാണ്. എന്നാൽ ആൽബർട്ടിന്റെ കാതിൽ എന്തോ പറയാനാണ് കറമ്പൻ എഴുന്നേറ്റത് എന്നറിഞ്ഞ് മാതേവൻ ആശ്വസിച്ചു. പോയതു പോലെ കറമ്പൻ തിരികെ വന്നു, പഴയതു പോലെ തൂക്കം പിടിച്ച കോഴിയെ പോലെ സ്വസ്ഥാനത്ത് ഇരുന്നു. ചെറുമനും മാതേവനും അപ്പോൾ പരസ്പരം നോക്കാതിരുന്നില്ല.

പ്രസംഗമായപ്പോൾ ആൽബർട്ട് എഴുന്നേറ്റു.

പ്രീയമുള്ളവരെ എല്ലാർക്കും യേശുനാമത്തിൽ വന്ദനം. ഞാൻ ഇന്ന് പ്രസംഗിക്കുന്നതിന് മുൻപ് കറമ്പന് എന്തോ പറയാനുണ്ടെന്ന് പറഞ്ഞു. അത് കേൾക്കാനായി സമയം കൊടുക്കുകയാണ്. തന്റെ പേരു വിളിച്ചു പറയുന്നതു കേട്ട് പരിഭ്രമത്തോടെ കറമ്പൻ നാലു പാടും നോക്കിയിട്ട് ചാടി എഴുന്നേറ്റു.

അയാൾ കരയുകയായിരുന്നു. ക്ഷമിക്കണം എല്ലാരും... ഞാ ഒത്തിരി തെറ്റ് ചെയ്തു. ഒത്തിരി നോവിച്ചു. എല്ലാരും അഴുക്കനായ ഈ കറമ്പനോട് ക്ഷമിക്കണം!

തുടർന്നുള്ള നിമിഷങ്ങൾ കരളലിയിക്കുന്നതായിരുന്നു. മാതേവൻ എഴുന്നേറ്റ്, കറമ്പനെ ചേർത്തു പിടിച്ചു. നിന്നെ, ഞാ തൊഴിച്ചിട്ടുണ്ടല്ലോ, നീയും ക്ഷമിക്കണം.

വല്ലാത്തൊരു കരുണയും താലോലവും ചെറുമന്റെ ചായ്പിൽ വ്യാപരിക്കുന്നത് ആൽബർട്ട് അറിഞ്ഞു. അന്ന് രാത്രി, സമാധാനത്തോടെയാണ് ആൽബർട്ട് ഉറങ്ങിയത്. വിജയത്തിലേക്കുള്ള മടക്കയാത്ര തുടങ്ങിക്കഴിഞ്ഞു എന്നൊരു ചിന്ത ആൽബർട്ടിലുണ്ടായിരുന്നു. അപ്പോൾ തന്നെ കറമ്പനിലെ മാറ്റത്തോട് കുന്മാശൻ പ്രതികരിക്കും എന്ന ആശങ്കയും!

(തുടരും)

Believers Journal
P.O. Box: 31, Manjadi P.O.,
Thiruvalla - 689 105

ചോദ്യോത്തര വേദി

# വിശ്വാസം ഏറ്റുപറയാത്ത ശിശുക്കൾ നരകത്തിലോ?



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

**ചോദ്യം:** ബൈബിളിൽ എല്ലാ വിഷയങ്ങൾക്കും ഉത്തരമുണ്ടെന്ന് വിശ്വസിച്ചുകൊണ്ടാണല്ലോ താങ്കൾ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നത്. അങ്ങനെയെങ്കിൽ താഴെക്കുറിക്കുന്ന നാല് ചോദ്യങ്ങൾക്ക് ഉത്തരം നൽകിയാലും. റോമർ 10:9-ൽ രേഖപ്പെടുത്തിയിരിക്കുന്ന വചനപ്രകാരം, (1) യേശുവിനെ വിശ്വസിക്കാനും പ്രഖ്യാപിക്കാനും പ്രാപ്തിയാകാത്ത ശിശുക്കൾ **എങ്ങനെയാണ്** രക്ഷിക്കപ്പെടുക? (2) അവിശ്വാസികളായ മാതാപിതാക്കളുടെ ശിശുക്കളുടെ **അവസ്ഥ** എന്താകും? (3) മാനസിക വളർച്ചയില്ലാത്ത, മന്ദബുദ്ധികളായ ശിശുക്കളുടെയും പ്രായമുള്ളവരുടെയും **രക്ഷ** എന്താകും? (4) യേശുവിനെ ഇതുവരെ കേട്ടിട്ടില്ലാത്ത ജനസമൂഹത്തിന്റെ **രക്ഷ** എന്താകും?

– **സണ്ണി വറുഗീസ്, യു. എസ്. എ.**

**ഉത്തരം:** ലോകത്തിലെ എല്ലാ വിഷയങ്ങൾക്കുമുള്ള ഉത്തരം ബൈബിളിലുണ്ടെന്ന് ഞാൻ പറഞ്ഞിട്ടില്ല. എന്നാൽ മനുഷ്യൻ അഭിമുഖീകരിക്കുന്ന സകല പ്രശ്നങ്ങൾക്കും ബൈബിളിൽ ഉത്തരമുണ്ട്. ഇതുവരെ കണ്ടുപിടിക്കപ്പെട്ട ശാസ്ത്രീയ സത്യങ്ങൾക്ക് വിരുദ്ധമായതൊന്നും ബൈബിളിലില്ലെങ്കിലും, ശാസ്ത്രീയസത്യങ്ങൾ പഠിക്കാനോ പഠിപ്പിക്കാനോ ഉള്ള പുസ്തകമല്ല ബൈബിൾ. പശ്ചിമേഷ്യയിലെ പഴയ ചരിത്രവസ്തുതകളും ബൈബിളിൽ എഴുതപ്പെട്ടിരിക്കുന്ന ചരിത്രവും തമ്മിൽ പൂർണ്ണമായി യോജിക്കുമെങ്കിലും ബൈബിളൊരു പശ്ചിമേഷ്യയുടെ ചരിത്രപുസ്തകമല്ല. ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാൻ, ദൈവത്തെ പരിജ്ഞാനത്തിൽ ധരിക്കാനും, സത്യദൈവവും നിത്യജീവനുമായ യേശുവിലൂടെ ലഭ്യമാകുന്ന നിത്യരക്ഷയെക്കുറിച്ച് പഠിപ്പിക്കുകയാണ് ബൈബിളിന്റെ ലക്ഷ്യം. 'ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾവീൻ' എന്ന് കർത്താവ് അരുളിച്ചെയ്തെങ്കിലും (ലൂക്കോസ് 17:32), പഴയനിയമ കാലഘട്ടത്തിലെ പ്രധാനവ്യക്തികളായ **ലോത്തിന്റെയും ഇയ്യോബിന്റെയും** ഭാര്യമാരുടെ പേരും കുടുംബപശ്ചാത്തലവും വചനം വെളിപ്പെടുത്തിയിട്ടില്ല. 'മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവയ്ക്കുള്ളവ ആകുന്നു; വെളിപ്പെട്ടിരിക്കുന്നവയോ നാം അനുസരിച്ച് നടക്കേണ്ടതിന് എന്നേക്കും നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു" (ആവർത്തനം 29:29). പൗലോസ് അപ്പൊസ്തലൻ തനിക്ക് പൂർണ്ണനിശ്ചയമില്ലാത്ത കാര്യത്തെപ്പറ്റി ഇപ്രകാരം എഴുതുന്നു: "കന്യകമാരെക്കുറിച്ച് എനിക്ക് **കർത്താവിന്റെ കല്പനയില്ല;** എങ്കിലും കരുണ ലഭിച്ചവൻ എന്ന നിലയിൽ **ഞാൻ അഭിപ്രായം പറയുന്നു"** (1 കൊരി. 7:25). കർത്താവിന്റെ കല്പനയോ ഉപദേശമോ ഇല്ലാത്ത വിഷയങ്ങളിൽ അപ്പൊസ്തലിക അഭിപ്രായത്തിനാണ് വില.

വിശ്വസിക്കാൻ പ്രാപ്തി വന്നവരാണ് വിശ്വാസം പ്രഖ്യാപിച്ച് രക്ഷിക്കപ്പെടുന്നവർ. വിശ്വാസം പ്രഖ്യാപിക്കാൻ പ്രാപ്തി ഇല്ലാത്തവരാണ് ശിശുക്കളും മന്ദബുദ്ധികളും. മത്തായി 19:13,14-ൽ ശിശുക്കളെക്കുറിച്ചുള്ള ദൈവീക നിലപാടു വ്യക്തമാക്കുന്നു. "യേശു കൈവെച്ചു പ്രാർത്ഥിക്കേണ്ടതിന് ചിലർ ശിശുക്കളെ അവന്റെ അടുക്കൽ കൊണ്ടുവന്നു; എന്നാൽ ശിഷ്യന്മാർ അവരെ വിലക്കി. യേശുവോ: "ശിശുക്കളെ എന്റെ അടുക്കൽ വരുവാനായി വിടുവിൻ; അവരെ തടയരുതു: സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതാകുന്നു".

ഈജിപ്റ്റിലെ ചക്രവർത്തിയായ ഫറവോനോടു സംസാരിക്കാൻ തന്റെ **വിക്ക്** തടസ്സമാണെന്ന് മോശെ ദൈവത്തോടു പറഞ്ഞപ്പോൾ, കർത്താവിപ്രകാരം മോശെയോടു അരുളിചെയ്തു: "മനുഷ്യന് വായ് ഉണ്ടാക്കിയവൻ ആർ? ഊമനെയും ചെകിടനെയും കാഴ്ചയുള്ളവനെയും കാഴ്ചയില്ലാത്തവനെയും സൃഷ്ടിച്ചവൻ ആർ? യഹോവയായ ഞാൻ അല്ലയോ?" (പുറപ്പാട് 4:11). വിശ്വാസം പ്രഖ്യാപിക്കുവാൻ പ്രാപ്തിയില്ലാത്ത ശിശുക്കളുടെയും മന്ദബുദ്ധികളുടെയും രക്ഷയെ സംബന്ധിച്ച ദൈവീക നിലപാട് മേലുദ്ധരിച്ച രണ്ടു വചനങ്ങളിലുമുണ്ട്.

കൊർന്നല്ല്യോസ് എന്ന ഇറ്റലിക്കാരനായ പട്ടാളമേധാവി പത്രോസിന്റെ പ്രസംഗം കേട്ട്, യേശുവിനെ **വിശ്വസിച്ച് രക്ഷിക്കപ്പെടുന്നതിനു മുൻപുള്ള** പ്രാർത്ഥനകളും ദാനധർമ്മങ്ങളും ദൈവത്തിന്റെ കണക്കു പുസ്തകത്തിലുണ്ടായിരുന്നു (അപ്പൊ. പ്രവ. 10:4). യേശുക്രിസ്തുവിനെ കേൾക്കാനും വിശ്വസിക്കാനും **സാധിക്കാതെ** മരിച്ചപോയവർ അവരുടെ മനസാക്ഷിയാലും അവരുടെ പ്രവർത്തിയാലും വിധിക്കപ്പെടും. ദൈവത്തിന്റെ പക്കൽ മുഖപക്ഷം ഇല്ലല്ലോ (റോമർ 2:11-16).

ലോത്തിനെ സന്ദർശിക്കാൻ വന്ന രണ്ടു ദൂതന്മാരെ അവഹേളിക്കുവാൻ **ബാലന്മാർ മുതൽ വൃദ്ധന്മാർ** വരെ ലോത്തിന്റെ വീടിന് മുൻപിൽ കൂട്ടംകൂടിയതുപോലെ തന്നെ (ഉല്പത്തി19:4), 'മരിച്ചുപോയ **ബാലന്മാർ മുതൽ വൃദ്ധന്മാർ** വരെ ദൈവത്തിന്റെ സിംഹാസനത്തിന്റെ മുമ്പിൽ ന്യായമായ വിധിക്കായി നിൽക്കുന്നതു ഞാൻ കണ്ടു' (വെളിപ്പാട് 20:12,13). ദൈവീക കാര്യങ്ങൾ ഗ്രഹിക്കാനുള്ള ശേഷി വന്നപ്പോൾ മുതലാണ് തിമൊഥെയോസിന്റെ ഉത്തരവാദിത്വം തുടങ്ങുന്നത്. തിരുവെഴുത്തു ഇപ്രകാരം രേഖപ്പെടുത്തുന്നു: 'ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ നിന്നെ രക്ഷയ്ക്ക് ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകൾ **നീ ബാല്യം മുതൽ** മനസ്സിലാക്കിയിരിക്കുന്നുവല്ലോ' (2 തിമൊ. 3:15).

എങ്കിലും, "സത്യത്തെ സ്നേഹിച്ചു രക്ഷിക്കപ്പെടുവാൻ അവസരവും സമയവും കിട്ടിയവർ അത് ചെയ്യാതെയിരുന്നാൽ, വ്യാജത്തെ വിശ്വസിക്കേണ്ടതിന് ദൈവം അവരുടെമേൽ ശക്തമായ മിഥ്യാബോധം അയയ്ക്കും. സത്യത്തെ വിശ്വസിക്കാതെ വ്യാജത്തിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിനുതന്നെ" (2 തെസ്സ. 2:11,12 സ്വതന്ത്രപരിഭാഷ).

## 01 ഭരണഘടനാ ഭേദഗതി....

കരട് രേഖയിൽ പ്രസിദ്ധീകരിച്ച പല നിർദ്ദേശങ്ങളും ശ്ലാഘനീയമാണ്. ട്രസ്റ്റ് ഭാരവാഹികൾക്ക് നിയന്ത്രണം, സെന്റർ പാസ്റ്റർമാരുടെ സ്ഥലംമാറ്റം, മിഷൻ – ഏരിയാ പ്രവർത്തനങ്ങൾക്ക് അംഗീകാരം, ആഡംബരവിവാഹങ്ങൾക്ക് ലെവി ഏർപ്പെടുത്തൽ, തെരഞ്ഞെടുപ്പുപ്രചാരണത്തിലെ നിയന്ത്രണം, നിർബന്ധ ദശാംശം തുടങ്ങിയ നിർദ്ദേശങ്ങൾ സ്വീകാര്യമാണ്. സ്വകാര്യ ട്രസ്റ്റുകളുടെ ഭാരവാഹികൾ സഭാ ഭാരവാഹിത്വം വഹിക്കാൻ പാടില്ല എന്ന നിർദ്ദേശം പൊതുവേ സ്വാഗതാർഹമാണ്. അവനവനിസത്തിലേക്ക് ചുരുങ്ങുന്ന ഇന്നത്തെ ട്രെൻഡിന് നിയന്ത്രണം വരും. സെന്റർ ശുശ്രൂഷകന്മാരുടെ പ്രായപരിധി നിജപ്പെടുത്തിയതും സെന്റർ ശുശ്രൂഷകന്മാർ ആറുമാസമെങ്കിലും തങ്ങളുടെ സ്റ്റേറ്റുകളിൽ താമസിക്കണമെന്നതും ഗുണകരമായ നിർദ്ദേശമാണ്. എന്നാൽ പതിനഞ്ചു വർഷത്തിനുശേഷം സെന്റർ പാസ്റ്റർമാർ സ്ഥലംമാറണമെന്ന നിർദ്ദേശം പ്രായോഗികമായി നടപ്പിലാകുമോ എന്ന് കണ്ടറിയണം. സ്ഥലംമാറ്റങ്ങൾക്ക് ശാസ്ത്രീയമായ മാനദണ്ഡം ഇല്ലാത്തതിനാൽ തർക്കങ്ങൾക്ക് സാധ്യതയുണ്ട്. ഐ. പി. സി.യുടെ സഭാവളർച്ചയിൽ മുഖ്യപങ്കുവഹിച്ചിട്ടുള്ളത് സെന്റർപാസ്റ്ററുമാരാണ്. എന്നാൽ കൂടെകൂടെയുള്ള സെന്റർ പാസ്റ്ററുമാരുടെ സ്ഥലംമാറ്റം സഭാവളർച്ചയെ പിറകോട്ടടിക്കും. വിരമിക്കുന്നവരെ എല്ലാവരെയും പുനരധിവസിപ്പിക്കുന്ന പുത്തൻ തസ്തികകൾ അനാവശ്യമാണ്. ശാരീരികമായ ക്ഷീണങ്ങളും വാർദ്ധക്യസഹജമായ അസ്വസ്ഥതകളും നിമിത്തം മാറിനിൽക്കേണ്ടി വന്നവരും വിരമിച്ചവരും പബ്ലിക് അഡ്മിനിസ്ട്രേഷന്റെ ഭാഗമാകണമെന്ന് നിർബന്ധമില്ല. ഇവരെ മറ്റു പല ഫോറങ്ങളിലും ഉപയോഗിക്കാം. എല്ലാവരെയും പ്രീതിപ്പെടുത്തുന്നതിനുവേണ്ടി തല്ലിക്കൂട്ടുന്ന ജംബോ കമ്മറ്റി എക്സിക്യൂട്ടീവിന്റെ നിറം കെടുത്തുന്നതാണ്. മറ്റു പ്രസ്ഥാനങ്ങളിലെ മുൻ ഓവർസിയർമാർ, മുൻ സൂപ്രണ്ടുമാർ അതുപോലെ മാർക്സിസ്റ്റ് പാർട്ടിയിലെ മുൻ സെക്രട്ടറിമാർ, മുൻ കെ. പി. സി. സി. പ്രസിഡന്റുമാർ ഇവർക്കൊന്നും പുതിയ തസ്തികകളില്ല. ഇലക്ഷനിലൂടെ തെരഞ്ഞെടുക്കപ്പെട്ട ബോഡിയിൽ നോമിനേറ്റഡ് അംഗങ്ങളായി പലരും എത്തുന്നത് ആരോഗ്യകരമാണോ എന്ന് ചിന്തിക്കണം. ഇത് നിർബന്ധമാണെങ്കിൽ രാജ്യസഭപോലെ മറ്റൊരു അധോമണ്ഡലം പരീക്ഷിക്കാം.

ഭാരവാഹികളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം പോസിറ്റീവ് അല്ല. കേരളാ കോൺഗ്രസിന്റെ സംസ്ഥാനകമ്മറ്റികൂടുന്നതുപോലെ മൈതാനങ്ങളിൽ കൂടേണ്ടതായി വരും. മുൻകാലങ്ങളിൽ സഭയ്ക്ക് നാണക്കേട് ഉണ്ടാക്കിയ തെരഞ്ഞെടുപ്പ് സമ്പ്രദായത്തിൽ വരുത്താൻ ഉദ്ദേശിക്കുന്ന അടിസ്ഥാനപരമായമാറ്റങ്ങൾ സ്വാഗതാർഹമാണ്. പണം നൽകി വോട്ട് പിടിക്കുന്ന ശൈലി കർശനമായി നിയന്ത്രിക്കണം. ചീഫ് പാസ്റ്റർ എന്ന പുതിയ തസ്തിക ഉചിതമാണോ എന്ന് പരിശോധിക്കണം. ഇത് പാസ്റ്ററൽ ഹൈരാർക്കിയിലേക്ക് നയിക്കും. പെന്തെക്കോസ്ത് സമൂഹത്തിൽ പേപ്പൽ സിസ്റ്റം ഇല്ല. പ്രസ്ബിറ്റേറിയൻ-കോൺഗ്രീഗേഷണൽ സിസ്റ്റമാണ് നിലനിൽക്കുന്നത്. എല്ലാവരും സഹോദരങ്ങൾ (Brotherhood) എന്നതാണ് പൊതുവായ ആശയം. പൗരോഹിത്യ മേൽക്കോയ്മയിലേക്ക് നയിക്കുന്ന അധികാരശ്രേണികളും പിരമിഡിക്കൽ രൂപങ്ങളും ക്രിസ്തീയമല്ല. ക്രിസ്തുവിൽ എല്ലാവരും തുല്യരാണ്.

മാധ്യമങ്ങളെയും പ്രസിദ്ധീകരണങ്ങളെയും നിലയ്ക്ക് നിർത്താനും മാധ്യമപ്രവർത്തകർക്ക് നിയന്ത്രണം ഏർപ്പെടുത്താനുമുള്ള നിർദ്ദേശം ഗുണകരമല്ല. സ്വഭാവഹത്യ, അപകീർത്തിപ്പെടുത്തൽ (Law of defamation) തുടങ്ങിയ കാര്യങ്ങൾ എതിർക്കപ്പെടേണ്ടതാണ്. ഇതിന് നിയമങ്ങളും നിലവിലുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്ന നിയമങ്ങളും നമ്മുടെ നാട്ടിലുണ്ട്. എന്നാൽ പത്രസ്വാതന്ത്ര്യം (Freedom of Press) ഭരണഘടനാപരമായ അവകാശമാണ്. മനുഷ്യാവകാശങ്ങളുടെ അന്താരാഷ്ട്ര പ്രഖ്യാപനം കൂടിയാണ്. രജിസ്ട്രേഷൻ ഓഫ് ന്യൂസ് പേപ്പേഴ്സ് റൂൾ അനുസരിച്ച് പ്രവർത്തിക്കുന്ന മാധ്യമസ്ഥാപനങ്ങളെ നിയന്ത്രിക്കാൻ ബാഹ്യശക്തികൾക്ക് സാധ്യമല്ല. ശരിഅത്ത് കോടതികൾക്കും അവപുറപ്പെടുവിക്കുന്ന മതശാസനകൾക്കും (ഫത്വ) നിയമപരമായ സാധുത ഇല്ലെന്ന് സുപ്രീം കോടതി കഴിഞ്ഞ ജൂണിൽ വ്യക്തമാക്കിയിട്ടുണ്ട്. ഒരു വ്യക്തിയുടെ മൗലികാവകാശങ്ങൾ ലംഘിക്കുന്ന ഫത്വയോ ആജ്ഞയോ അനുസരിക്കണമെന്ന് ആരെയും നിർബന്ധിക്കാൻ ആവില്ലെന്ന് സുപ്രീം കോടതി ബഞ്ച് വ്യക്തമാക്കി. ശക്തമായ നിയമനിർവ്വഹണം നടക്കുന്ന നാടാണ് നമ്മുടേത്. രാജ്യത്തിന്റെ ഭരണഘടനലംഘിക്കുന്ന എന്തെങ്കിലും മതത്തിനുള്ളിലോ സഭയ്ക്കുള്ളിലോ നടന്നാൽ സിവിൽ ഭരണകൂടത്തിനും ജ്യൂഡീഷ്യറിക്കും ഇടപെടാൻ ബാധ്യത ഉണ്ട്. അതുകൊണ്ട് പൗരവകാശങ്ങളെ ഹനിക്കുന്ന നിർദ്ദേശങ്ങൾക്ക് നിയമപ്രാബല്യം ഇല്ലെന്ന് തിരിച്ചറിയണം.

ചിലരെ തിരുകി കയറ്റാനും ചിലരെ ഒഴിവാക്കാനും ആസൂത്രിതമായി നടത്തുന്ന കരിനിയമമായി ഭരണഘടനാഭേദഗതി മാറരുത്. പൊസിസിഷൻ ഇല്ലാത്തതിന്റെ പേരിൽ (No position, no ministry) ശുശ്രൂഷയില്ലാത്ത ചിലരെ സഹായിക്കുന്നതിനുവേണ്ടി തസ്തികകൾ സൃഷ്ടിക്കരുത്. ഭരണഘടനാ ഭേദഗതിയുടെ ലക്ഷ്യം സ്ഥാപിത താൽപര്യങ്ങളാകരുത്. സഭാവളർച്ചയും സമൂഹനന്മയും ആകണം.

## 01 അസംബ്ലീസ് ഓഫ് ഗോഡ്....

കമ്മറ്റിയാണ് കോൺഫറൻസിന്റെ വിജയത്തിനായി പ്രവർത്തിക്കുന്നത്.

ഐക്യത, സ്നേഹം, ആത്മീയാരാധന എന്നിവ നിറഞ്ഞ ചതുർദിനങ്ങളായി കോൺഫറൻസ് പരിണമിക്കുവാൻ സംഘാടകർ പ്രയത്നിക്കുന്നു. സംബന്ധിക്കുന്നവരുടെ ആത്മീക അഭിവൃദ്ധിക്കുതകുന്ന പ്രഭാഷണങ്ങൾക്കായി പ്രഗല്ഭരായ പ്രസംഗകരെയും മനസിന് ആശ്വാസവും സന്തോഷവും പ്രചോദനവും നൽകുന്ന സംഗീതശുശ്രൂഷ നിർവ്വഹിക്കുന്നവരെയും കോൺഫറൻസിൽ പങ്കെടുപ്പിക്കുവാനുള്ള ക്രമീകരണങ്ങൾ സംഘാടകർ ആരംഭിച്ചു. നാഷണൽ കമ്മറ്റിയോടൊപ്പം ലോക്കൽ കമ്മിറ്റിയും വളരെ സജീവമായി ആരംഭം മുതൽ പ്രവർത്തനങ്ങളിൽ സഹകരിച്ച് വരുന്നു.

നോർത്ത് അമേരിക്കയിലെ അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗങ്ങളും ഇതര പെന്തെക്കോസ്ത് വിശ്വാസിസമൂഹവും ഈ ആത്മീക സംഗമത്തിൽ പങ്കാളികളാകാനുള്ള ഒരുക്കങ്ങളാണ് ഭാരവാഹികൾ ചെയ്തുകൊണ്ടിരിക്കുന്നത്. കോൺഫറൻസിനെക്കുറിച്ചുള്ള വിശദ വിവരങ്ങൾ www.agifna.com, www.agifna2015.com എന്നീ വെബ്സൈറ്റുകളിൽ നിന്നും ലഭ്യമാണ്.

## 03 വേദപഠനം....

ച്ചാൽ-

A. ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക്, 1പത്രോ: 2:9-10
B. ശിക്ഷയിൽ നിന്നും മോചനത്തിലേക്ക്, എഫെ: 1:7
C. അടിമത്വത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്ക്, ഗലാ: 5:1
D. നാശത്തിൽ നിന്നും ജീവങ്കലേക്ക്, സങ്കീ: 40:1-3
E. മരണത്തിൽ നിന്നും നിത്യതയിലേക്ക്, റോമ:5:1-10

ഒരു വിശ്വാസിയോടുള്ള ബന്ധത്തിൽ ത്രികാലങ്ങളോട് ഈ വാക്ക് വളരെ വിലപ്പെട്ടതാണ്. പാപത്തിൽ നിന്നും വിടുവിക്കപ്പെട്ടു, വിടുവിക്കപ്പെട്ടുകൊണ്ടിരിക്കുന്നു, പാപസാന്നിദ്ധ്യത്തിൽ നിന്നും വിടുവിക്കപ്പെടും. പാപങ്ങളിൽ നിന്നും വിടുവിക്കുന്നവൻ(രക്ഷിക്കുന്നവൻ) യേശുക്രിസ്തുമാത്രമാണ്. അവതാരപുരുഷന്മാർ ആരും പാപികളെ രക്ഷിപ്പാൻ വന്നിട്ടില്ല. നരകയോഗ്യനായ പാപിക്ക് രക്ഷയ്ക്കുള്ള മാർഗ്ഗം ഉപദേശിച്ചിട്ടില്ല. മതഗ്രന്ഥങ്ങളിൽ പാപിക്കൊരു രക്ഷകനെ – ഒരു വീണ്ടെടുപ്പുകാരനെ ചൂണ്ടിക്കാണിച്ചിട്ടില്ലാ. എന്നാൽ ബൈബിളിൽ പാപികൾക്കൊരു രക്ഷകനെ – ഒരു വീണ്ടെടുപ്പുകാരനെ ചൂണ്ടിക്കാണിച്ചിട്ടിണ്ട്. അത് യേശുക്രിസ്തുവാണ്.

## വേദപഠന ക്ലാസ് – 2014

**വൈപ്പിൻ:** ഐ.പി.സി. എബനേസർ പ്രയർ സെന്ററിന്റെ നേതൃത്വത്തിൽ ഒക്ടോബർ 3,4 തീയതികളിൽ രാവിലെ 10 മുതൽ 1.30 വരെ എടവനക്കാട് വ്യാപാരഭവൻ ഹാളിൽ ബൈബിൾ ക്ലാസ് നടക്കും. "ക്രിസ്തീയ ജീവിതം" എന്ന വിഷയത്തെ ആസ്പദമാക്കി റവ. സാം കെ.തോമസ് കോട്ടയം ക്ലാസുകൾ എടുക്കും. പാസ്റ്റർ ഷാജി വിരുപ്പിൽ നേതൃത്വം നൽകും.

ലേഖനം

# പിന്മാറ്റത്തിന്റെ വേദശാസ്ത്രം – 3



റെജി പോൾ
ഷാർജ
palachoodan@gmail/hotmail.com

ആത്മീയ പിന്മാറ്റം സംബന്ധിച്ച് തർജ്ജമകളിൽ വന്ന ഒരു ചെറിയ അർത്ഥവ്യത്യാസം ചെറുതല്ലാത്ത ദോഷം വരുത്തിയിട്ടുണ്ട്. കാരണം, പഴയ നിയമത്തിൽ പിന്മാറിപ്പോയി (backslidden) എന്ന് തന്നെയാണ് അർത്ഥമാക്കുന്നതെങ്കിൽ, പുതിയ നിയമത്തിൽ വീണുപോയവർ (fallen) എന്നതാണ് ശരിയായ തർജമയിലെ വാക്ക്. പഴയനിയമത്തിൽ ചില കല്പനകളിൽ അനുസരണക്കേട് കാണിച്ച ഇസ്രായേലിനെക്കുറിച്ച് പരാമർശിക്കുമ്പോൾ, പുതിയ നിയമത്തിലേക്ക് വരുമ്പോൾ, സൗജന്യമായി ലഭിച്ച രക്ഷയെ ഗണ്യമാക്കാതെ തിരസ്കരിച്ചു കളഞ്ഞ ഓരോ വ്യക്തിയുമാണ് വിധിക്കപ്പെടുന്നത്. രക്ഷിക്കപ്പെട്ട ഒരു വ്യക്തിയുടെ പിന്മാറ്റത്തിൻെറ ഗൗരവം തിരിച്ചറിയണമെങ്കിൽ താഴെക്കാണുന്ന വാക്യങ്ങൾ വായിക്കുക.

എബ്രായർ 6:4,5,6 "ഒരിക്കൽ പ്രകാശനം ലഭിച്ചിട്ടു സ്വർഗ്ഗീയദാനം ആസ്വദിക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കുകയും ചെയ്തവർ പിന്മാറിപ്പോയാൽ, തങ്ങൾക്കു തന്നേ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവനു ലോകാപവാദം വരുത്തുന്നവരും ആകകൊണ്ടു അവരെ പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല'.

2 പത്രോസ് 2:21,22 "കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്താൽ ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റുപോയവർ അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനെക്കാൾ അധികം വഷളായിപ്പോയി. തങ്ങൾക്കു ഏല്പിച്ചുകിട്ടിയ വിശുദ്ധകല്പനയെ നീതിയുടെ വഴി അറിഞ്ഞശേഷം വിട്ടുകളയുന്നതിനെക്കാൾ അതു അറിയാതിരിക്കുന്നതു അവർക്കും നന്നായിരുന്നു".

എബ്രായർ 10:26-31 "സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം നാം മനഃപൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്കുവേണ്ടി ഇനി ഒരു യാഗവും ശേഷിക്കാതെ, ന്യായവിധിക്കായി ഭയങ്കരമായോരു പ്രതീക്ഷയും എതിരികളെ ദഹിപ്പിക്കാനുള്ള ക്രോധാഗ്നിയുമേയുള്ളൂ. മോശെയുടെ ന്യായപ്രമാണം അനുസരിക്കാത്തവനു കരുണ കൂടാതെ രണ്ടുമൂന്നു സാക്ഷികളുടെ വാ മൊഴികേട്ടു മരണശിക്ഷ കല്പിക്കുന്നുവല്ലോ. ദൈവപുത്രനെ ചവിട്ടികളകയും തന്നെ വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനം എന്നു നിരൂപിക്കുകയും കൃപയുടെ ആത്മാവിനെ നിന്ദിക്കുകയും ചെയ്തവൻ എത്ര കഠിനമേറിയ ശിക്ഷക്കു പാത്രമാകും എന്നു വിചാരിപ്പിൻ. "പ്രതികാരം എനിക്കുള്ളതു, ഞാൻ പകരം വീട്ടും" എന്നും, 'കർത്താവു തന്റെ ജനത്തെ ന്യായം വിധിക്കും" എന്നും അരുളിച്ചെയ്തവനെ നാം അറിയുന്നുവല്ലോ ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതു ഭയങ്കരം".

"പ്രതിരോധമാണ് ചികിത്സയേക്കാൾ നല്ലത്" എന്ന സാരോപദേശം ഓർത്താൽ ആത്മീയ പിന്മാറ്റ പ്രവണതയെയും നന്നായി ചെറുക്കാൻ പറ്റും. മുടിയനായ പുത്രന്റെ കഥ പ്രസംഗിച്ച് പലരുമീ വിഷയത്തെ ലഘൂകരിച്ച് കളയാറുണ്ട്. എന്നാൽ പിന്മാറിപ്പോയ ശേഷമുള്ള മടങ്ങി വരവ് അത്ര എളുപ്പമാവില്ല എന്നറിഞ്ഞുകൊണ്ടു വേണം ഈ വിഷയത്തെ കൈകാര്യം ചെയ്യാൻ ഒന്നോർക്കുക: ദൈവത്തിങ്കലേക്കു അടുത്ത് വരുവാനും അകന്നു പോകുവാനും മനുഷ്യൻ മാത്രം വിചാരിച്ചാൽ മതി. പക്ഷെ യേശുവിന്റെ രക്തത്തിൽ എഴുതിയ പുതിയ നിയമത്താലുള്ള രക്ഷയെ ത്യജിച്ചു കളഞ്ഞിട്ട് എപ്പോൾ വേണമെങ്കിലും തിരികെ വരാമെന്നും എപ്പോൾ വന്നാലും ദൈവമങ്ങു സ്വീകരിക്കുമെന്നത് തികഞ്ഞ ഭോഷത്വമാണെന്നതിനു മുകളിൽ വായിച്ച വാക്യങ്ങൾ തന്നെ തെളിവ്. ക്രിസ്തീയ ജീവിതം പൂമെത്തയാണെന്ന തെറ്റിദ്ധാരണ മാറ്റി പരസ്പരം പ്രബോധിപ്പിച്ചും ഉത്സാഹിപ്പിച്ചും ഉറപ്പിക്കുക. അരഹിക്കുന്ന ഗൗരവത്തോടെ സഭയും വ്യക്തികളും മുൻ കരുതലുകൾ എടുത്താൽ പിന്മാറ്റം എന്ന ദുരന്തത്തെ ഫലവത്തായ നിലയിൽ തടയാൻ പറ്റും. കൃപയാൽ വേണ്ടത്ര മാർഗങ്ങൾ തിരുവെഴുത്തുകളിൽ നിന്ന് തന്നെ വായിച്ചെടുക്കാം.

**വിശ്വാസത്തിന്റെ ഉറപ്പ്**

എന്നാൽ നിങ്ങൾ പ്രകാശനം ലഭിച്ചശേഷം നിന്ദകളാലും പീഡകളാലും കൂത്തുകാഴ്ചയായി ഭവിച്ചും, ആ വക അനുഭവിക്കുന്നവർക്കും കൂട്ടാളികളായിത്തീർന്നും ഇങ്ങനെ കഷ്ടങ്ങളാൽ വളരെ പോരാട്ടം കഴിച്ച പൂർവ്വകാലം ഓർത്തുകൊൾവിൻ. അതുകൊണ്ടു മഹാ പ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുതു. ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത നിങ്ങൾക്കു ആവശ്യം. "ഇനി എത്രയും അല്പകാലം കഴിഞ്ഞിട്ടു വരുവാനുള്ളവൻ വരും താമസിക്കയുമില്ല". എന്നാൽ "എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും; പിന്മാറുന്നു എങ്കിൽ എന്റെ ഉള്ളത്തിനു അവനിൽ പ്രസാദമില്ല". നാമോ നാശത്തിലേക്കു പിന്മാറുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ചു ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രേ ആകുന്നു (എബ്രായർ 10:32, 35-39).

**പത്ഥ്യോപദേശങ്ങളിൽ ഉറപ്പ്:**

നിന്നെത്തന്നേയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക; ഇതിൽ ഉറെച്ചുനിൽക്ക; അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും (1 തിമോത്തി 4:15).

**സഹിഷ്ണത:**

എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകെക്കും; അവസാനത്തോളം സഹിച്ചുനില്ക്കുന്നവനോ രക്ഷിക്കപ്പെടും" മത്തായി 10:22).

**വിശുദ്ധന്മാരുമായുള്ള കൂട്ടായ്മ:**

ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ടു സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്നു കാണുംതോറും അതു അധികമധികമായി ചെയ്യേണ്ടതാകുന്നു" (എബ്രായർ 10:25).

**നിരന്തരമായ വചനധ്യാനം:**

പ്രബോധനം മുറുകെ പിടിക്ക; വിട്ടുകളയരുതു: അതിനെ കാത്തുകൊൾക, അതു നിന്റെ ജീവനല്ലോ (സദൃശ്യവാക്യം 4:13).

**ആത്മീയ ജാഗ്രത:**

നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണ്ണ ഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും (യിരെമ്യാ 29:13).

**ദൈവവുമായുള്ള നിരപ്പ്:**

നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1 യോഹന്നാൻ 1:9).

**മാനസാന്തരം:**

എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ടു (1 യോഹന്നാൻ 2:1).

**നിരന്തര ശുദ്ധീകരണം:**

അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാകട്ടെ; നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ (വെളിപ്പാട് 22:11).

**അനുസരണം:**

ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ ആത്മാവിനെ അനുസരിച്ചു നടക്കുകയും ചെയ്ക (ഗലാത്യർ 5:25).

**ആത്മാവിൽ ഐക്യം:**

നിങ്ങൾ ഏകമനസ്സുള്ളവരായി ഏകസ്നേഹം പൂണ്ടു ഐക്യമത്യപ്പെട്ടു ഏകഭാവമുള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവീൻ. ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവീൻ (ഫിലി.2:3).

**ക്രിസ്തുവിൻ ഏകാഗ്രത:**

ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുറ്റും നിൽക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക (എബ്രായർ 12:1).

ചുരുക്കിപ്പറഞ്ഞാൽ ആത്മീയ പിന്മാറ്റം ആത്മീയ മരണം തന്നെയാണ്. ഭവനത്തിലോ സഭയിലോ ആരെങ്കിലും പിന്മാറ്റത്തിന്റെ ലക്ഷണങ്ങൾ വെളിപ്പെട്ടാൽ ഇപ്പോൾ പൊതുവേ കാണുന്നത് പോലെ അവരെ വിധിച്ചു തള്ളാതെ അവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ, ബലപ്പെടുത്തുവിൻ. "ചിലരെ തീയിൽ നിന്നു വലിച്ചെടുത്തു രക്ഷിപ്പിൻ; ജഡത്താൽ കറപിടിച്ച അങ്കിപോലും പകെച്ചുകൊണ്ടു ചിലർക്കു ഭയത്തോടെ കരുണ കാണിപ്പിൻ" (യൂദാ 23).

കഥ

# കഥയും കാര്യവും: അമ്മച്ചി മോഹിച്ച സ്റ്റെതസ്ക്കോപ്പ്!



ബിനു വടക്കുംച്ചേരി

"അടുത്തത് ടോക്കൺ നമ്പർ 16, ആരാ ടോക്കൺ പതിനാറു??"

"ഞാനാ..... മോളെ" നേഴ്സിന്റെ ചോദ്യം കേട്ട് അമ്മച്ചി മുന്നോട്ടു വന്നു. അമ്മച്ചിയെയും കൂട്ടി നേഴ്സ് ഡോക്ടറിന്റെ മുറിയിലേക്ക്.

അമ്മച്ചിയെ മുൻപരിചയമുള്ള ഡോക്ടർ, "അമ്മച്ചി ഇരിക്കു... അമ്മച്ചിക്ക് എന്തു പറ്റി??"

അമ്മച്ചി - "മുട്ടു വേദന മാറിയില്ല ഡാക്കിട്ടർ സാറെ...."

അമ്മച്ചിയുടെ ലിസ്റ്റ് പരിശോധിച്ചതിനു ശേഷം, 'കുഴപ്പമില്ല അമ്മച്ചി, ഇത് മാറാൻ കുറച്ചു സമയം എടുക്കും ഇപ്പോൾ ഞാൻ തന്നിരുന്ന ഈ മരുന്ന് തന്നെ കണ്ടിന്യൂ ചെയ്താൽ മതി മാറിക്കോളും'

അമ്മച്ചി- "അല്ല, സാറെ ആ സ്റ്റെതസ്കോപ്പ് (Stethoscope) വെച്ചൊന്നു നോക്കിക്കേ അപ്പൊ അറിയാമല്ലോ"

കൂടെയുണ്ടായിരുന്ന നേഴ്സിനൊപ്പം ഡോക്ടറും ചിരിച്ചുകൊണ്ട് പറഞ്ഞു "ഇല്ല അമ്മച്ചി, അത് ഹൃദയസ്പന്ദനം കേൾക്കുവാനുള്ള ഉപകരണമാണ്" ചെറുതായി തലയാട്ടികൊണ്ട് അമ്മച്ചി അവിടെനിന്നിറങ്ങി.

രണ്ടു ദിവസത്തിനു ശേഷം വീണ്ടും അമ്മച്ചി ഡോക്ടറെ തേടിയെത്തി. തന്റെ മുട്ടുവേദന ഇനിയും മാറിയിട്ടില്ലയെന്നും, സാർ സ്റ്റെതസ്കോപ്പ് വച്ച് നോക്കിയിരുന്നെങ്കിൽ മാറിയേനെ എന്നായിരുന്നു അമ്മച്ചിയുടെ പരാതി. എന്തായാലും ചികത്സകൊണ്ട് മാറേണ്ട രോഗമല്ല അമ്മച്ചിയുടെ മുട്ടുവേദനയെന്നു തിരിച്ചറിഞ്ഞ ഡോക്ടർ തന്റെ സ്റ്റെതസ്കോപ്പ് എടുത്തു അമ്മച്ചിയുടെ മുട്ടിൽ വച്ച് പരിശോധന തുടങ്ങി. അല്പനേരം കഴിഞ്ഞു അമ്മച്ചിയോട് പറഞ്ഞു-

"ഇപ്പൊ, എല്ലാം ശരിയായി അമ്മച്ചി, ഇനിയൊന്നു നടന്നു നോക്കിക്കേ...."

"ഇപ്പൊ, എല്ലാം മാറി.... സാറെ...." എന്ന് പറഞ്ഞുകൊണ്ട് അമ്മച്ചി കസേരയിൽ നിന്ന് ചാടി എഴുന്നേറ്റു.

അങ്ങനെ 'സ്റ്റെതസ്കോപ്പ്' ചികത്സ ഫലിച്ചതോടെ അമ്മച്ചിയുടെ മുട്ടു വേദന പര്യവസാനിച്ചു.

വൈദ്യൻ 'സ്റ്റെതസ്കോപ്പ്' ഉപയോഗിച്ച് പരിശോധിച്ചാൽ മാത്രമേ തന്റെ രോഗം മാറുകയുള്ളൂയെന്ന അന്ധമായ വിശ്വാസമാണ് അമ്മച്ചിയുടെ മുട്ടുവേദന ഇത്രയും വഷളാക്കിയത്. വൈദ്യന്റെ 'പരിശോധന' രീതിയെയോ, വൈദ്യനെയോ വിശ്വാസമില്ലാതെ താൻ നിർണ്ണയിച്ച രോഗങ്ങൾക്ക് തന്റേതായ ചികത്സമുറകൾ കണ്ടെത്തുന്നവർക്ക് അത്തരം ചികിത്സ ലഭിച്ചാൽ മാത്രമേ രോഗം പൂർണ്ണമായി മാറുകയുള്ളു.

പ്രിയരേ, ദൈവീക പരിശോധനവേളയിൽ, നമ്മുടെ കഷ്ടതയിൽ ഒരുപക്ഷേ നാം ആഗ്രഹിക്കുന്ന രീതിയിലോ, സമയത്തോ വിടുതൽ ലഭിക്കണമെന്നില്ല.

യഹോവയാം കർത്താവ് അരുളിച്ചെയ്യുന്നു "എന്റെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല" (യെശയ്യാ 55:8)

അതുകൊണ്ട് നാം വിശ്വസിക്കുക മാത്രം ചെയ്താൽ മതി, ദൈവിക മഹത്ത്വം കാണുവാൻ ഇടയാകും.

ഇന്ന് ആത്മീയത്തിലും 'സ്റ്റെതസ്കോപ്പ്' ചികിത്സയുടെ കാഴ്ചകൾ കാണാം. ദൈവിക കല്പനകൾ ലംഘിച്ചും ദുരുപദേശം പറഞ്ഞും, നിമിഷപാട്ടുകളുടെ മേമ്പടിയോടെ അവതരിപ്പിക്കുന്ന 'സ്റ്റെതസ്കോപ്പ്' ചികിത്സയിലൂടെ സൗഖ്യമാക്കുന്ന ദൃശ്യങ്ങൾ പുറത്തുവിട്ടും, ഏറെ താമസിക്കാതെ സൗഖ്യം കിട്ടിയവരുടെ രോഗങ്ങൾ വീണ്ടും പ്രത്യക്ഷപ്പെടുമ്പോൾ അത് എഡിറ്റ് ചെയ്യാനും തിരക്കിട്ട് ഓടുന്ന ഒരു കൂട്ടം ഇടയർ ജനങ്ങളെ വഴിതെറ്റിക്കുകയാണ്, ഇത്തരക്കാരുടെ ദീനം ദൈവം സൗഖ്യമാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വാൽക്കഷണം : "ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്ക് വൈദ്യനെക്കൊണ്ടു ആവശ്യമില്ല" (മത്തായി 9 : 12)

01 ഐ.പി.സി. ഫാമിലി....

ങ്ങളുടെ ഇടയിൽ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിച്ചു വരുന്നു. ഐ.പി.സി. മിഡ്‌വെസ്റ്റ് റീജിയൻ പി.വൈ.പി.എയുടെ ചുമതലയും നിർവ്വഹിക്കുന്നു. ലേഡീസ് കോ-ഓർഡിനേറ്റർ സോഫി വർഗീസ് പത്താമത് ഫാമിലി കോൺഫറൻസിലും ഇതേ സ്ഥാനം വഹിച്ചിട്ടുണ്ട്. ഐക്യതയുടെയും സ്നേഹത്തിന്റെയും ദിവ്യാനുഭവം പങ്കിടുന്ന കോൺഫറൻസിന്റെ വിജയത്തിനായി ഇതിന്റെ സംഘാടകർ ഇപ്പോൾ കർമ്മനിരതരായിരിക്കുകയാണ്. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക: പാസ്റ്റർ അലക്സ് വെട്ടിക്കൽ - 405 596 0681, ജോയി തുമ്പമൺ -862 971 3761

# യഹോവാ റാഫാ

## സൗഖ്യമാക്കുന്ന ദൈവത്തിന്റെ സാക്ഷിയായി പാസ്റ്റർ ജോസ് എണ്ണിക്കാട്



പാസ്റ്റർ ജോസ് എണ്ണിക്കാട്

**2010** മെയ്മാസത്തിലെ മൂന്നാം ആഴ്ച പതിവ് വാർഷിക വൈദ്യപരിശോധനയ്ക്കായി ഹോസ്പിറ്റലിൽ എത്തുമ്പോൾ പാസ്റ്റർ ജോസ് എണ്ണിക്കാടിന് ഒരു സംശയവുമില്ലായിരുന്നു. ശാരീരികമായ യാതൊരു പ്രയാസങ്ങളും തന്നെ അലട്ടിയിരുന്നില്ല. ഒന്നു രണ്ടു ദിവസങ്ങൾക്കു മുമ്പ് 700 മൈൽ യാത്ര ചെയ്ത് ചിക്കാഗോയിൽ സഹോദര കുടുംബത്തെ സന്ദർശിച്ചു വന്നതേയുള്ളു. പതിവ് ചടങ്ങെന്നവണ്ണം ഡോക്ടറുടെ മുമ്പിൽ ഇരുന്നു. എന്നാൽ രക്ത പരിശോധനയിൽ കണ്ട വ്യതിയാനം ഡോക്ടറുടെ ശ്രദ്ധയിൽ പെട്ടു. അടുത്ത ദിവസം സ്പെഷ്യൽ ഡോക്ടർ വിദഗ്ദ പരിശോധന നടത്തി. മണിക്കൂറുകൾക്ക് ശേഷവും ഡോക്ടറുടെ മുറിയിൽ ഇരിക്കുമ്പോൾ പാസ്റ്റർ ജോസ് എണ്ണിക്കാടിനു യാതൊരു സന്ദേഹവും ഇല്ലായിരുന്നു. യാതൊരു ശാരീരിക പ്രയാസവുമില്ലാത്തതിനാൽ ഹൃദയലാഘവത്തോടെ താൻ അവിടെ ഇരുന്നു. പരിശോധനയുടെ ഫലത്തെക്കുറിച്ച് ഡോക്ടർ പറയുവാൻ തുടങ്ങി. "ക്ഷമിക്കണം; ഞാൻ തുറന്നു പറയുകയാണ്. നിങ്ങൾക്ക് കാൻസർ ആണ്". കേട്ട വാക്കുകൾ ശരിയോ തെറ്റോ എന്നറിയാതെ സ്തംഭിച്ചിരിക്കുമ്പോൾ വീണ്ടും ഡോക്ടറുടെ വാക്കുകൾ കാതിൽ ആഞ്ഞുപതിച്ചു. "ഇതൊരു വല്ലാത്ത തരം കാൻസറാണ്". ആരോഗ്യമുള്ള ശരീരമാണ് എന്റേതെന്ന് ചിന്തിച്ചിരുന്ന തനിക്ക് ഈ വാക്കുകളുടെ മുമ്പിൽ നിശ്ചേഷ്ഠനായി ഇരിക്കുവാനേ സാധിച്ചുള്ളു. അശനിപാതം പോലെ വന്നു പതിച്ച വാക്കുകൾ തന്നെ തളർത്തി. മനോമുകരത്തിൽ തെളിഞ്ഞു വന്ന ചിത്രം ഭാര്യയുടെയും പറക്കമുറ്റാത്ത മൂന്നു കുഞ്ഞുങ്ങളുടെയും മുഖമായിരുന്നു. ജീവിതം ആകെ ആടിയുലയുന്നു. ജീവിതത്തിന്റെ ഭാവി സ്വപ്നങ്ങൾ തകർന്നടിയുന്നു. ജീവിത നൗക തിരമാലയിൽ തകർന്നടിയുന്നു.

ആ ഹോസ്പിറ്റൽ മുറിയിൽ നിരാശനായിരുന്ന പാസ്റ്റർ ജോസ് എണ്ണിക്കാടിന്റെ ഹൃദയത്തിലേക്ക് ഒരു കുളിർക്കാറ്റ് ഒഴുകിയെത്തി. ആശങ്കകളും നിരാശയും ഭയവും എവിടെയോ പോയിമറഞ്ഞു. പകരം ദിവ്യസമാധാനത്താൽ ഹൃദയം നിറഞ്ഞു. ദൈവം എല്ലാം നന്നായി ചെയ്യുമെന്ന് ആരോ ചെവിയിൽ മന്ത്രിക്കുന്നത് കേട്ട് പുഞ്ചിരിയോടെ അദ്ദേഹം അവിടെ നിന്നും ഇറങ്ങി.

രോഗവിവരം അറിഞ്ഞ് വിളിച്ചവരെ ധൈര്യപ്പെടുത്തുവാൻ പാസ്റ്റർ ജോസിന് ദൈവം കൃപ നൽകി. പാസ്റ്റർ റ്റി. തോമസും മറ്റു ദൈവദാസന്മാരും ദൈവമക്കളും സ്നേഹിതരും ഭവനത്തിലെത്തി തനിക്കായി പ്രാർത്ഥിക്കുവാൻ ആരംഭിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി അനേകർ പ്രാർത്ഥിക്കുവാൻ ആരംഭിച്ചു. ദൈവാത്മാവ് ആ ദിവസം രാത്രിയിൽ തന്നോട് സംസാരിച്ചു. രണ്ട് വേദവാക്യങ്ങൾ തനിക്കു നൽകി. യെശയ്യാവ് 53:4,5 ഉം സങ്കീർത്തനങ്ങൾ 103:3 ഉം ആയിരുന്നു ആ വചനങ്ങൾ. സൗഖ്യമാക്കുന്ന ദൈവത്തെക്കുറിച്ചുള്ള ഉറപ്പായിരുന്ന തനിക്കത്. ആ ഞായറാഴ്ച ഇതിനെ അടിസ്ഥാനമാക്കി സഭായോഗത്തിൽ പ്രസംഗിച്ചു. മറ്റുള്ളവരോട് പറയുന്ന വചനം സ്വജീവിതാനുഭവം ആക്കുവാൻ ദൈവത്തിൽ ശരണം പ്രാപിച്ചു.

2010 മെയ് മാസം മുതൽ സെപ്റ്റംബർ വരെ വിവിധ ഘട്ടങ്ങളിലായുള്ള ചികിത്സ ബെയ്‌ലർ യൂണിവേഴ്സിറ്റി ഹോസ്പിറ്റലിൽ നടത്തി. നാലു ഘട്ടങ്ങളിലായി നടത്തിയ കീമോതെറാപ്പിയും മറ്റ് ചികിത്സകളും മുഖാന്തരം ശാരീരികമായി ക്ലേശങ്ങളിലൂടെ കടന്നു പോയ സമയം. അതിവേദനയുടെ സമയങ്ങളിൽ ആശ്വാസമായത് 'എന്റെ കൃപ നിനക്കു മതി' എന്ന വചനമായിരുന്നു. നാലാം റൗണ്ട് കീമോതെറാപ്പിക്കു ശേഷമായി ഭവനത്തിലെത്തി. ദൈവത്തിന്റെ സ്പർശനത്തിനായി പ്രാർത്ഥിച്ചു കാത്തിരുന്നു. തന്നെതന്നെ ക്രമീകരിക്കുവാനും ഒരുക്കുവാനും കഴിഞ്ഞ സമയങ്ങളായിരുന്നു അത്.



പാസ്റ്റർ ജോസ് എണ്ണിക്കാട് കുടുംബത്തോടൊപ്പം

സെപ്റ്റംബർ മാസം അവസാന ശനിയാഴ്ച വൈകുന്നേരം ആയപ്പോഴേക്കും ശരീരമാസകലം അസഹനീയമായ വേദനയാൽ നിറഞ്ഞു. സഹധർമ്മിണിയ്ക്ക് ജോലിക്കു പോകാതിരിക്കുവാൻ കഴിയാത്ത സാഹചര്യം. ദുഃഖത്തോടെ ജോലിക്കുപോയ ഭാര്യയെ ആശ്വസിപ്പിച്ച് കിടക്കയിൽ താൻ കിടന്നു. രാത്രി മുമ്പോട്ടു പോകുന്തോറും വേദന തന്നെ കാർന്നു തിന്നുവാൻ തുടങ്ങി. മക്കളെയോ അടുത്ത വീടുകളിലായി താമസിക്കുന്ന സഹോദരങ്ങളെയോ വിളിക്കുവാൻ തോന്നിയില്ല. പകരം കർത്താവിനോട് സൗഖ്യമാക്കുവാൻ കരയുവാൻ തുടങ്ങി. അതിവേദനയിൽ പുളഞ്ഞിരുന്ന താൻ അറിയാതെ മയക്കത്തിലേക്കു വീണു. ആ രാത്രിയിൽ അരുമനാഥൻ ദർശനത്തിൽ തന്റെ അടുക്കലെത്തി. ലാസറിന്റെ കല്ലറയ്ക്കൽ എത്തിയ അരുമനാഥന്റെ ദർശനം, കാറ്റിനെ ശാസിച്ചവന്റെ ദർശനം തനിക്കന്നു ലഭിച്ചു. പെട്ടെന്നുണർന്ന താൻ ശരീരത്തിൽ സൗഖ്യം അനുഭവിച്ചറിഞ്ഞു. പിന്നീട് നടത്തിയ വിദഗ്ദപരിശോധനയിൽ തന്റെ ശരീരത്തിൽ ആരോഗമില്ലെന്ന് വൈദ്യശാസ്ത്രം കുറിച്ചു. "യഹോവ റാഫാ" ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ.

കോന്നി കൊന്നപ്പാറ എണ്ണിക്കാട്ട് എ.റ്റി വർഗ്ഗീസിന്റെയും ഗ്രേസിക്കുട്ടിയുടെയും 10 മക്കളിൽ 6–ാമനായി ജനിച്ച ജോസ് 1979 മുതൽ 81 വരെ മുളക്കുഴയിൽ വേദപഠനം നടത്തി. നെടുമുടി, ചെന്നാമറ്റം, കൊല്ലം സഭകളുടെ ശുശ്രൂഷകനായി. 1985–ൽ അമേരിക്കയിലെത്തി. നോർത്ത് ഡാളസ് ചർച്ച് ഓഫ് ഗോഡ് സഭയുടെ ശുശ്രൂഷയിൽ പങ്കാളിയായി. 1994–ൽ ആരംഭിച്ച ന്യൂ ലൈഫ് ചർച്ച് ഓഫ് ഗോഡ് സഭയിൽ 2004 വരെ ശുശ്രൂഷകനായി 2004 മുതൽ ഈസ്റ്റ് ഡാളസ് സഭയിൽ സഹശുശ്രൂഷകനും യൂത്ത് പാസ്റ്ററുമായി പ്രവർത്തിക്കുന്നു. (ന്യൂലൈഫ് ചർച്ച് ഓഫ് ഗോഡിന്റെ ചർച്ച് ഫണ്ടാണ് താൻ മുളക്കുഴയിൽ ബൈബിൾ കോളജിനായി സ്ഥലം വാങ്ങുവാൻ നൽകിയത്)

സൗഖ്യമാക്കുന്ന ദൈവത്തിന്റെ കരം ബാല്യം മുതലെ അനുഭവിച്ചറിഞ്ഞാണ് പാസ്റ്റർ ജോസ് വളർന്നത്. 12 വയസു മുതൽ തന്നെ അലട്ടിയിരുന്ന സന്നിപാതം 14–ാം വയസിൽ ഒരു ദൈവദാസന്റെ പ്രാർത്ഥനയാൽ സൗഖ്യമായി. നട്ടെല്ലിന്റെ ഡിസ്കിനുണ്ടായ മാരകമായ പ്രശ്നം പരിഹരിക്കുവാൻ ഓപ്പറേഷൻ ആവശ്യമാണെന്ന് ഡോക്ടർ വിധിച്ചു. പ്രാർത്ഥനയാൽ ദൈവം പൂർണമായി വിടുവിച്ചു. മാരകമായിരുന്ന ബ്ലഡ് കാൻസറും കർത്താവ് സൗഖ്യമാക്കിയപ്പോൾ പാസ്റ്റർ ജോസ് തന്റെ നിയോഗം തിരിച്ചറിയുകയായിരുന്നു. സൗഖ്യദായകന്റെ കരത്തിന്റെ ശക്തി അനേകരുടെ ജീവിതത്തിന് പരിചയപ്പെടുത്തി കൊടുക്കുവാൻ ദൈവം തന്നെ ഏല്പിച്ച നിയോഗമായിരുന്നു അത്. ആസന്നമരണരായിരുന്നവർക്കായി പ്രാർത്ഥിക്കുവാനും ദൈവശക്തി രുചിച്ചറിയുവാനും ഉള്ള നിയോഗം താൻ ഏറ്റെടുത്തു. രോഗികൾക്കായി പ്രാർത്ഥിക്കുക ദൈവസ്നേഹത്തെക്കുറിച്ച് പറയുക. മക്കളില്ലാത്തവർക്കായി ദൈവാത്മ നിയോഗത്താൽ പ്രാർത്ഥിച്ചു ദൈവപ്രവർത്തി വെളിപ്പെട്ടു. പാസ്റ്റർ ജോസ് എണ്ണിക്കാടിനു പറയുവാൻ ഇത്രമാത്രം "എന്റെ ജീവിതം അത്ഭുതം ആണ് കർത്താവ് തന്ന സൗഖ്യം മാത്രമാണ് എന്നെ ജീവനോടെ ശേഷിപ്പിച്ചത്. ഞാൻ പ്രാർത്ഥിക്കുന്നതിന്റെ ശക്തിയാലല്ല രോഗികൾ സൗഖ്യമാകുന്നത്. എന്നിൽ വ്യാപരിച്ച കർത്താവിന്റെ ശക്തി ഒന്നു മാത്രമാണത്. മഹത്വം എന്റെ രക്ഷകന്"

ഭാര്യ: പൂവത്തൂർ പരുത്തുംപാറ പാസ്റ്റർ ജോൺ തോമസിന്റെ മകൾ മേഴ്സി.

മക്കൾ: ജെഫ്രിൻ, ജെറമി, ജെസ്‌വിൻ

"യഹോവ റാഫാ"

തയ്യാറാക്കിയത്



മാത്യു സി. കോശി (ബിനു), ഡാളസ്
ഫോൺ 972 415 6587

Email: j.annicattu@gmail.com
Ph: 972 - 768 - 7420

# 28 വർഷങ്ങൾ പിന്നിടുന്ന ഐ.പി.സി. ഹെബ്രോൻ ഡാളസ്



ഐ.പി.സി. ഹെബ്രോൻ ഡാളസ്

മലയാളക്കരയിൽ നിന്ന് ഏഴാംകടലിനക്കരെ കുടിയേറിയവരിൽ പലരും എത്തിച്ചേർന്നത് ടെക്സാസ് സ്റ്റേറ്റിലെ ഡാളസിലാണ്. അവരിൽ പലരും പെന്തെക്കോസ്ത് വിശ്വാസികളായിരുന്നു. ദൈവമക്കൾ കൂട്ടായ്മക്കായി ഒത്തുകൂടി അവർ ദൈവത്തെ ആരാധിച്ചു. അതിൽ ഭൂരിപക്ഷവും ഇന്ത്യൻ പെന്തെക്കോസ്ത് ദൈവസഭയുടെ അംഗങ്ങളായിരുന്നു. ഐ.പി.സിയുടെ ഭരണഘടന പ്രകാരമുള്ള സഭ ആരംഭിക്കണമെന്ന ആശയം ഉടലെടുത്തപ്പോൾ അതിനായി പ്രാർത്ഥിച്ചു. 1986-ൽ ചുരുക്കം ചില വിശ്വാസികൾ ഒരുമിച്ച് ഐ. പി. സി സഭയുടെ ആരംഭം കുറിച്ചു. 1986 മാർച്ച് 16ന് ഡാളസ് ഫാർമേഴ്സ് ബ്രാഞ്ചിലുള്ള റമഡോഇന്നിൽ നടന്ന സഭാ യോഗത്തിൽ പാസ്റ്റർ ഉമ്മൻ ഏബ്രഹാം ഐ.പി.സി ഹെബ്രോൻ ഡാളസിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഉദ്ഘാടനം ചെയ്യപ്പെട്ടു എങ്കിലും ആരാധനയ്ക്കായി സ്ഥലം ഇല്ലാതിരുന്ന വിശ്വാസികൾക്കായി ദൈവം ഒരുഭവനം ഒരുക്കി. പൂവക്കാലായിൽ ശ്രീ ജോർജ്ജ് കുര്യന്റെയും കഴിഞ്ഞ ദിവസം കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ട ശ്രീമതി ശോശാമ്മ (അമ്മിണി)യുടെയും ഭവനമായിരുന്നു അത്. ഐ.പി.സി ഹെബ്രോൻ ഡാളസിന്റെ ചരിത്രത്തിൽ മറക്കാനാവാത്ത കുടുംബമാണത് (ശ്രീമതി ശോശാമ്മയുടെ സഹോദരൻ ഏബ്രഹാം പി.ഏബ്രഹാമാണ് ഇപ്പോൾ സഭയുടെ സെക്രട്ടറി). സഭയുടെ വളർച്ച വളരെ പെട്ടെന്നായിരുന്നു. ആളുകളെ ഉൾക്കൊള്ളുവാൻ കഴിയാത്ത നിലയിൽ ഞെരുക്കമായപ്പോൾ വീടിനുള്ളിലെ ഭിത്തി പൊളിച്ചുമാറ്റി ആരാധനയ്ക്കായി ഭവനത്തിലുള്ളവർ സൗകര്യമൊരുക്കി. എന്നാൽ സഭയുടെ വളർച്ച ത്വരിതഗതിയിലായിരുന്നു. അതിനാൽ ആരാധാന അവിടെ നിന്ന് ഏബ്രഹാം പി.ഏബ്രഹാമിന്റെ പരിശ്രമത്താൽ താൻ താമസിച്ചിരുന്ന അപ്പാർട്ട്മെന്റ് കോംപ്ലക്സിന്റെ ഫെലോഷിപ്പ് ഹാളിലേക്ക് മാറ്റി. സ്ഥലപരിമിതി മൂലം ഫാർമേഴ്സ് ബ്രാഞ്ചിലെ റിക്രിയേഷൻ സെന്ററിലേക്കും തുടർന്ന് കല്ലട മത്തായിച്ചന്റെ സീമന്തപുത്രനായ ഡോ. സാമുവേൽ മത്തായിയുടെ സഹായത്താൽ ഗോസ്പൽ ലൈറ്റ് ഹൗസ് എന്ന സ്വതന്ത്രസഭയടെ കെട്ടിടത്തിലേക്കും ആരാധന മാറ്റി. സ്വന്തമായി ഒരു ആരാധനാലയത്തിനായി ദൈവജനം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. കൂടാരം മാറ്റി മാറ്റി അടിച്ച സഭയ്ക്ക് 1990-ൽ മനോഹരമായ ആലയം ലഭിച്ചു. 400 പേർക്കിരിക്കുവാൻ സൗകര്യമുള്ള മനോഹരമായ സംവിധാനം ഗാർലന്റിലെ കിങ്സ്ലി റോഡിൽ ദൈവം നൽകി. എന്നാൽ 1997 -ൽ സഭയുടെ വളർച്ച മുഖാന്തിരം പുതിയ ആലയത്തിന്റെ ആവശ്യകത ഉടലെടുത്തു. പാസ്റ്റർ എം.ഒ. ശാമുവേലിന്റെ നേതൃത്വത്തിൽ സഭ ശക്തമായി വളരുന്ന ഘട്ടമായിരുന്നു അത്. സഭയുടെ പ്രാർത്ഥനയുടെയും പ്രവർത്തനത്തിന്റെയും ഫലമായി ഗാർലന്റിൽ 3 ഏക്കർ സ്ഥലം വാങ്ങി പുതിയ ബിൽഡിംഗിന്റെ പണി ആരംഭിച്ചു. 700 പേർക്കിരിക്കാവുന്ന പ്രധാന ഹാളും മറ്റ് അനുബന്ധ സംവിധാനങ്ങളോടെയും ബിൽഡിംഗ് പണി പൂർത്തീകരിച്ചു. 13 ലക്ഷം ഡോളർ ചെലവിൽ പണിത ആരാധനാലയത്തിന്റെ ഉദ്ഘാടനം 2002 ജൂലൈ 13-ാം തീയതി പാസ്റ്റർ റ്റി.എസ് ഏബ്രഹാം നിർവ്വഹിച്ചു. ചെറിയ തുടക്കത്തെ ആദരിച്ച ദൈവം ഡാളസ് ഹെബ്രോൻ ഐ.പി. സിയെ വളർത്തി. അമേരിക്കയിലെ പ്രധാന മലയാളി പെന്തെക്കോസ്തു സഭകളുടെ മുൻപന്തിയിലെത്തിച്ചു. പാസ്റ്റർ കെ.എം ജോണി ആയിരുന്നു ആദ്യ ചിലമാസങ്ങൾ സഭാശുശ്രൂഷ നിർവ്വഹിച്ചത്. തുടർന്ന് ഔദ്യോഗികമായി പാസ്റ്റർ വി.ജെ തോമസ് സഭാ ശുശ്രൂഷകനായി ചുമതലയേറ്റു. പാസ്റ്റേഴ്സ് കെ. എം വർഗ്ഗീസ്, എം. ഒ. ശാമുവേൽ എന്നിവർക്കു ശേഷം വീണ്ടും പാസ്റ്റർ വി.ജെ തോമസ് ശുശ്രൂഷകനായെത്തി. അതിനുശേഷം പാസ്റ്റർ മോനീസ് ജോർജ്ജ് ശുശ്രൂഷകനായി. 2012 മുതൽ ഡോ. പി.ബി തോമസ് സഭാശുശ്രൂഷകനായി സേവനമനുഷ്ഠിക്കുന്നു.

സുവിശേഷീകരണത്തിനും കൂട്ടായ്മയ്ക്കും പ്രാധാന്യം നൽകുന്നതുപോലെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും സഭ മുൻതൂക്കം നൽകുന്നു. ഇന്ത്യയിൽ സുവിശേഷീകരണത്തിൽ സഹായിക്കുന്ന സഭ ചത്തീസ്ഗഡിലും നേരിയമംഗലം ഏരിയായിലും മിഷൻ പ്രവർത്തനം നടത്തുവാൻ സഹായിക്കുന്നു. കൂടാതെ ഭവന നിർമ്മാണം, വിവാഹ സഹായം, വിദ്യാഭ്യാസ സഹായം എന്നിവ നൽകുന്നതിലും ശ്രദ്ധിക്കുന്നു. സണ്ടേസ്കൂൾ, പി.വൈ.പി.എ, സോദരീസമാജം, മെൻസ് മീറ്റിംഗ് എന്നിവ വളരെ ശക്തമാണ്.

പാസ്റ്റർ പി.ബി തോമസിന്റെ നേതൃത്വത്തിൽ സഭ ശക്തമായ മുന്നേറ്റമാണ് നടത്തുന്നത്. പിതാക്കന്മാർ കാണിച്ചുതന്ന മാതൃകയിൽ മലയാളത്തനിമ കൈവിടാത്തൊരു സഭ. ബ്രദർ ഏബ്രഹാം പി. ഏബ്രഹാം (സെക്രട്ടറി), ബ്രദർ വിൽസൺ ജോർജ്ജ് (ട്രഷറർ) സഹോദരന്മാരായ തോമസ് ഏബ്രഹാം, സ്റ്റീഫൻ ജോർജ്ജ്, വിനോയി ജോർജ്ജ് എന്നിവർ ട്രസ്റ്റീസായും ബിജു മാത്യു, ഡാനിയേൽ ഏബ്രഹാം, ജോർജ്ജ് മാത്യു, ഐസക് ജോർജ്ജ്, ജസ്റ്റിൻ ഫിലിപ്പ്, മാത്തുക്കുട്ടി ഗീവർഗീസ്, വർഗ്ഗീസ് കുര്യൻ, വിൽസൻ തരകൻ, വെസ്ലി മാത്യു എന്നിവർ അംഗങ്ങളായും പ്രവർത്തിക്കുന്നു.

മിഷൻ ബോർഡ് ഡയറക്ടറായി സന്തോഷ് യോഹന്നാന്നും യൂത്ത് ഡയറക്ടറായി സാം മാത്യുവും മ്യൂസിക്ക് (മലയാളം) ഡയറക്ടറായി കെ. ബാബുവും മ്യൂസിക്ക് (ഇംഗ്ലീഷ്) ഡയറക്ടറായി അലൻ കുര്യനും സണ്ടേസ്കൂൾ പ്രിൻസിപ്പാളായി സാമുവേൽ വർഗ്ഗീസും മെൻസ് ഫെലോഷിപ്പ് ഡയറക്ടറായി രാജു തരകനും സിസ്റ്റേഴ്സ് ഫെലോഷിപ്പ് കോർഡിനേറ്ററായി സിസ്റ്റർ പെണ്ണമ്മ മാത്യുവും പ്രവർത്തിക്കുന്നു.

Pastor



Rev. P.B. Thomas. Ph.D

Youth Pastor



Rev. Sam Alex
M.Div (D.Min)

Secretary



Abraham P. Abraham

Treasurer



Wilson George

## Trustees



Thomas Abraham



Stephen George



Vinoi George

**തയ്യാറാക്കിയത്**

**പാസ്റ്റർ സാംകുട്ടി മാത്യു, റാന്നി**

## Board Members



Biju Mathew



Daniel Abraham



George Mathew



Issac George



Justin Philip



Mathukutty Geevarghese



Varghese Kurian



Wilson Tharakan



Wesly Mathew

### കൂടുതൽ വിവരങ്ങൾക്ക്

Rev. P.B. Thomas. Ph.D (Pastor)
(972) 240-6240, (972) 827-8347, (917) 319-5745
Email: ipchebronpastor@gmail.com

Bro. Abraham P Abraham (Secretary)
(972) 896-5423
Email: abrahampabraham1009@gmail.com

### വിലാസം

IPC Hebron Dallas Inc
1751 wall street, Garland, TX 75041
Email: ipchebronpastor@gmail.com
website: ipchebron.org

# സംയുക്ത ഏകദിന ക്യാമ്പ് സമാപിച്ചു



പാസ്റ്റർ ബഞ്ചമിൻ വർഗീസ് ഉദ്ഘാടനം ചെയ്യുന്നു.

**അടൂർ:** ഐ.പി.സി വെസ്റ്റ് സെന്റർ സണ്ടേസ്കൂൾ പി.വൈ.പി.എ സംയുക്ത ഏകദിന ക്യാമ്പ് 2014 സെപ്റ്റംബർ 9ന് ഇടയ്ക്കാട് ഐ.പി.സി. ചർച്ചിൽ നടന്നു. രക്ഷാധികാരി പാസ്റ്റർ ബഞ്ചമിൻ വർഗീസ് ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ ഡോ. എഡിസൺ തോമസ് വേങ്ങൂർ ക്ലാസ് നയിച്ചു. കുട്ടികൾക്കായി പ്രത്യേക സെക്ഷനും ഉണ്ടായിരുന്നു. പാസ്റ്റർ മാർക്ക് എൻ.തങ്കച്ചൻ, ഇവാ. ഷിബു തോമസ് എന്നിവർ അദ്ധ്യക്ഷന്മാരായിരുന്നു. സഹോദരന്മാരായ ബിനോയ് റ്റി.സാം, ഐസക്ക് എം.ജെ എന്നിവർ സ്വാഗതവും കൃതജ്ഞതയും അറിയിച്ചു. പാസ്റ്റർമാരായ എ.സി. ജോസ്, സാജൻ ഈശോ, സഹോദരന്മാരായ എഡിസൺ തോമസ്, റ്റി.ഡി. ജെയിംസ്, സെന്റർ സെക്രട്ടറി പാസ്റ്റർ ബിജു കോശി, സെന്റർ ട്രഷറാർ ബ്രദർ എ. അലക്സാണ്ടർ ഇടയ്ക്കാട് സഭാ ശുശ്രൂഷകൻ പാസ്റ്റർ എൽ ഫിലിപ്പ് എന്നിവർ നേതൃത്വം നൽകി. ബ്രദർ ജിനോയ് തോമസ് ടീം ഗാനപരിശീലനത്തിന് നേതൃത്വം നൽകി

# യു.പി.എഫ്. ബൈബിൾ സെമിനാർ



**വൈപ്പിൻ:** യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ സെപ്തംബർ 18 – 20 വരെ രാവിലെ 10 മുതൽ 5 മണി വരെ ഞാറയ്ക്കൽ കെ.റ്റി. എക്സ് ഹാളിൽ ബൈബിൾ സെമിനാർ നടന്നു. യു.പി.എഫ് പ്രസിഡന്റ് പാസ്റ്റർ മത്തായി ഹാബേൽ ഉദ്ഘാടനം ചെയ്തു. പ്രശ്സ്ത വേദദ്ധ്യാപകൻ സാജു ജോൺ മാത്യു ക്ലാസ്സുകൾ എടുത്തു.

# വൈപ്പിൻ പി.സി.ഐ ഉദ്ഘാടനം



**വൈപ്പിൻ:** പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ വൈപ്പിൻ ചാപ്റ്ററിന്റെ ഉദ്ഘാടനം ജനറൽ ട്രഷറർ മോൻസി മാങ്കുളങ്ങര നിർവ്വഹിച്ചു. എളങ്കുന്നപ്പുഴ ന്യൂ ഇന്ത്യ ഹാളിൽ പ്രസിഡന്റ് സാംകുട്ടി ജോൺ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ രാജു ആനിക്കാട് മുഖ്യ സന്ദേശം നൽകി. സെക്രട്ടറി പാസ്റ്റർ ഷാജി വിരുപ്പിൽ സ്വാഗതവും, ജോ. സെക്രട്ടറി റോബിൻ ഏബ്രഹാം നന്ദിയും പറഞ്ഞു. പാസ്റ്റർമാരായ പി.സി. ജോസഫ്, ജോസഫ് സെബാസ്റ്റ്യൻ, സെൻ കോശി, ക്ലീറ്റസ് എം.ഏ, ബ്രദർ സി.എസ് സേവ്യർ, ജോസഫ് ഷൈൻ, റ്റി.എസ്. സാബു, രഞ്ജിത്ത് എന്നിവർ പ്രസംഗിച്ചു.

# സായാഹ്ന ബൈബിൾ ക്ലാസ്

**എറണാകുളം:** ഐ.പി.സി. വളഞ്ഞമ്പലം ഹാളിൽ എല്ലാ തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ വൈകുന്നേരം 6. 30ന് ബൈബിൾ ക്ലാസ്സ് ആരംഭിച്ചു. വിവിധ വിഷയങ്ങളെ കുറിച്ച് പ്രഗത്ഭരായ വേദ പണ്ഡിതർ ക്ലാസ്സുകൾ എടുക്കും. പാസ്റ്റർ കെ.സി. ശാമുവേൽ നേതൃത്വം നൽകും. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുമെന്ന് പി. റ്റി. തോമസ് അറിയിച്ചു.

# പി.വൈ.പി.എ. ആയൂർ സെന്റർ യൂത്ത് അസംബ്ലി




*പി.വൈ.പി.എ ആയൂർ സെന്റർ യൂത്ത് അസംബ്ലി പാസ്റ്റർ വർഗീസ് മത്തായി ഉദ്ഘാടനം ചെയ്യുന്നു. സമീപം പാസ്റ്റർമാരായ സ്റ്റാൻലി അലക്സ്, ജോസഫ് മാത്യു, ജോർജ്ജ് രാജൻ, പി. ഐ. ഏബ്രഹാം, റ്റി. കെ. അലക്സാണ്ടർ*

**ആയൂർ:** പി.വൈ.പി.എ ആയൂർ സെന്റർ യൂത്ത് അസംബ്ലി "ഹോപ്പ് ഓഫ് റിവൈവൽ" – 2014 ഐ.പി.സി കൊട്ടാരക്കര മേഖലാ വൈസ് പ്രസിഡന്റ് പാസ്റ്റർ വർഗീസ് മത്തായി ഉദ്ഘാടനം ചെയ്തു. സെപ്റ്റംബർ 9–ന് മലപ്പേരൂർ ഐ.പി.സി ബഥേൽ ഹാളിൽ പാസ്റ്റർ ജോർജ്ജ് രാജന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സാം പി. ജോൺ, ലുബിൻ ദാസ് എന്നിവർ പ്രസംഗിച്ചു.

പഠന സമ്മേളനത്തിൽ പാസ്റ്റർ പി.ഐ എബ്രഹാം അദ്ധ്യക്ഷത വഹിച്ചു. റവ. സ്റ്റാൻലി അലക്സ് കോട്ടയം പ്രബന്ധം അവതരിപ്പിച്ചു. ബ്രദർ അലൻ വർഗീസിന്റെ നേതൃത്വത്തിൽ സ്പെഷ്യൽ പ്രോഗ്രാം നടന്നു. പാസ്റ്റർ കെ.ടി ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമാപന സമ്മേളനത്തിൽ പാസ്റ്റർ ബ്ലസൻ മാത്യു ചെറിയനാട് പ്രഭാഷണം നടത്തി. കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച വാളകം ഈസ്റ്റ് ഹെബ്രോൻ പി.വൈ.പി.എ–യ്ക്കു പ്രത്യേക പാരിതോഷികം നൽകി.

## ഡോ.കോര സംസാരിക്കുന്നു



1. എല്ലാ മാസവും കൃത്യമായി പത്രാധിപസമിതി യോഗം കൂടുന്ന പെന്തെക്കോസ്തു പത്രത്തിന്റെ പേര് കോരയ്ക്കറിയാമോ? **– അൽഫാ സനിൽ**

*സഹോദരന്മാരുടെ പത്രത്തിൽ ആയിരിക്കാൻ വഴിയില്ല; സഹോദരിമാരുടേതായിരിക്കും സിസ്റ്ററേ.*

2. കല്ലുകടിയിൽ ആരെയൊക്കെയോ വലിച്ചിഴച്ചെന്ന് ഒരു പരാതി കേട്ടല്ലോ കോരേ എന്താ കാര്യം **– സുബിൻ കുമ്പനാട്**

*കോര ഈ നാട്ടുകാരനല്ലാത്തതിനാൽ തൽക്കാലം അഭിപ്രായം പറയുന്നില്ല. വേണമെങ്കിൽ അടുത്തലക്കമാവട്ടെ.*

3. ഭരണഘടനാ മാറ്റത്തിനായി ഐ.പി.സിയിൽ ശ്രമം തുടങ്ങിയെന്ന വാർത്ത കോര കേട്ടില്ലേ? **– എബി കുമ്പനാട്**

*ഭരണഘടനയും മാറണം നേതാക്കന്മാരുടെ മനോഭാവവും മാറണം. എന്നാൽ ഐ.പി.സി രക്ഷപ്പെട്ടു എന്നാണ് കോരയുടെ അഭിപ്രായം.*

4. റോബർട്ട് കുക്കിന്റെ ശതാബ്ദി ആഘോഷത്തിൽ പ്രഖ്യാപിച്ച വൻ പദ്ധതികളുടെ ഗതി എന്തായി കോരേ? **– മോൻസി മുളക്കുഴ**

*ഏട്ടിലെ പശു പുല്ലു തിന്നാറില്ലല്ലോ.*

# EUODIA'14 ന് അനുഗ്രഹ സമാപനം




EUODIA'14 IPC കേരളാ സ്റ്റേറ്റ് പ്രസിഡന്റ് പാ. കെ. സി.തോമസ് ഉദ്ഘാടനം ചെയ്യുന്നു

**തിരുവനന്തപുരം:** തിരുവനന്തപുരം മേഖല PYPA നടത്തിയ 3 ദിവസത്തെ ക്യാമ്പ് ആയ EUODIA'14 സെപ്റ്റംബർ 8 തിങ്കളാഴ്ച രാവിലെ IPC കേരളാ സ്റ്റേറ്റ് പ്രസിഡന്റ് പാ. കെ. സി. തോമസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ റവ: കെ.സി.ജോൺ, പാ. സാം ജോർജ്ജ്, പാ. ദാനിയേൽ കൊന്നനിൽക്കുന്നതിൽ, പാ. റെജി ശാസ്താംകോട്ട, ഇവാ. സിനോജ് ജോർജ്, ഇവാ. സാബു ചാപ്രത്ത്, ഇവാ. ബിനു തമ്പി, പാ. അലക്സ് ജോ, പാ.ജോ തോമസ് എന്നിവർ ദൈവവചനം സംസാരിച്ചു. സിസ്റ്റർ മിജി സാജൻ കൗസിലിംഗിന് നേതൃത്വം നൽകി. PYPA ക്വയറിന് ബ്ര. ബെനിസൺ പി. ജോൺസൺ നേതൃത്വം നൽകി. കൂടാതെ ഡോ. ബ്ലസൻ മേമന, സിസ്റ്റർ ബിൻസി, ബ്ര. ജോസ് മേമന എന്നിവർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. അനുഗ്രഹപ്രദമായ രീതിയിൽ കിഡ്സ് സെക്ഷൻ നടക്കുകയുണ്ടായി. ക്യാമ്പ് 10–ാം തീയതി ബുധനാഴ്ച 1 മണിക്ക് സമാപിച്ചു. മേഖല എക്സിക്യൂട്ടീവുകളായ പാ. കലേഷ് എസ് (പ്രസിഡന്റ്) വൈസ് പ്രസിഡന്റുമാരായ ബ്ര. ഷിബു വിക്ടർ, പാ. സാബു ആര്യപ്പള്ളിൽ, ബ്ര. ജയ്സൺ സോളമൻ (സെക്രട്ടറി) ജോയിന്റ് സെക്രട്ടറിമാരായ ബ്ര.ജോസഫ് സാം, ഇവ.സാബു ജോസഫ്, ട്രഷറർ ബ്ര. സജി കുമാർ പബ്ലിസിറ്റി കൺവീനർ ബ്ര. വിൻസെന്റ് ശാമുവേൽ എന്നിവർക്കൊപ്പം ക്യാമ്പ് ജനറൽ കൺവീനർ പാ. ദാനിയേൽ കൊന്നനിൽക്കുന്നതിൽ, ജോ.കൺവീനർമാരായ ബ്ര. ഡേവിഡ് സാം, പാ.മോൻസി തോമസ്, ജന.കോഡിനേറ്റർ പാ.ഡി.കെ.ജോസ് എന്നിവരോടൊപ്പം മേഖലാ ഭാരവാഹികളും ഒരുമിച്ചു പ്രവർത്തിച്ചു. 650 ലധികം പേർ രജിസ്റ്റർ ചെയ്ത ക്യാമ്പ് വളരെ അനുഗ്രഹകരമായി നടന്നു. ചിലർ പരിശുദ്ധാത്മാവിൽ നിറയുകയും സ്നാനപ്പെടുന്നതിന് തീരുമാനിക്കുകയും ചെയ്തു. 2014 ജൂൺ മാസം പ്രവർത്തനം ആരംഭിച്ച പുതിയ ഭരണസമിതിയുടെ ഈ ക്യാമ്പ് തിരുവനന്തപുരം മേഖലയ്ക്ക് അഭിമാനമായി മാറുകയും ചെയ്തു.

# സൺഡേസ്കൂൾ അദ്ധ്യാപക സെമിനാറുകൾ



*ഐ.പി.സി സൺഡേസ്കൂൾ അധ്യാപക സെമിനാറിൽ പങ്കെടുത്തവർ ഭാരവാഹികളോടൊപ്പം.*

**തിരുവനന്തപുരം:** ആധുനിക ബോധന മാർഗങ്ങൾ സൺഡേസ്കൂൾ അദ്ധ്യാപകരിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ഐ.പി.സി സൺഡേസ്കൂൾ അസോസിയേഷൻ സംസ്ഥാനത്തെ വിവിധ മേഖലകളിൽ സംഘടിപ്പിക്കുന്ന അധ്യാപക സെമിനാറുകൾക്ക് തുടക്കമായി. നഴ്സറി ക്ലാസുകളിൽ ഉൾപ്പടെയുള്ള പുതിയ പാഠ്യപദ്ധതി ഉപയോഗിക്കുന്ന രീതിയും സെമിനാറുകളിൽ പഠിപ്പിക്കുന്നുണ്ട്. തിരുവനന്തപുരം കൊട്ടാരക്കര മേഖലകളിൽ നടന്ന സെമിനാറുകളിൽ 250 അദ്ധ്യാപകരോളം പങ്കെടുത്തു.

ഡോ. ഐസക്ക് പോൾ ക്ലാസ്സെടുത്തു. ഡയറക്ടർ കുര്യൻ ജോസഫ്, ഡപ്യൂട്ടി ഡയറക്ടർ പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ, ജനറൽ സെക്രട്ടറി പാസ്റ്റർ ജോസ് തോമസ് ജേക്കബ്, അസോസിയേറ്റ് സെക്രട്ടറി പാസ്റ്റർ ജെയിംസ് അലക്സാണ്ടർ, സണ്ണി ഏബ്രഹാം, പാസ്റ്റർ തോമസ് കുര്യൻ, ബിജു റ്റി. ഫിലിപ്പ് എന്നിവർ നേതൃത്വം നൽകി. ആറുവരെ ക്ലാസുകളിലെ പരിഷ്കരിച്ച പുതിയ പാഠപുസ്തകം ഡിസംബറിൽ പുറത്തിറങ്ങുമെന്ന് ഭാരവാഹികൾ അറിയിച്ചു.

# പുസ്തക പ്രകാശനം



*പാസ്റ്റർ പി. ജി. മാത്യൂസ് എഴുതിയ ഗ്രന്ഥത്തിന്റെ പ്രകാശനം റവ. കെ. ജെ.മാത്യു പാസ്റ്റർ ജെ. ജോസഫിന് നൽകി നിർവ്വഹിക്കുന്നു. പാസ്റ്റർമാരായ പി. ജി. മാത്യൂസ്, സണ്ണി വർക്കി, ഷിബു കെ. മാത്യു, ജെയ്സ് പാണ്ടനാട്, ഷൈജു തോമസ് എന്നിവർ സമീപം.*

# ബൈബിൾ ക്ലാസ്

**ആലപ്പുഴ:** ഉപദേശ ഐക്യമുള്ള പെന്തെക്കോസ്തു സഭകൾ ചേർന്ന് രൂപീകരിച്ചു പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ആലപ്പി സ്പിരിചൽ മൂവ്മെന്റിന്റെ ഏകദിന ബൈബിൾ ക്ലാസ് സെപ്റ്റംബർ 15 ന് 10 മുതൽ 4 വരെ ഗ്രേസ് ചർച്ചിൽ വെച്ച് നടത്തപ്പെട്ടു. പാസ്റ്റർ എബി അയിരൂർ വേദപഠനം നടത്തി.

## നിത്യതയിൽ



**പാസ്റ്റർ ജോർജ്ജ് തോമസ് (47)**

**മാവേലിക്കര:** ഐ. പി. സി. കറ്റാനം പള്ളിയ്ക്കൽ കർമ്മേൽ സഭാ ശുശ്രൂഷകനും കളയ്ക്കാട്ടേത്ത് പടീറ്റതിൽ ബഥേൽ ഹൗസിൽ പാസ്റ്റർ ജോർജ്ജ് തോമസ് (47) നിര്യാതനായി. സംസ്കാരം സഭാ സെമിത്തേരിയിൽ നടത്തി.

പാസ്റ്റർ ഫിലിപ്പ് പി. തോമസ് മുഖ്യ ശുശ്രൂഷകൾ നിർവ്വഹിച്ചു. പാസ്റ്റർ തോമസ് ഫിലിപ്പ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പാസ്റ്റർമാരായ ഷിബു നെടുവേലിൽ, കെ. സി. തോമസ്, എം. പി. ജോർജ്ജുകുട്ടി എന്നിവർ അനുശോചിച്ചു. ഭാര്യ: അടൂർ മേലടത്ത് സീയോനിൽ ജോളി. മക്കൾ: ജിയ ജോർജ്ജ്, ജീന ജോർജ്ജ്



**ശോശാമ്മ ജോർജ്ജ് (68)**

**ഡാളസ്സ്:** പൂവക്കാലായിൽ ശ്രീ കുര്യൻ ജോർജ്ജിന്റെ ഭാര്യയും വെച്ചൂച്ചിറ കൂവപ്പുഴ പുതുപ്പറമ്പിൽ കുടുംബാംഗമായ ശ്രീമതി ശോശാമ്മ ജോർജ്ജ് (68) നിര്യാതയായി. മക്കൾ : ഷൈനി, ഷിബു, ഷെൽബി.സഹോദരന്മാർ: ഏബ്രഹാം പി ഏബ്രഹാം (വെച്ചൂച്ചിറ സെന്റർ ഐ.പി.സി സ്പോൺസർ ഡയറക്ടർ), പരേതരായ പി. എ മത്തായി, പി.ഏ. ഫിലിപ്പ്. സംസ്കാര ശുശ്രൂഷകൾക്ക് പാസ്റ്റർ പി.ബി. തോമസ് നേതൃത്വം നൽകി. പാസ്റ്റേഴ്സ് എം. ഒ ശാമുവേൽ, ഷാജി ദാനിയേൽ, വി.ജെ തോമസ്, മോനീസ് ജോർജ്ജ് തുടങ്ങിയവർ പ്രസംഗിച്ചു. ബിലീവേഴ്സ് ജേണലിനുവേണ്ടി ചീഫ് എഡിറ്റർ പാസ്റ്റർ സാംകുട്ടി മാത്യു അനുശോചനം അറിയിച്ചു. സെമിത്തേരിയിലെ ശുശ്രൂഷകൾക്ക് പാസ്റ്റർ തോമസ് വി. കോശി നേതൃത്വം നൽകി.



**റ്റി. റ്റി. അജിത്ത് (27)**

**കുറിയന്നൂർ:** ചുവട്ടുപാറ തുണ്ടുകാലായിൽ റ്റി. സി. ബാബുവിന്റെ മകൻ റ്റി. റ്റി. അജിത്ത് (27) നിര്യാതനായി. സംസ്കാരം ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ വെള്ളിക്കര സഭാസെമിത്തേരിയിൽ നടത്തി.

സെന്റർ ശുശ്രൂഷകൻ പാസ്റ്റർ എൻ. പി. കൊച്ചുമോൻ മുഖ്യശുശ്രൂഷകൾ നിർവ്വഹിച്ചു. പാസ്റ്റർ വി. പി. ജോർജ്ജ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ കുറിയന്നൂർ സഭാംഗമായ അജിത്ത്, മുളക്കുഴ മൗണ്ട് സീയോൻ ബൈബിൾ കോളജ് മൂന്നാം വർഷ B.Th വിദ്യാർത്ഥിയാണ്. കിഡ്നി സംബന്ധമായ രോഗം ബാധിച്ച് ചികിത്സയിലായിരുന്നു. ഏക സഹോദരൻ അനിൽ.



**സൂസികുഞ്ഞച്ചൻ (66)**

**അടൂർ:** കർമ്മേൽ കോട്ടേജിൽ യൂണി. ലിവർ റിട്ട. എഞ്ചിനിയർ വി.കെ. കുഞ്ഞച്ചന്റെ ഭാര്യ സൂസി കുഞ്ഞച്ചൻ (66) ഓഗസ്റ്റ് 5ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്ക്കാരം 7ന് രാവിലെ അടൂർ ടിപിഎം സെമിത്തേരിയിൽ നടത്തി. നൂറ് കണക്കിന് വിശ്വാസികളും വിവിധ സഭകളിലെ ശുശ്രൂഷകന്മാരും സംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്തു.

അടൂർ ടൗൺ ശാരോൻ സഭയുടെ സ്ഥാപനത്തിനും വളർച്ചക്കും നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. സുവിശേഷീകരണ-ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയായിരുന്നു. അടൂർ സുരഭി കളക്ഷൻസ് ഉടമ അടൂർ ജേക്കബ് ഏകമകനാണ് മകൾ: ബിനില.

## പാസ്റ്ററുടെ മകൾ അപകടത്തിൽ മരിച്ചു



**ഇരവിപേരൂർ:** മാതാപിതാക്കൾക്കൊപ്പം സ്കൂട്ടറിൽ സഞ്ചരിച്ച സ്കൂൾ വിദ്യാർത്ഥിനി വാഹനാപകടത്തിൽ മരിച്ചു. ഇരവിപേരൂർ കോഴിമല കുന്നുകാലായിൽ ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ സഭാശുശ്രൂഷകൻ പാസ്റ്റർ ഷിബു തോമസിന്റെ മൂത്ത മകൾ കെസിയ (12) ആണ് മരിച്ചത്. ടി. കെ. റോഡിൽ നെല്ലാട് ജംഗ്ഷനു സമീപം 13-ാം തീയതി ശനിയാഴ്ച രാത്രി 10 മണിയോടെയാണ് അപകടം.

പാസ്റ്റർ ഷിബു തോമസ് (40), ഭാര്യ റീന (38), കെസിയയുടെ സഹോദരി ജെസിയ (9) എന്നിവരെ പരിക്കുകളോടെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. റീനയുടെ സഹോദരിയുടെ വിവാഹനിശ്ചയ ചടങ്ങിൽ പങ്കെടുത്തശേഷം ചീരഞ്ചിറയിൽ നിന്ന് കോഴിമല വീട്ടിലേക്ക് സ്കൂട്ടറിൽ മടങ്ങുമ്പോൾ എതിരെ വന്ന കാറിടിച്ചാണ് അപകടം സംഭവിച്ചത്.

കോഴിമല സെന്റ് മേരീസ് യു. പി. സ്കൂളിലെ ഏഴാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ് കെസിയ. സംസ്കാരം വെള്ളിക്കര സഭാ സെമിത്തേരിയിൽ നടത്തി.

## പാസ്റ്റേഴ്സ് ഫെലോഷിപ്പ്

**ചാലക്കുടി:** ഇന്ത്യ ഗോസ്പൽ ലീഗിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ 18 വർഷമായി എല്ലാ മാസം നടന്നു വരുന്ന ചാലക്കുടി പാസ്റ്റേഴ്സ് ഫെലോഷിപ്പിന്റെയും കഴിഞ്ഞ ഒരു വർഷമായി നടന്നു കൊണ്ടിരുന്ന ചെയിൻ പ്രയറിന്റെ സമാപന സമ്മേളനവും സെപ്റ്റംബർ 20 ശനി രാവിലെ 10 മുതൽ 2 വരെ ചാലക്കുടി പാലസ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. പാസ്റ്റർ ഷാജി എം പോൾ ദൈവവചനം ശുശ്രൂഷിച്ചു. പാസ്റ്റർ എൻ.ഡി ജോൺസൺ, പാസ്റ്റർ വർഗ്ഗീസ് ജോസഫ് എന്നിവർ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു

## പി.വൈ.സി.ഡി വാർഷിക കോൺഫറൻസ്

**ഡാളസ്:** ഡാളസിലെ മലയാളി പെന്തെക്കോസ്ത് യുവജനങ്ങളുടെ കൂട്ടായ്മയായ പെന്തെക്കോസ്തൽ യൂത്ത് കോൺഫറൻസ് ഡാളസിന്റെ (PYCD) വാർഷിക കോൺഫറൻസ് 2014 ഒക്ടോബർ 3 – 5 വരെ നടക്കും. 3,4 തീയതികളിൽ വൈകിട്ട് 6.30–9 വരെ IPC Hebron 1751 Wall street, Garland,Tx 75041-ൽ വെച്ച് കോൺഫറൻസ് നടക്കും. റവ. സാക് ചെറിയാൻ മുഖ്യ പ്രഭാഷകനായിരിക്കും. 5-ാം തീയതി ഞായറാഴ്ച രാവിലെ 9 മുതൽ 1 വരെ സംയുക്ത ആരാധന Eismann center, 2351 perfomance Dr, Richardson Tx 75082-ൽ നടക്കും.



റവ. സാക് ചെറിയാൻ

കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ സന്തോഷ് പൊടിമല (പ്രസിഡന്റ്), 214 929 3370, മേബിൾ തോമസ് (കോർഡിനേറ്റർ), 224 280 0865, റോബിൻ രാജു (ട്രഷറർ), 972 207 2077

## 01 പെന്തെക്കോസ്ത് ബിനാമി.....

താക്കന്മാരുടെയും ബിനാമികളായി പ്രവർത്തിക്കുന്ന നേതാക്കന്മാരും ശുശ്രൂഷകന്മാരുമുണ്ട്. പാസ്റ്റർമാരുടെ അക്കൗണ്ടിൽ പണം വന്നാൽ സർക്കാരും ഇലക്ഷൻ കമ്മീഷനും പിടിക്കില്ലല്ലോ?

അവിഹിതമായി വാരിക്കൂട്ടിയ സമ്പത്തെല്ലാം ദൈവീക അനുഗ്രഹങ്ങളാണെന്ന് വിളിച്ചുകൂവുന്നതാണ് വിരോധാഭാസം. കുമിഞ്ഞുകൂടുന്ന മൂലധനം സഭയുടെ എല്ലാ വശങ്ങളിലേക്കും പരന്നൊഴുകുന്നു. എല്ലാവർക്കും പെട്ടെന്ന് പണക്കാരാകാനുള്ള മോഹമാണ്. പരസ്പരം മത്സരവും പൊങ്ങച്ചസംസ്കാരവും അനിയന്ത്രിതമായി സമ്പത്ത് വാരിക്കൂട്ടാൻ പ്രേരിപ്പിക്കുന്നു. കള്ളപ്രവചനം, കപടരോഗശാന്തി, വ്യാജസാക്ഷ്യം, ബ്രോക്കർപണി (നേഴ്സിംഗ് ഏജന്റ്), ഇല്ലാത്ത പ്രൊജക്ടിന്റെ പേരിൽ പിരിവ് തുടങ്ങിയ ഇടപാടുകളിലൂടെ ഇവർ കൊഴുത്തുതടിക്കുന്നു. ബ്ലാക്ക് മണി വെളുപ്പിക്കാൻ സഭയുടെ അക്കൗണ്ടാണ് ചിലർക്ക് ശരണം.

കപട ആത്മീകതയെ കെട്ടിപ്പുണരുന്നവർ രാജകീയ വീടുകൾ, ആഡംബര കാറുകൾ, വിലപിടിപ്പുള്ള കണ്ണട, വാച്ച്, സ്മാർട്ട് ഫോണുകൾ എല്ലാം വാരിക്കൂട്ടുന്നു. 'എസ്റ്റാബ്ലീഷ്' ആകാനുള്ള ആസക്തിയാണ് പുതിയതലമുറയ്ക്ക്. പുതിയ കാലത്തെ സഭ ഇന്നും ബിനാമിനേതാക്കളുടെ പോക്കറ്റിലായിരിക്കും കുടിയിരിക്കുക.

ആഗോളീകരണകാലത്ത് ഈ കമ്പോള സംസ്കാരം സമൂഹത്തെ ആകെ ഗ്രസിച്ചിരിക്കുന്നു. മുകൾ തട്ട് മുതൽ താഴെ തട്ട് വരെ സുതാര്യത നടപ്പിലാക്കണം. പെന്തെക്കോസ്ത് മൂല്യങ്ങളെ അവഗണിക്കുന്ന ഈ ഭൗതികസംസ്കാരത്തിൽ നിന്നും നമ്മുടെ സമൂഹത്തെ രക്ഷിച്ചെടുത്തേ മതിയാകൂ.

## 12 മാധ്യമവിചാരം......

കമെങ്കിൽ ഇലക്ഷനെക്കാൾ വലിയതാണ് അതിനുശേഷമുള്ള ഇടപാടുകൾ. ആദർശഗീർവാണങ്ങൾ മുഴക്കി ഓവർസിയർ ആയിക്കഴിഞ്ഞാൽ ഏതുമാന്യനും ശത്രുസംഹാരപൂജ തുടങ്ങുന്ന പതിവാണ് അവിടെ കണ്ടുവരുന്നത്. ഐ. പി.സിയിൽ ഇത്തരം പൂജ പുറത്തെടുത്താൽ 'പോടേയ്' എന്നു പറയാൻ അവർ കരുത്തരാണ്. പക്ഷെ, ചർച്ച് ഓഫ് ഗോഡ് കങ്കാണിമാർ എട്ടുവീട്ടിൽ പിള്ളമാരുടെ പള്ള് പുറത്തെടുക്കും. അഴിഞ്ഞാട്ടം കൊണ്ട് വല്ലാതെ ആകുമ്പോൾ സ്ഥാനംപോയിട്ടും പോകാതെ നിൽക്കുന്ന പുറപ്പെടാ ശാന്തിമാർക്ക് കലികയറും. അവർ വിമതപണി തുടങ്ങും. ഇവരെ ഇരുകൂട്ടരെയും വിദഗ്ധമായി മാനേജ് ചെയ്യാനുള്ള കഴിവാണ് പത്രപ്രവർത്തകന് വേണ്ടത്.

ആൾദൈവസ്തുതിയാണ് മറ്റൊരു വരുമാന മാർഗ്ഗം. ബാബിലോണ്യരുടെ ബാൽ, മോവാബ്യരുടെ കൊമേശ്, റോമക്കാരുടെ അപ്പോളോ, ഗ്രീക്കുകാരുടെ പാൻ എന്നൊക്കെ പറയുന്നതുപോലെ നാഗമ്പടംകാരുടെ തങ്കു, കരവാളൂരിലെ സാമച്ചൻ, കണ്ണൂരിലെ സജിത്ത് തുടങ്ങി ആരെയും സ്തുതിക്കാൻ അമാന്തം കാണിക്കരുത്. സ്തുതിസ്തുതി എൻ മനമേ എന്ന ഗാനത്തിൽ നാഥൻ എന്ന് വരുന്ന ഭാഗങ്ങളിലൊക്കെ മേൽപ്പടി തങ്കു, താരു, സാമച്ചന്മാരുടെ പേരുചേർത്തുപാടണം.

ഇതൊക്കെ ആണെങ്കിലും നിരന്തരം സപ്ലിമെന്റ് തരാനുള്ള പരുവം ഇല്ലാത്ത ആരെങ്കിലും സഹായം തിരക്കിവന്നാൽ പൂർവ്വകാലത്തെ കാര്യമൊക്കെ പറഞ്ഞ് നമ്മുടെ സഹതാപം ചോർത്തി മുതലെടുക്കും. അവരെ മൈന്റ് ചെയ്യരുത്. പ്രസംഗവേദിയിൽ നിന്ന് വരമൊഴി നിർവ്വഹിച്ച ദേശീയപതാക ഫെയിം അവറാൻ അവറുകളും മറ്റും ഇങ്ങനെ വന്നേക്കാം. കണ്ടഭാവം നടിക്കരുത്. നമ്മുടെ ലക്ഷ്യം ഫണ്ടാണ്. അവറാന്റെ കൈയിൽ അതുണ്ടെങ്കിൽ സപ്ലിമെന്റ് ഇല്ലെങ്കിൽ ഒഴിഞ്ഞുപോയേക്കുക അത്രതന്നെ.

സപ്ലിമെന്റുകളിൽ സ്ത്രീദൈവങ്ങളെക്കൂടി പരിഗണിക്കാം. എഫെസോസിലെ അർത്തമിസ്, റോമിലെ അഫ്രോഡിറ്റസ്, ബാബിലോന്യ ഇഷ്ടാർ, എറണാകുളം ക്ഷമ, കണ്ടത്തിൽ ആന്റി അങ്ങനെ ആരെയും പ്രകീർത്തിച്ച് സ്തുതിവചനങ്ങളെഴുതാം.

വിസ കിട്ടുമെങ്കിൽ അമേരിക്കയിൽ പോകാം. മറ്റു പത്രക്കാർ കളം പിടിക്കുന്നുവെന്നു കണ്ടാൽ ഊമക്കത്ത് സാഹിത്യകാരന്മാരെ കൂട്ടുപിടിക്കണം. പാവങ്ങൾ സ്വന്തം പൈതൃകം മറച്ചുവെച്ചുള്ള കളിയാണ് അവരുടെ മനോനില കണക്കിലെടുത്ത് ഊമസാഹിത്യം അവധാനതയോടെ കൈകാര്യം ചെയ്യണം. കണക്കു പിഴച്ചാൽ കള്ളി വെളിച്ചത്താകുന്ന ഞാണിന്മേൽ കളിയാണിത്. മുന്നിന്മേൽ കുർബാന നടത്തിയാലും തീരാത്ത കളങ്കം വന്നു ഭവിക്കും. കേരളത്തിലെത്തിയാൽ അമേരിക്കൻ ലോബിയെക്കുറിച്ച് വിമർശിക്കാം. പക്ഷെ അമേരിക്കയിൽ ചെന്നാൽ ആരുടെയും ആഥിതേയത്വം കൈക്കൊള്ളേണം.

ഇത്തരം നല്ലനല്ല വഴികൾ, അതും പലരും പരീക്ഷിച്ച് വിജയിപ്പിച്ച മാർഗ്ഗങ്ങൾ നമ്മുടെ മുമ്പിൽ ഉള്ളപ്പോൾ ഐ. പി. സി.യിലെ 8000 പാസ്റ്റർമാരിൽ ഏഴായിരവും അത്തപ്പാടികളാണെന്നിരിക്കെ അവരുടെ ചട്ടിയിൽ കൈയിട്ടുവാരി ഫണ്ട് ഉണ്ടാക്കാം എന്ന് നിർദ്ദേശിച്ച ഹല്ലേലൂയ്യാ ലേഖനം പ്രായോഗികമല്ല. അതുകൊണ്ട് എത്രയും വേഗം 'സ്തോത്രം' എന്ന പേരിൽ പുതിയ പത്രം ഉണ്ടാക്കാൻ ഐ. പി. സി. നേതൃത്വം തയ്യാറാവുകയാണ് വേണ്ടത്.

## മുഴുരാത്രി പ്രാർത്ഥന

**വൈപ്പിൻ:** ദേശത്തിനു വിടുതലിനും ആത്മാക്കളുടെ രക്ഷയ്ക്കും രാജ്യത്തിന്റെ സമാധാനത്തിനായും തുടർമാനമായി നടന്നു കൊണ്ടിരിക്കുന്ന 'മുഴുരാത്രി ജാഗരണ പ്രാർത്ഥന'യുടെ 110ാം മത് പ്രാർത്ഥന യോഗം സെപ്റ്റംബർ 19 വെള്ളിയാഴ്ച്ച പുതുവൈപ്പ് ഏ.ജി സഭയിൽ വെച്ച് നടത്തപ്പെട്ടു. പാസ്റ്റർ റ്റി.എം മാത്യു ശുശ്രൂഷിച്ചു. പാസ്റ്റർ തോമസുക്കുട്ടി നേതൃത്വം നൽകി.

## സി. എ. ഭാരവാഹികൾ



പാസ്റ്റർ മോൻസി കെ. വിളയിൽ



പാസ്റ്റർ പോൾ വർഗീസ്



ബ്രദർ ഏബനേസർ ജോർജ്ജ്



ബ്രദർ ജെറിമോൻ ബാബു



ബ്രദർ റോജി രാജു

**നവി മുംബൈ:** അസംബ്ലീസ് ഓഫ് ഗോഡിന്റെ യുവജനവിഭാഗമായി ക്രൈസ്റ്റ് അംബാസിഡേഴ്സിന്റെ (സി. എ.) നവി മുംബൈ സെക്ഷൻ ഭാരവാഹികളായി പാസ്റ്റർ മോൻസി കെ. വിളയിൽ (പ്രസിഡന്റ്), പാസ്റ്റർ പോൾ വർഗീസ് (വൈസ്. പ്രസി), ബ്രദർ ഏബനേസർ ജോർജ്ജ് (സെക്രട്ടറി), ബ്രദർ ജെറിമോൻ ബാബു (ജോ. സെക്രട്ടറി), ബ്രദർ റോജി രാജു (ട്രഷറർ) എന്നിവരെ ഏ. ജി. വെസ്റ്റേൺ ഡിസ്ട്രിക്ട് ആസ്ഥാനത്ത് ഓഗസ്റ്റ് 31നു ചേർന്ന വാർഷിക സമ്മേളനത്തിൽ വച്ച് തിരഞ്ഞെടുത്തു. സെക്ഷൻ പ്രസ്ബിറ്റർ റവ. ബി. മാത്യു അധ്യക്ഷത വഹിച്ചു. ഡിസ്ട്രിക്ട് സൂപ്രണ്ട് റവ. വി. ഐ. യോഹന്നാൻ പ്രസംഗിച്ചു.

ലേഖനം

# വചനം ധിക്കരിക്കുന്ന ജ്ഞാനികൾ



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

യഹോവയുടെ ന്യായം അറിയാതെ കാലമറിയുന്ന പെരിഞ്ഞാറയെക്കാളും മടങ്ങി വരവിന്റെ സമയം അനുസരിക്കുന്ന കുറുപ്രാവ്, മീവൽപക്ഷി, കൊക്ക് എന്നിവയെക്കാളും അജ്ഞാനികൾ ആയിരിക്കെ ഞങ്ങൾ ജ്ഞാനികൾ, യഹോവയുടെ ന്യായപ്രമാണം ഞങ്ങളുടെ പക്കൽ ഉണ്ട് എന്ന് നിങ്ങൾ പറയുന്നത് എങ്ങനെ എന്ന് പ്രവാചകൻ യിരെമ്യാവിന്റെ ചോദ്യം ഈ കാലത്തോട് യോജിക്കുന്നുണ്ട്. ന്യായപ്രമാണം തങ്ങൾക്കുണ്ട് എന്ന കാരണത്താൽ ഭൂപരപ്പിലെ സകല മനുഷ്യരിലും വച്ച് ജ്ഞാനികൾ തങ്ങളാണ് എന്ന ഒരു ബൗദ്ധിക അഹങ്കാരം യഹൂദനെ ഭരിച്ചിരുന്നു. പക്ഷെ തങ്ങളുടെ കൈവശമുള്ള പ്രമാണത്തെ അനുസരിക്കുവാനോ അതിനെ ഹൃദയംഗമായി ബഹുമാനിക്കുവാനോ താല്പര്യമില്ലാത്ത ഇത്തരക്കാരുടെ അഭിനയഭക്തി ദൈവവിരോധത്തിനു ഹേതുവായിട്ടുണ്ട്. അതിന്റെ പാർശ്വഫലങ്ങൾ അവർ ഒരുപാടനുഭവിക്കേണ്ടിവന്നിട്ടുമുണ്ട് എന്നതു ചരിത്രത്തിന്റെ സത്യമായി നിലകൊള്ളുന്നു..!!

വേർപെട്ട ലോക ക്രൈസ്തവ സമൂഹത്തിൽ മലയാളി പെന്തെക്കോസ്തുകാരുടെ സ്ഥാനം ചെറുതല്ല. മറ്റേതൊരു സമൂഹത്തെക്കാളും നമുക്കിടയിൽ ഉള്ള ദൈവദാസന്മാർ ദൈവവചനത്തെ നന്നായി വ്യാഖ്യാനിക്കുന്നവർ ആണ് എന്നതു പ്രശംസനീയമാണ്. ദൈവവചനം പഠിക്കുവാനും അതിനെ പ്രയോജനകരമായ നിലകളിൽ കൈകാര്യം ചെയ്യുവാനും ദൈവത്താൽ നമ്മുടെ സമൂഹത്തിനു ലഭ്യമായ കഴിവുകൾ ഏറെ ആദരവുകൾ അർഹിക്കുന്നുണ്ട്. വേദപുസ്തകത്തിലെ വാക്യങ്ങളെ എടുത്തു വാക്കുകളായി വിഭാഗിച്ച് ഒടുവിൽ അക്ഷരങ്ങളായി അടർത്തിയെടുത്തനന്തരം അവയെ തലനാഴിത കീറിമുറിച്ചു പരിശോധിച്ച് വിഷയമവതരിപ്പിക്കാനുള്ള കഴിവപാരം തന്നെ.!!! എന്നാൽ അതിന്റെ പിന്നിലെ പുകഴ്ച നമ്മെ കാലങ്ങൾക്കിപ്പുറം നിഗളികൾ ആക്കിതീർത്തു എന്നതും വിസ്മരിച്ചുകൂടാ. ആ നിഗളം നമ്മെ നയിച്ചത് "വചന സ്നേഹികൾ" എന്നതിൽ നിന്നും "വചന ധിക്കാരികൾ" എന്ന നിലയിലേക്കാണ്. ദൈവവചനത്തിന്റെ സംരക്ഷകരെന്ന് അവകാശപ്പെടുന്ന നമുക്ക് സംഭവിച്ചിരിക്കുന്ന മൂല്യച്യുതികൾ ഒരു പുനർവിചിന്തനത്തിന് വിഷയമാക്കേണ്ടതുണ്ട്.!

വ്യാഖ്യാന ധാർമ്മികതയുടെ സീമകളെ ലംഘിച്ചുകൊണ്ട് ഇന്ന് കാണപ്പെടുന്ന ഒട്ടുമിക്ക പ്രഭാഷണങ്ങളും വചനത്തിന്റെ ധിക്കാരപ്രകടനങ്ങൾ ആണ്. ജ്ഞാനത്തിന്റെ വശീകരണ വാക്കുകളാൽ ജനത്തെ കുടുക്കുന്ന പ്രസംഗങ്ങളും യാഥാർത്ഥ്യങ്ങളിൽ നിന്നും ജനത്തെ അകറ്റികളയുന്ന വീര്യപ്രവർത്തികളും വർദ്ധിച്ചു വരുന്നത് ആശങ്കയോടെ കാണേണ്ടതുണ്ട്. ദൈവവചനത്തിന്റെ കൈകാര്യകർത്താക്കളായി ദൈവം നമ്മെ തിരഞ്ഞെടുത്തെങ്കിൽ അതിനോടുള്ള നമ്മുടെ വികല സമീപനം വചനത്തെ ധിക്കരിക്കൽ ആണ്. നമ്മുടെ ജ്ഞാനബഹുത്വത്താൽ നമുക്കിഷ്ടമുള്ളതുപോലെ വചനത്തെ ദുരുപയോഗം ചെയ്യാൻ വ്യവസ്ഥയില്ല. ക്രൂശിക്കപ്പെട്ട യേശുവിനെയും അവന്റെ നിർമ്മല സുവിശേഷത്തെയും ഉയർത്താതെ ജ്ഞാനത്തിന്റെ വൈഭവം ഹേതുവാൽ മറ്റുപലതിലേക്കും ദൈവവചനശുശ്രൂഷകൾ വഴിതിരിയുന്നത് ഖേദകരമാണ്. ദൈവവചനത്തിന്റെ പേരിൽ ബലഹീന വിശ്വാസികളെ ക്ഷുദ്രം ചെയ്തു മയക്കി നടത്തപ്പെടുന്ന അനധികൃത പ്രവർത്തനങ്ങളുടെ നടത്തിപ്പുകാരായ കൺകെട്ടുവിദ്യക്കാർ ദൈവമുമ്പാകെ നീതിയില്ലാത്തവരാണ്. ശരിയായ ദൈവവചനത്തിന്റെ പ്രഭാഷണത്തിലൂടെ ശ്രോതാക്കളെ കൈയ്യിലെടുക്കാൻ കഴിയില്ലെന്ന് മനസിലാക്കിയ ഇക്കൂട്ടർ കേൾവിക്കാരുടെ ആവശ്യമനുസരിച്ച് വേദപുസ്തക വാക്യങ്ങളെ വളച്ചൊടിക്കുന്നു. സത്യവചനം പ്രസംഗിക്കപ്പെടുന്നിടങ്ങളിൽ ആളുകളുടെ എണ്ണം കുറയുന്നതിനാൽ പെരുത്ത ജനക്കൂട്ടം സൃഷ്ടിച്ചെടുക്കാൻ പല തന്ത്രങ്ങളും സ്ഥലകാല പരിസ്ഥിതികൾക്കനുസൃതമായി ക്രമീകരിക്കപ്പെടുന്നുണ്ട്.

യഹോവയുടെ വചനം ധിക്കരിക്കുന്നവർക്കുള്ള കനത്ത ശിക്ഷ ആവർത്തിച്ചാവർത്തിച്ചു പ്രവാചക വാക്കുകളിലൂടെ തിരുവചനത്തിൽ തെളിഞ്ഞു നില്ക്കുന്നുണ്ട്. പ്രയോഗികതയിലേക്ക് വരാത്ത ന്യായപ്രമാണത്തിന്റെ ബൗദ്ധിക ജ്ഞാനം കൊണ്ട് കാര്യമായ ഒരു മാറ്റവും സംഭവിക്കാത്ത ഒരു സമൂഹത്തോട് ദൈവത്തിന്റെ പ്രതിഷേധം ശക്തമാണ്. ജ്ഞാനം വർദ്ധിക്കുകയും വചനം ധിക്കരിക്കപ്പെടുകയും ചെയ്യുന്ന അരിക്ഷിതാവസ്ഥ കനത്ത തകർച്ചയിലേക്കാണ് നമ്മുടെ സമൂഹത്തെയും നയിക്കുന്നത്. ദൈവവചനമാണ് പരിവർത്തനത്തിലേക്ക് വ്യക്തികളെയും സമൂഹത്തെ നയിക്കുന്നത്. നിലനില്ക്കുന്ന ഒരു മാറ്റം സ്ഥാപിതമാകുന്നതും ദൈവവചനത്തിന്റെ സ്വാധീനതയിൽ ആയിരിക്കും. ഇങ്ങനെ നമ്മെ മൂല്യാധിഷ്ഠിതമായ ദൈവരാജ്യത്തിലെ വിശുദ്ധ പ്രജകളാക്കി തീർക്കേണ്ട ദൈവത്തിന്റെ വചനത്തെ അവഗണിച്ചുകൊണ്ടുള്ള ധിക്കാര സമീപനം ദൈവകോപത്തെ വിളിച്ചു വരുത്തുകയാണ് എന്ന് നാം അറിയാതിരിക്കരുത്. പരിശുദ്ധാത്മാവിനാൽ എഴുതപെട്ട തിരുവചനത്തെ നൂതന വെളിപ്പാടുകളുടെ പേരിൽ നമുക്ക് സൗകര്യപ്രദമായി നിർവ്വചിക്കാൻ നാം നടത്തുന്ന ശ്രമങ്ങൾ-അത് മഹാദൈവത്തിന്റെ മുൻപാകെ നമ്മിൽ നിന്നുളവാകുന്ന ധിക്കാര സ്വഭാവങ്ങൾ ആയിരിക്കും. മറ്റാർക്കും ഇല്ലാത്ത തിരുവചന ജ്ഞാനം നമുക്ക് ലഭ്യമായിട്ടുണ്ടെങ്കിൽ ആ ജ്ഞാനത്തിലൂടെ നമ്മിൽ പ്രകടമായി വരേണ്ടത് തിരുവചനത്തോടുള്ള വിട്ടുമാറാത്ത ഭക്തിയും തികഞ്ഞ ആദരവും ആയിരിക്കണം. ആ അറിവിന്റെ മറവിൽ സൃഷ്ടിക്കപ്പെടുന്ന എല്ലാ അഹങ്കാരങ്ങളും അതിന്റെ പിന്തുടർച്ച എന്ന വണ്ണം രൂപപ്പെടുന്ന പ്രായോഗികതയിലേക്ക് വരാത്ത ന്യായപ്രമാണ സ്നേഹവും വെറും എഴുതപ്പെട്ട അക്ഷരങ്ങളായി മാത്രം അവശേഷിക്കുമ്പോൾ "ഞങ്ങൾ ജ്ഞാനികൾ; യഹോവയുടെ ന്യായപ്രമാണം ഞങ്ങളുടെ പക്കൽ ഉണ്ടു എന്നു നിങ്ങൾ പറയുന്നത് എങ്ങനെ?" എന്ന പ്രവാചക ചോദ്യം പ്രസക്തമാണ്. യഹോവയെയും അവിടുത്തെ വചനത്തെയും ധിക്കരിച്ചുകൊണ്ടുള്ള എല്ലാ ജ്ഞാനവാദങ്ങളും തകരപ്പെടും!! വചനത്തോടുള്ള ധിക്കാര മനോഭാവം വെടിഞ്ഞുകൊണ്ട് വചന ജ്ഞാനം വർദ്ധിക്കുമ്പോൾ അതോടൊപ്പം തന്നെ അതിനോടുള്ള ബഹുമാനവും ഭക്തിയും സ്നേഹവും വർദ്ധിച്ചു വരുന്ന പ്രമാണ സ്നേഹികളായി നാം മാറേണ്ടതുണ്ട്. വചനത്തെ പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് ദൈവം പ്രതീക്ഷിക്കുന്ന മാന്യത നല്കി പ്രമാണത്തെ പ്രായോഗികതയിലേക്ക് എത്തിക്കുന്ന ജ്ഞാനം നമ്മിൽ നിറയട്ടെ!!! അവിടെയാണ് ദൈവപ്രസാദം ഇറങ്ങുന്നത്!!.

കണ്ണാടി

# ക്രിസ്ത്യൻ ഇക്കണോമിക്സും ചങ്ങാത്ത മുതലാളിത്തവും



ജെയ്സ് പാണ്ടനാട്

മാർക്സിന്റെ പൊളിറ്റിക്കൽ ഇക്കണോമിക്സിന് മികച്ച വ്യാഖ്യാനവും വികസനവും സൃഷ്ടിച്ചത് റോസാ ലക്സംബർഗ് ആയിരുന്നു. റോസാ ലക്സംബർഗ് എഴുതിയ ഗവേഷണ പ്രബന്ധമായ ദി അക്യൂമുലേഷൻ ഓഫ് ക്യാപിറ്റലിൽ മുതലാളിത്തത്തിന്റെ ആഗോള വികസന സാദ്ധ്യതകളും അതിന്റെ ഘടനാപരമായ പ്രതിസന്ധികളും വ്യക്തമായി വിശദീകരിക്കപ്പെട്ടു. മാർക്സിന്റെ രാഷ്ട്രീയ സാമ്പത്തിക ശാസ്ത്രത്തിന്റെ ഏറ്റവും മികച്ച വികസിത രൂപം അതിൽ പ്രകടമായി. മുതലാളിത്തത്തിന്റെ തകർച്ചയെക്കുറിച്ച് അത് പ്രതിപാദിച്ചു. എന്നാൽ പുസ്തകത്തിന്റെ 31-ാം അദ്ധ്യായത്തിൽ റോസ എഴുതിയ ഒരു വാചകം സ്വത്ത് സമ്പാദനത്തിന്റെ രീതീ ശാസ്ത്രത്തെ വെളിപ്പെടുത്തുന്നതായിരുന്നു. സാമ്പത്തിക പ്രക്രിയയുടെ ചലനോപാധി രാഷ്ട്രീയാധികാരമാണെന്നാണ് റോസ എഴുതിയത്. രാഷ്ട്രീയാധികാരം പ്രയോഗിച്ച് സമ്പത്ത് ആർജ്ജിക്കുന്നതിൽ ഇൻഡ്യയിലെ പാർട്ടി മുന്നിലെത്തി.

ലോകത്തെ ആദ്യത്തെ കമ്മ്യൂണിസ്റ്റെന്ന് ഏംഗൽസ് ചൂണ്ടികാട്ടിയത് ഫ്രാൻസ്വാ നോയൽ ബെബൂഫിനെയായിരുന്നു. ബെബൂഫ് കമ്മ്യൂണിസ്റ്റായത് സ്വകാര്യ സ്വത്ത് ഇല്ലാതാക്കിയ വിപ്ലവകാരി എന്ന നിലയിലാണ്.എന്നാൽ നമ്മുടെ സഖാക്കൾ സ്വകാര്യ സ്വത്ത് സമാഹരിച്ച് മുന്നേറിയാണ് ആധുനിക കമ്മ്യൂണിസ്റ്റുകളാവുന്നത്. തൊഴിലാളികളുടെ അധ്വാനമിച്ചമാണ് ലാഭം. അത് തിന്ന് കൊഴുത്താണ് മുതലാളിത്തം വളരുന്നതെന്നാണ് മാർക്സ് പറഞ്ഞത്.

ക്യാപ്പിറ്റലിസത്തിന്റെ പിതാവാണ് ആഡംസ്മിത്ത്. മത്സരാധിഷ്ഠിത കമ്പോളത്തിനും സ്വതന്ത്ര വ്യാപാരത്തിനും വാദിച്ചയാളാണ് സ്മിത്ത്. അദ്ദേഹം ആഗ്രഹിച്ചതായ സാമ്പത്തിക സമത്വം അചിരേണ മുതലാളിത്ത വ്യവസ്ഥ കൈവിട്ടു. വ്യക്തി സ്വാതന്ത്ര്യമാണ് ക്യാപ്പിറ്റലിസത്തിന്റെ മുഖമുദ്ര. കാൾമാർക്സ് ചൂണ്ടിക്കാട്ടിയതുപോലെ ക്യാപ്പിറ്റലിസം ഏറ്റവും വലിയ തെറ്റായ ഒരു മാർഗ്ഗമാണ്. അമേരിക്കൻ ക്യാപ്പിറ്റലിസം ഇപ്പോൾ പരാജയപ്പെടാനുള്ള കാരണം, സോഷ്യലിസ്റ്റ് ആശയത്തെ എതിർത്ത്, വ്യക്തിയുടെ സമ്പത്ത് വർദ്ധിപ്പിക്കുവാനുള്ള മാർഗ്ഗമായി ക്യാപ്പിറ്റലിസം അധഃപതിച്ചതാണ്. 1930കളിൽ ഉണ്ടായ പരാജയമാണ് ഇപ്പോൾ വീണ്ടും അമേരിക്കയിൽ ആവർത്തിച്ചിരിക്കുന്നത്.

ദൈവരാജ്യത്തിന്റെ സമ്പദ്ഘടനയും ക്രൈസ്തവ സാമ്പത്തിക ശാസ്ത്രവും വ്യക്തമായും നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിലെ പെന്തെക്കോസ്തിന്റെ വർത്തമാന മുഖം ജീർണ്ണിച്ചിരിക്കുകയാണ്. എങ്ങനെയെങ്കിലും സമ്പത്ത് വാരികൂട്ടുക എന്ന ഏക ലക്ഷ്യം മാത്രമേയുള്ളൂ. "ധനികരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കണിയിലും കുടുങ്ങും" (1 തിമൊ: 6:7-10) "വീടോട് വീട് ചേർക്കുകയും വയലോട് വയൽ കൂട്ടുകയും ചെയ്യുന്നവർക്ക് അയ്യോ കഷ്ടം (യെശ 5:8). ഭൗതിക ലോകവീക്ഷണം ഇന്ന് ആത്മീകരെയും പിടിമുറുക്കിയിരിക്കുന്നു. വിശുദ്ധദിവസങ്ങളിൽ വ്യാപാരം ചെയ്യുകയും കള്ളത്തുലാസു കൊണ്ട് വഞ്ചന പ്രവർത്തിക്കുകയും ചെയ്യുന്നവരെ ആമോസ് ശാസിക്കുന്നു. ആനക്കൊമ്പു കൊണ്ടുള്ള കട്ടിലുകളിൽ ചാരിയിരിക്കുകയും അളവി നപ്പുറം വീഞ്ഞ് കുടിക്കുകയും ചെയ്യുന്ന വ്യവസ്ഥിതിയെ വിമർശിക്കുന്നു. (ആമോ:6:4-6., 8:4-6) ഒരിക്കലും തൃപ്തി വരാത്ത ആഡംബര മോഹികളായ പെണ്ണുങ്ങളുടെ അത്യാസക്തിയെ തുറന്നു കാണിക്കുന്നു (ആമോ.4:17). നീതികേടുകൊണ്ട് അരമനയും അന്യായം കൊണ്ട് മാളികയും പണിയുന്നവർ (യിരെ. 22:13), അവിഹിതമായി പണം സമ്പാദിക്കുന്നവർ(യിരെ.17:11), എല്ലാം പ്രവാചകന്മാരുടെ എതിർപ്പ് ക്ഷണിച്ചു വരുത്തി.

ദൈവരാജ്യത്തിന്റെ സമ്പദ്ഘടന മറ്റൊന്നാണ്. ദൈവരാജ്യം ഭൗതികത്തിൽ അധിഷ്ഠിതമല്ല(റോമ.14:17). സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ച് ഒഴിഞ്ഞുകൊൾവിൻ (ലൂക്കോ.12:15). ആധുനിക സംസ്ക്കാരത്തിന്റെ പ്രകട ഭാവമാണ് മെറ്റീരിയലിസം. ഭൗതികവാദ സംസ്ക്കാരം (Meterialistic culture) ഇന്നൊരു വെല്ലുവിളിയാണ്. സമ്പത്തിനോടുള്ള അമിത സ്നേഹം ആത്മീക മന്ദതക്ക് കളമൊരുക്കും. സമ്പത്ത് ഒരു വഞ്ചനതന്നെയാണ്(മത്താ.13:22). സമ്പത്തിന്റെ ആധിക്യം ഒരുവനെ അഹങ്കാരിയായും ഗർവ്വിയും ആക്കാൻ സാധ്യതയുണ്ട് (യെഹ.16:43). സമ്പത്ത് അതിൽതന്നെ പാപമല്ല (ആവ.8: 18). എന്നാൽ പണം 'ദൈവ'മാകാൻ അനുവദിക്കരുത്.

ഇക്കണോമിയുടെ ഉടമസ്ഥൻ ദൈവമാണ്. നാം സമ്പത്തിന്റെ കാര്യവിചാരകന്മാർ മാത്രമാണ്. സംതൃപ്തിയാണ് ഏറ്റവും വലിയ അനുഗ്രഹം (ഫിലി.4:11-13). സുവിശേഷത്തെ ആദായസൂത്രം ആക്കുന്നവരും പണസമ്പാദനത്തിനായി ഉപായം പ്രയോഗിക്കുന്നവരുണ്ട്. സമ്പൂർണ്ണമായ സ്വയംപര്യാപ്തതയാണ് സംതൃപ്തികൊണ്ട് ഉദ്ദേശിക്കുന്നത്. തന്നെ ശക്തനാക്കുന്ന ദൈവത്തിന്റെ പര്യാപ്തതയാണ് ഊന്നിപ്പറയുന്നത്. ദുരാഗ്രഹമാണ് കയീനെയും ബിലെയാമിനെയും യൂദാസിനെയും പാപം ചെയ്യിച്ചത്. ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതിയെന്ന് വയ്ക്കുക.

ആദിമ സഭയുടെ സാമ്പത്തിക ശാസ്ത്രം പങ്കിടലിന്റെ മർമ്മമാണ്. "അവർ സകലവും പൊതുവക എന്നെണ്ണി (അപ്പോ.2:45). "തനിക്കുള്ളത് സ്വന്തമെന്നാരും പറഞ്ഞില്ല" (4:32). "മുട്ടുള്ളവൻ ആരും അവരിൽ ഉണ്ടായിരുന്നില്ല" കാരണം "അവനവന് ആവശ്യംപോലെ വിഭാഗിച്ചു കൊടുക്കും." (4:34,35). ശേഖരിച്ചു വയ്ക്കുന്ന മാർഗ്ഗത്തെ യാക്കോബ് വിമർശിക്കുന്നുണ്ട്."അന്ത്യകാലത്ത് നിങ്ങൾ നിക്ഷേപങ്ങളെ ശേഖരിച്ചിരിക്കുന്നു" (യാക്കോ.5:3,4). "എളിയരോട് കവർന്നെടുത്തത് നിങ്ങളുടെ വീടുകളിലുണ്ട്" (യെശ.4:14). പങ്കിടാതെ ശേഖരിച്ചുവയ്ക്കുന്നത് സ്നേഹരാഹിത്യത്തിന്റെ ലക്ഷണമാണ് (1യോഹ.3:17, 1കൊരി.11:22,34). സമ്പത്ത് ദാനശീലരാകേണം (1 തിമോ.6:18). മൂലധനത്തിന്റെ കുമിഞ്ഞു കൂടലല്ല; വിതരണമാണ് അപ്പോസ്തലിക മാതൃക.

പൗലോസിന്റെ ദൈവശാസ്ത്രം തുല്യ നീതിയും സ്ഥിതി സമത്വവും വിളയാടുന്ന വ്യവസ്ഥിതിയാണ് (2 കൊരി.8:13,14). ആർത്തി വിഗ്രഹാരാധനയ്ക്ക് തുല്യമാണ് (എഫ.5:3, കൊലോ.3:5). കർത്തൃപ്രാർത്ഥനയിൽ 'അന്നന്നുള്ള അപ്പം' മാത്രമാണ് ആവശ്യപ്പെടുന്നത്. ഒരു ലാറ്റിനമേരിക്കൻ തിയോളജിയന്റ് വ്യാഖ്യാനത്തിൽ 'ദൈവമേ ആകെയുള്ള അപ്പം ലോകത്തിലുള്ള ഏവർക്കും വിഭജിക്കുമ്പോൾ, ഒരുവന് എന്തു കിട്ടുന്നോ അതുമാത്രമേ ഞാനും ആവശ്യപ്പെടാവൂ എന്നാണ്'. ഇന്നത്തെ ഭൗതികാവശ്യങ്ങൾ നിറഞ്ഞ പ്രാർത്ഥന കർതൃപ്രാർത്ഥനക്ക് എതിരാണ്.

ഇന്നത്തെ നേതാക്കന്മാരും പാസ്റ്റർമാരും മാർ ഒസ്താത്തിയോസിന്റെ "Theology of a classless society"; "Sin of being rich in a poor world"(ദരിദ്ര ലോകത്തിൽ സമ്പന്നനായിരിക്കുന്നത് പാപം) എന്നീ രണ്ട് പുസ്തകങ്ങൾ വായിക്കണം. ഒരു കോടിയുടെ വീടും 3 ലക്ഷത്തിന്റെ ഫ്രിഡ്ജും 20 ലക്ഷത്തിന്റെ കാറും 1 ലക്ഷത്തിന്റെ സ്മാർട്ട് ഫോണും കൈകാര്യം ചെയ്യുന്നവർ ഒരു ഗ്രാം സ്വർണ്ണത്തിന്റെ പേരിൽ തർക്കിക്കുന്നത് കപട സദാചാരവാദമാണ്. "കൊതുകിനെ അരിയ്ക്കുകയും ഒട്ടകത്തെ വിഴുങ്ങുകയും ചെയ്യുന്ന" ഇക്കൂട്ടർ വെള്ളയടിച്ച കുഴിമാടങ്ങളാണ്.

പണം കൊണ്ടുള്ള ഭരണവും (Plutocracy) ചങ്ങാത്ത മുതലാളിത്തവും (Crony capitalism) കമ്പോള ആത്മീകതയും വർത്തമാനകാല പെന്തെക്കോസ്തിന്റെ ശാപങ്ങളാണ്. തുല്യ നീതിയും സമ്പത്തിന്റെ ജനാധിപത്യവൽക്കരണവും പങ്കിടീലും നിർവ്വഹിക്കുന്ന അപ്പോസ്തലിക മാതൃകയിലേക്ക് സഭ തിരിച്ചുവരണം.

കാലികം



സജി നെടുങ്കണ്ടം

# ഫലം ഇല്ലാത്ത വരം വിഫലം

പെന്തെക്കോസ്തുകാരുടെ ഇടയിൽ ഒരു ഉണർവ്വ് ഉണ്ടാകാൻ ഉണർവോടെ കാത്തിരിക്കുന്ന അനേകരുണ്ട്. കാരണം ചരിത്ര പ്രസിദ്ധമായ ഉണർവ്വുകൾ ദൈവസഭകളുടെ വളർച്ചയ്ക്ക് ഏറെ പ്രയോജനപ്പെട്ടിരുന്നു. ഉണർവ്വ് എന്നാൽ ഉച്ചത്തിലെ കൈയടിയും രണ്ട് അന്യഭാഷയുമാണ് എന്ന് തെറ്റ് ധരിക്കപ്പെട്ടവർ വേർപ്പെട്ടവരുടെ കൂട്ടത്തിൽ വളരെയാണ്. യഥാർത്ഥ ഉണർവ്വ് കണ്ണുനീരിൽ നിന്ന് ആരംഭിച്ച് ഹൃദയം കുഞ്ഞാടിന്റെ രക്തത്താൽ നിരന്തരം കഴുകുന്നതിലേക്ക് ഉയരുന്നു. മുടിയനായ പുത്രന്റെ അപ്പന്റെ ഭവനത്തെക്കുറിച്ചുള്ള ഓർമ്മയും അനന്തരസംഭവങ്ങളും യഥാർത്ഥ ഉണർവ്വിന് ഉദാഹരണമായി എടുക്കാം. പാപത്തിന്റെ ചെളിക്കുഴിയെക്കുറിച്ചുള്ള പുച്ഛവും ദൂരെ പിതാവിന്റെ ഭവനത്തെക്കുറിച്ചുള്ള പരിശുദ്ധമായ ഓർമ്മകളും ഒരുവനിൽ ഉണർവ്വ് ഉളവാക്കുന്നു. അവൻ ഒരു പക്ഷേ കൈയടിച്ചേക്കാം, ഉച്ചത്തിൽ സ്തുതിച്ചേക്കാം, ആത്മീയ വർദ്ധനവിനായി അന്യഭാഷ പറഞ്ഞേക്കാം. കുളി കഴിഞ്ഞിട്ടുള്ള കൂത്താട്ടവും തുള്ളിക്കളിക്കാൻ സ്വന്തമാക്കുന്ന ചെളിക്കുഴിയും കപട ആത്മീയരുടെ മൂടുപടം ഇട്ട മുഖമാണ്. ഇത് എത്ര കുളിച്ചാലും ഒടുക്കം ചെളിക്കുഴിയിൽ ചാടി മനം നിറയെ മദിക്കുന്ന പന്നിയുടെ സ്വഭാവമാണ്. ആത്മീക ലോകത്തിലെ അഭിനയ കപടധാരികളുടെ ഇടയിൽ ആത്മീയ അനുഭവത്തിനുടമകളായി തീരാൻ വേർപ്പെട്ടവർ പരിശ്രമിക്കുക. ഇവർ നമ്മുടെ മുമ്പിൽ കർത്താവേ കർത്താവേ എന്ന് വിളിക്കുന്നവർ ആയിരിക്കാം. അന്യഭാഷയും അത്യുച്ചത്തിൽ ശബ്ദം ഉണ്ടാക്കി ആരാധിക്കുന്നവരും ആയിരിക്കാം. ഒറിജിനൽ ആടിന്റെ തോൽ ഇവർ ഉടയാടയായി സ്വീകരിച്ചിരിക്കുന്നു. പുറമേ കാണിക്കുന്ന വേഷവിധാനങ്ങൾ കണ്ടു നാം വഞ്ചിക്കപ്പെടരുത്. പലരും അകമേ കടിച്ചു കീറുന്ന ചെന്നായ്ക്കളാണ്, രക്തദാഹിയാണ്. കുഞ്ഞാടിന്റെ കരൾ കടിച്ചുപറിക്കാൻ കൂട്ടായ്മകളിൽ പതിയിരിക്കുന്ന ആത്മീയ അഭിനയക്കാരെ നാം തിരിച്ചറിയുക. (മത്തായി: 7: 15 – 21)

ഉപരിവിപ്ലവമായി ഉണർവ്വ് ഉണ്ടാക്കി വാക്വൈഭവം കൊണ്ട് ആത്മീയലോകം അടക്കി ഭരിക്കുന്നവരുടെ എണ്ണം ഈ കാലഘട്ടത്തിൽ പെരുകിയിരിക്കുന്നു. എല്ലാ കൃപാവരങ്ങളും ഒരുപോലെ ചുമക്കുന്നവർ എന്ന് അവകാശപ്പെടുന്ന ഈ കൂട്ടർ ഉണർവ്വ് യോഗം നടത്തി പോയ്ക്കഴിയുമ്പോഴാണ് ആ സഭയിൽ അരങ്ങേറിയ പല സംഭവങ്ങളും പുറത്ത് അറിയുന്നത്.ഉണർവ്വ് ആണ് ലക്ഷ്യം പക്ഷേ ഉടായിപ്പാണ് കൈമുതൽ (ഉടായിപ്പ് എന്നത് വെറും നാട്ടി ഭാഷയാണ്). എവിടെയോ പോയി കൈവെപ്പ് പ്രാപിച്ച ഈ കൂട്ടർ കൃപാവരം ജ്വലിച്ചു എന്നു പറഞ്ഞ് ഭൂലോകം മുഴുവൻ ചുറ്റി അലയുന്നു. യഥാർത്ഥ ആടിനെയും ആട്ടിൻതോൽ ധരിച്ചതിനെയും ഒരുമിച്ചു കണ്ടാൽ പോലും തിരിച്ചറിയാൻ കഴിയുന്നില്ല. ഇത്രകണ്ട് ആത്മീയ വേഷം കെട്ടൽ നടത്തുന്ന ഇവറ്റകളെ തിരിച്ചറിയാൻ യഥാർത്ഥ ആത്മീയർ തിരുകൃപ പ്രാപിക്കുക. ആത്മീയ വരങ്ങൾ മുഴുവനും പ്രാപിച്ചു എന്ന് അവകാശപ്പെട്ട് ആത്മീയരുടെ ഇടയിൽ കൂട്ടായ്മ സംഘടിപ്പിച്ച് തിരിച്ചറിയാൻ തരം നൽകാതെ തട്ടിപ്പുനടത്തി തടിതപ്പുന്ന ഇത്തരക്കാർ കേരളത്തിൽ പെരുകുന്നു. കൃപാവരപ്രാപ്തർ സഭയിൽ വന്നാൽ തന്നെ അറിയുന്ന നാല് ആളോട് കാര്യം തിരക്കിയതിനു ശേഷം മാത്രമേ ശുശ്രൂഷയ്ക്ക് അവസരം നൽകുക. സഭയിലെ ഉപവാസ പ്രാർത്ഥനയ്ക്കു ശേഷം രഹസ്യപ്രാർത്ഥനയ്ക്കായി പ്രവാചകനെ ഭവനത്തിലേക്ക് ക്ഷണിക്കുന്നവർ പ്രാർത്ഥന കഴിയുമ്പോൾ പാഴ്സനേജിൽ തിരിച്ചു കൊണ്ടു വിടാൻ മറക്കരുത്. എല്ലാ പ്രവാചകന്മാരെക്കുറിച്ചും അല്ല ഈ പ്രസ്താവന... തട്ടുകേട് പറ്റിയ പലരും പുറത്തു പറയാതെ തനിയെ സഹിക്കുകയാണ്. ആത്മീയ വേഷധാരികൾ കേരളം വാഴുന്നു. ഒരിക്കൽ അത്ഭുതം നടത്തിയവരായിരിക്കാം. കള്ളസാക്ഷ്യം പറയുന്നതിൽ വിരുതന്മാരാണ് ഈ കുട്ടർ.

കർത്താവ് ശപിച്ച അത്തി പുഷ്ടിയുള്ളതും ഇലചാർത്ത് ഏറിയതുമാണ്. പുറമേ നോക്കിയാൽ ഫലം ഇല്ലാ എന്ന് ഒരിക്കലും പറയാൻ കഴിയില്ല. വസ്ത്രധാരണം, ആരാധനരീതി, ശുശ്രൂഷയിലെ വൈഭവം, പ്രാർത്ഥനയ്ക്കിടയിലെ കരച്ചിൽ, ഉച്ചത്തിൽ കൈയടിച്ച് അന്യഭാഷ വിശുദ്ധന്മാർക്കു മാത്രം യോജിച്ച വസ്ത്രധാരണം; ഇങ്ങനെ എടുത്തു പറയാൻ ഒത്തിരി ഇലചാർത്തുകൾ ഉണ്ട്. കൃപാവരങ്ങളെല്ലാം ഒരുപോലെ ജ്വലിപ്പിക്കുന്നവർ. എന്നാൽ കൂടെ ആരാധിക്കുന്നവർക്കോ അയൽക്കാർക്കോ വ്യാജനെ തിരിച്ചറിയാൻ കഴിയുന്നില്ല. ഉടമസ്ഥനായ യേശു അടുത്തുവന്നപ്പോൾ ഇലകൾ നിറഞ്ഞിരിക്കുന്നു. ഫലം മാത്രം കാണുന്നില്ല. കർത്താവിനു വേണ്ടത് വേഷം കെട്ടലോ വസ്ത്രധാരണമോ അല്ല പ്രത്യുത ഫലമാണ് ആവശ്യം. കൃപാവരം ഒന്നേ ഉള്ളെങ്കിലും ഒന്നും ഇലെങ്കിലും ആത്മാവിന്റെ ഫലം ഒമ്പതും ഒരുവനിൽ തികഞ്ഞാൽ അവനായിരിക്കും യേശുവിന്റെ യഥാർത്ഥ്യ ശിഷ്യൻ. “ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം” (ഗലാ: 5:22,23). നീങ്ങിപോകാവുന്ന നവ കൃപാവരങ്ങൾ നമ്മിൽ ജ്വലിച്ചാലും അത് പൊതു സഭയ്ക്ക് പ്രയോജനമത്രെ. എന്നാൽ ആത്മാവിന്റെ നവഫലങ്ങൾക്കൂടി നമ്മിൽ നിറയാൻ നാം അനുവദിച്ചാൽ അന്യഭാഷയുള്ളുവെങ്കിലും നമുക്ക് നിത്യതയിൽ നിവർന്നു നിൽക്കാം. ആകയാൽ എത്ര ഇലചാർത്ത് ഉണ്ടെങ്കിലും വൃക്ഷത്തെ ഫലത്താലാണ് തിരിച്ചറിയുന്നത്. ഫലം ഇല്ലാത്ത വരങ്ങൾ വിഫലമാണ് എന്ന് ഓർക്കുക......(മത്തായി: 7: 15 – 23) ഫലപ്രദമായൊരു ക്രിസ്തീയജീവിതം അതായിരിക്കട്ടെ നമുടെ ലക്ഷ്യം.

## കണ്ടതും കേട്ടതും

ജയ്മോഹൻ അതിരുങ്കൽ, 9567759748



MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 07, ISSUE 18

BELIEVERS JOURNAL

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105
Publishing Date
25/09/2014

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/7LA/225/2012-14

## മാധ്യമവിചാരം

# സ്തോത്രം എന്ന പേരിൽ പുതിയ പത്രം



അനിൽ കൊടിത്തോട്ടം
9495733727

ഐ. പി. സി.യ്ക്ക് ഫണ്ട് സമാഹരിക്കാൻ ചില വഴികൾ നിർദ്ദേശിച്ചുകൊണ്ട് ഹല്ലേല്ലുയ്യായിൽ ഒരു ഗവേഷണ പ്രബന്ധം തയ്യാറാക്കിയിട്ടുണ്ട്. 8000 സഭകൾ ഇന്ത്യയിൽ ഐ. പി.സി.യ്ക്ക് ഉണ്ടെന്നും ഒരു മാസപ്പടി പിരിച്ചാൽ ലക്ഷങ്ങൾ തരപ്പെട്ടുകിട്ടുമെന്നും ഒരു ധനതത്വശാസ്ത്രജ്ഞന്റെ പാടവത്തോടെ ലേഖകൻ തെളിയിക്കുകയാണ്. എന്ത് ചെയ്യാൻ, സഭ ഐ. പി. സി. ആയിപ്പോയി. തത്വചിന്ത, ധനതത്വശാസ്ത്രം, ടെലിപ്പതി, മെറ്റാഫിസിക്സ് ഇവയിലൊക്കെ വൈഭവമുള്ള ചില മാധ്യമപ്രവർത്തകരുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളാൻ മാത്രം ഐ. പി. സി. എന്നാണാവോ വളരുക? കൗൺസിലിൽ അപ്രീതി തോന്നുന്നവരെ മൂലയ്ക്കിരുത്താൻ കേരളമാകെ ഓടി നടന്ന് മണ്ഡലാടിസ്ഥാന തെരഞ്ഞെടുപ്പ് എന്ന ഭരണഘടന പരിഷ്കാരം നടത്താൻ ശ്രമിക്കുന്നതിനിടയ്ക്കാണ് ധനസമാഹരണചിന്തകൾക്ക് ചിറക് മുളയ്ക്കുന്നത്.

ഐ. പി. സി.യ്ക്ക് എന്നല്ല പെന്തെക്കോസ്ത് സഭകൾക്ക് മുഴുവൻ സ്വീകരിക്കാവുന്ന ഒരു ബദൽ സാമ്പത്തികസമാഹരണ നയം മാധ്യമവിചാരകൻ നിർദ്ദേശിക്കുകയാണ്. ആദ്യമായി ഈ ലക്ഷ്യമിട്ട് പ്രസ്ഥാനം ഒരു പത്രം തുടങ്ങണം. ഹല്ലേല്ലുയ്യാ എന്ന പേരുള്ള ഒരു പത്രം നിലവിലുള്ള സ്ഥിതിക്ക് 'സ്തോത്രം' എന്ന് പേര് നൽകിയാൽ ഉചിതം (ഇത് ഐ. പി. സിയ്ക്ക് സ്വീകരിക്കാം. മറ്റു സഭകൾക്ക് ഗ്ലോറി, പ്രെയ്സ് ദി ലോർഡ്, റൈറ്റ് നൗ തുടങ്ങി അനിയന്ത്രിത ഉണർവ്വ് തോന്നുമ്പോൾ നമ്മൾ പുലമ്പുന്ന ഏതു പദവും സ്വീകരിക്കാം. സ്വതന്ത്ര സഭകളാണെങ്കിൽ പ്രത്യേകിച്ച് പേര് വേണമെന്നില്ല. പകരം ഉണർവ്വ് വ്യാപരിക്കുന്ന വേളയിൽ എരിവ് അനുഭവപ്പെടുംപോലെ ചിലർ 'ശ്....' എന്ന് ശബ്ദമുണ്ടാക്കാറുണ്ടല്ലോ പത്രത്തിന്റെ പേരായി അത് സ്വീകരിക്കാം. പേരിൽ അത്രകാര്യമില്ല. പത്രപ്രവർത്തനശൈലിയിലാണ് കാര്യം.

കൺവൻഷൻ സീസണാകുമ്പോൾ പക്കാ ഉപദേശം പുറത്തെടുക്കണം. യോഗസ്ഥലങ്ങളിൽ കൗണ്ടറുകൾ ഇടണം. വചനം കേൾക്കണം എന്നു തോന്നിയാൽ മാരാമണ്ണിലോ പാമലയിലോ പോകണം. ബി. ജെ. പി., സി. പി. എം., കോൺഗ്രസ് ഇങ്ങനെ അധികാരമാളുന്ന പാർട്ടിക്കൊപ്പം നിന്ന് അടവ് നയം കാട്ടണം. പത്തനംതിട്ടയിൽ ആന്റോ മത്സരിച്ചാൽ ഒരു പ്രത്യേക പതിപ്പ് അദ്ദേഹം ആവശ്യപ്പെടുന്ന മുറയ്ക്ക് പ്രസിദ്ധീകരിച്ചുകൊടുക്കണം. ആന്റോയുടെ ഭാര്യ അന്യഭാഷ പറയാറുണ്ടെന്നും ആന്റോ ഭൂതത്തെ പുറത്താക്കുമെന്നും പറയാവുന്ന വങ്കത്തരമൊക്കെ ഉളുപ്പില്ലാതെ തട്ടാൻ തൊലിക്കട്ടിയുണ്ടാകണം. മറുവശത്ത് പീലിപ്പോസിനെ കൈയ്യയച്ച് സഹായിക്കണം. തരക്കേടില്ലാത്ത വിധം വാർത്ത അനുകൂലമായിക്കൊടുത്ത് പ്രീതി നിലനിർത്തണം. പരമാവധി ഇന്ത്യൻ റുപ്പീ പോക്കറ്റിൽ വീഴിക്കണം. റാന്നിയിലെ കാര്യം എടുത്താൽ രാജുവിനെവേണം സഹായിക്കാൻ. തിരുവല്ലയിൽ വന്ന് സൂക്ഷിച്ചുമാത്രമേ നിലപാടെടുക്കാവൂ. നിലമ്പൂരിൽ ആര്യാടനാവട്ടെ പിന്തുണ. ഇത് രാഷ്ട്രീയ മേഖലയിലെ സാമ്പത്തിക സമാഹരണ വഴികൾ, ഇനി സഭയ്ക്കുള്ളിൽ നിന്ന് എങ്ങനെ ഫണ്ട് റെയ്സിംഗ് നടത്താം എന്ന് ശ്രദ്ധിക്കാം. തീർച്ചയായും രണ്ടു പാനലുകാർ ചേരി തിരിഞ്ഞ് മത്സരിക്കാൻ ഉണ്ടാകും. അഥവാ പാനൽ ഉണ്ടാകുന്നില്ലെങ്കിൽ അതിനു വേണ്ട പൊടിക്കൈകൾ പയറ്റി പാനലുകൾ സജീവമാക്കി നിലനിർത്തണം. അമിതമായി പത്രക്കാരൻ രാഷ്ട്രീയം കളിക്കരുത്. അണ്ടർഗ്രൗണ്ടിൽ നടത്താവുന്ന തിരിമറികളിൽ ശ്രദ്ധയൂന്നണം. മത്സരം കൊഴുക്കുമ്പോൾ എതിരാളികളുടെ പാളയത്തിലെ പ്രമുഖനെ പ്രകീർത്തിച്ച് ഒരു സപ്ലിമെന്റ് ഇറക്കണം. അതിന്റെ പ്രതിഫലത്തിൽ ഒരു കുറവും വരുത്തരുത്. അയാൾക്ക് റേറ്റിംഗ് വർദ്ധിക്കുന്നു എന്നു വരുത്തിതീർത്തിട്ട് അടുത്ത പാനലിന്റെ നായകനെ സമീപിക്കണം. ഇതേപോലെ ഒരു സപ്ലിമെന്റ് അല്പം കൂടി ഗംഭീരമാക്കി അച്ചായൻ കൊടുക്കുന്നില്ലെങ്കിൽ തോൽവി ഉറപ്പെന്ന് മുന്നറിയിപ്പ് നൽകണം. അച്ചായൻ വഴിക്ക് വരും. ഇങ്ങനെ പൊതുവായി പറഞ്ഞിട്ട് വായനക്കാർക്ക് മനസ്സിലാകുന്നില്ലെങ്കിൽ ഒരു ഉദാഹരണം വഴി സംഗതി വ്യക്തമാക്കാം. ഇപ്പോഴത്തെ പാനൽ സമവാക്യം മാറിമറിഞ്ഞിട്ടുണ്ടെങ്കിലും കഴിഞ്ഞ ഐ. പി. സി. തെരഞ്ഞെടുപ്പിലെ പാനലുകളെ നയിച്ച ഫിലിപ്പ് പി. തോമസ്, എം. പി. ജോർജ്ജ്കുട്ടി വിഭാഗങ്ങളെ തന്നെ ഉദാഹരണമാക്കാം. ആദ്യം ഫിലിപ്പ് പി.യെ പ്രകീർത്തിക്കണം. കരുവാറ്റയിൽ നിന്നൊരു താരം എന്നൊരു തലക്കെട്ട് കൊടുക്കാം. പശ്ചാത്തലത്തിൽ ഫിലിപ്പ് പി.യുടെ ചിത്രം ഉപദേശം സ്ഥാപിക്കാൻ ഫിലിപ്പ് പി. ബദ്ധപ്പെടുന്ന മാനസികാവസ്ഥകൊണ്ട് അസ്വസ്ഥമായ മുഖം വേണം കൊടുക്കേണ്ടത്. തൊട്ടടുത്ത ലക്കം ഫിലിപ്പ് പി. മൈലേജ് വർദ്ധിപ്പിക്കുന്നു അതുകൊണ്ട് എം. പി.യും ഇതു ചെയ്യണമെന്ന് നിഷ്കർഷിക്കണം. എം. പി. പരിധിക്ക് വരും. അദ്ദേഹത്തിന്റെ ചിത്രം കൊടുക്കുമ്പോൾ ആതുരാലയത്തിന്റെ മുമ്പിൽ രോഗികളെ രക്ഷിക്കാൻ ശോകമൂകനായി നിൽക്കുന്ന ചിത്രം പ്രൊഫഷണൽ ടച്ചോടെ നിർമ്മിച്ച് ചേർക്കണം. ഈ കൊമ്പന്മാരുടെ പിന്നാലെ പെരുവഴി തേടിക്കൊണ്ട് മോഴകൾ വരുമെന്നുള്ളത് പ്രകൃതി നിയമമാണല്ലോ. ചുരുക്കത്തിൽ ഇലക്ഷൻകാലം പത്രങ്ങളുടെ വസന്തകാലമാണ്. ചർച്ച് ഓഫ് ഗോഡാണ് പത്രക്കാരന്റെ തട്ട

09

# ഭൂരിപക്ഷത്തിന്റെ സർക്കാർ ന്യൂനപക്ഷത്തിന്റെ അവകാശം സംരക്ഷിക്കുന്നില്ല: ഫാലി നരിമാൻ




പ്രകാശ് പി. കോശി

ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾക്ക് എതിരെ നടക്കുന്ന കുപ്രചാരണങ്ങളും ആക്രമണങ്ങളും തടയുന്നതിൽ ഭൂരിപക്ഷത്തിന്റെ കേന്ദ്ര സർക്കാർ പരാജയപ്പെട്ടു എന്ന് പ്രമുഖ അഭിഭാഷകനും നിയമവിദഗ്ദ്ധനുമായ ഫാലി എസ്. നരിമാൻ പറഞ്ഞു. ദേശീയ ന്യൂനപക്ഷ കമ്മീഷൻ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച വാർഷിക യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഹിന്ദുമതത്തിന് പരമ്പരാഗതമായി ഉണ്ടായിരുന്ന സഹന ശീലം നഷ്ടപ്പെടുകയാണെന്നും, ഇതിന് കാരണം മതവിശ്വാസം രാഷ്ട്രീയ ശക്തി തരുന്നു എന്ന ചിലരുടെ തെറ്റായ ചിന്ത ആണ്. ഭരിക്കുന്നവർ ഈ ചിന്ത നിരാകരിക്കുന്നുമില്ല.

ദേശീയ ന്യൂനപക്ഷകമ്മീഷൻ ന്യൂനപക്ഷങ്ങളെ സംരക്ഷിക്കുക എന്ന ദൗത്യം ഏറ്റെടുക്കുന്നില്ല എന്നും അദ്ദേഹം കുറ്റപ്പെടുത്തി. സംഘടനകളും വ്യക്തികളും ന്യൂനപക്ഷങ്ങൾക്ക് എതിരെ നടത്തുന്ന കുപ്രചാരണങ്ങളും ആക്രമണങ്ങളും ഗവൺമെന്റ് കണ്ടില്ലെന്ന് നടിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

ഒറ്റപാർട്ടി ഭൂരിപക്ഷത്തിൽ വന്നതിനെ നരിമാൻ സ്വാഗതം ചെയ്തു. എന്നാൽ മൃഗീയ ഭൂരിപക്ഷം നേടി വന്ന ഗവൺമെന്റുകളുടെ ചരിത്രം ഭയത്തിനുതകുന്നതാണെന്നു നരിമാൻ പറഞ്ഞു.

ദിനപത്രങ്ങളിലൂടെയും ടിവി ചാനലുകളിലൂടെയും ന്യൂനപക്ഷങ്ങൾ ആക്രമിക്കപ്പെടുന്നതും താറടിക്കപ്പെടുന്നതും നാം നിരന്തരം കേൾക്കുന്നു. ഇതിന്റെ അർത്ഥം ഹിന്ദുമതത്തിന് അതിന്റെ സഹനശീലം നഷ്ടപ്പെടുന്നു എന്നതാണ്. ന്യൂനപക്ഷ വകുപ്പ് മന്ത്രി നജ്മ ഹെപ്തുള്ളയുടെ സാന്നിധ്യത്തിലാണ് നരിമാൻ ഗവൺമെന്റിനെ വിമർശിച്ചത്.

അലിഗഡിൽ കഴിഞ്ഞമാസത്തിൽ വർഗ്ഗീയ വാദികൾ സെവന്ത് ഡേയുടെ ആരാധനാലയം ക്ഷേത്രമാക്കുകയും 72 വിശ്വാസികളെ ഹിന്ദുമതത്തിലേക്ക് പുനഃപരിവർത്തനം ചെയ്യുകയും ചെയ്തിരുന്നു.

ഗ്രേറ്റർ നോയിഡയിൽ ഉപവാസ പ്രാർത്ഥന നടത്തുകയായിരുന്ന പത്ത് പാസ്റ്റർമാരെ വർഗ്ഗീയ വാദികൾ നിർബന്ധമായി പോലീസ് സ്റ്റേഷനിൽ കൊണ്ടുവരികയും അവർക്കെതിരെ മതപരിവർത്തന കുറ്റം ആരോപിക്കുകയും അറസ്റ്റ് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

വടക്കേ ഇന്ത്യയുടെ പലഭാഗത്തിലും ഇതുപോലെ ഉള്ള ആക്രമണങ്ങൾ സാധാരണമാണ്.

ഇതൊക്കെ ഭരിക്കുന്ന പാർട്ടിയുടെ തലപ്പത്ത് ഇരിക്കുന്നവർ ചെയ്യിക്കുന്നതാണെന്ന് ആരും അവകാശപ്പെടുന്നില്ല. എന്നാൽ തങ്ങളുടെ അണികളെ ന്യൂനപക്ഷ പീഡനത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ ഭരണകർത്താക്കൾ തയ്യാറാവണം.




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.